ഏപ്രിൽ 2023

വാല്യം 06
ലക്കം 04

# ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രം

Archbishops House, Holloway Road, Thalassery, Kerala, India - 670101
Ph: 0091-490 2341058; Email: curiaadtly@gmail.com; Web: www.archdioceseoftellicherry.org

# ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രം


1. Prot. No. 110/2023, Pastoral Letter No. 04/2023 ........ 05
2. കച്ചേരിക്കാര്യം ........ 10
3. വൈദിക സമിതി റിപ്പോർട്ട് ........ 21
4. പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട് ........ 23
5. വിശ്വാസപരിശീലനം ........ 25
6. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് . ........ 32
7. ചെറുപുഷ്പ മിഷൻലീഗ് ........ 35
8. തിരുബാലസഖ്യം ........ 40
9. യുവജനശുശ്രൂഷ ........ 42
10. കുടുംബപ്രേഷിതത്വം ........ 47
11. വിദ്യാഭ്യാസ ഏജൻസി ........ 51
12. നിർമ്മലഗിരി കോളേജ് ........ 57
13. സാൻജോസ് അക്കാദമി ........ 60
14. വിമൽജ്യോതി വാർത്തകൾ ........ 62
15. ADAM ........ 65
16. ഇൻഫാം ........ 68
17. എ.കെ.സി.സി. ........ 69
18. മദ്യവിരുദ്ധ സമിതി ........ 72
19. എയ്ഞ്ചൽ ട്രസ്റ്റ് ........ 74
20. സാമൂഹ്യസേവനവേദി ........ 76
21. ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ........ 81
22. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) ........ 84
23. Engagements - April (Archbishop Mar Joseph Pamplany) ........ 88
24. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) ........ 90
25. Engagements - April (Archbishop Mar George Njaralakkatt) ........ 92
26. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) ........ 93

Prot. No. 110/2023, Pastoral Letter No. 04/2023

# ഇടയലേഖനം

*ദൈവകൃപയാലും തിരുസ്സഭയുടെ നിയോഗത്താലും*
*തലശ്ശേരി അതിരൂപതയുടെ ഇടയൻ*

*മാർ ജോസഫ് പാംപ്ലാനി*

*തന്റെ സഹശുശ്രൂഷകരായ വൈദികർക്കും സന്യസ്തർക്കും*
*തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏൽപ്പിക്കപ്പെട്ടിരിക്കുന്ന*
*എല്ലാ ദൈവജനത്തിനും എഴുതുന്നത്.*

മിശിഹായിൽ പ്രിയ സഹോദരങ്ങളേ,

ഈശോയുടെ പീഡാനുഭവത്തെയും ഉത്ഥാനത്തെയും ധ്യാനിക്കുന്ന അനുഗ്രഹീതമായ നോമ്പുകാലത്തിനുശേഷം ഉയിർപ്പുകാലത്തിലേയ്ക്ക് നാം പ്രവേശിക്കുകയാണല്ലോ. തിന്മയെയും മരണത്തെയും പരാജയപ്പെടുത്തി കർത്താവീശോ മിശിഹാ ഉയിർത്തെഴുന്നേറ്റു എന്നത് നമ്മുടെ വിശ്വാസത്തിന്റെ ഏറ്റവും അടിസ്ഥാന സത്യമാണ്. തിന്മയുടെ ശക്തികൾ നേടുന്ന വിജയങ്ങൾ താല്ക്കാലികമാണെന്നും ആത്യന്തികമായ വിജയം നേടുന്നത് ദൈവമാണെന്നും ഈശോയുടെ ഉത്ഥാനം നമ്മെ പഠിപ്പിക്കുന്നു. കയ്യാഫാസിന്റെ കുതന്ത്രങ്ങളോ പീലാത്തോസിന്റെ സ്വാർത്ഥതയോ അല്ല ദൈവത്തിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹമാണ് അന്തിമമായി വിജയിക്കുന്നത്. ജീവിതത്തിന്റെ വഴികളിൽ നേരിട്ട അന്യായമായ തിരിച്ചടികളും അകാരണങ്ങളായ തിരസ്ക്കരണങ്ങളും നമ്മെ നഷ്ടധൈര്യരാക്കുകയോ നിരാശപ്പെടുത്തുകയോ ചെയ്യരുത്; സമയത്തിന്റെ പൂർണ്ണതയിൽ ദൈവം എല്ലാം നീതിയായി നടത്തിത്തരും എന്നു വിശ്വസിക്കാനാണ് ഉത്ഥാനത്തിരുനാൾ നമ്മെ ആഹ്വാനം ചെയ്യുന്നത്.

ഉത്ഥാനത്തിന്റെ പുലരിയിലേക്ക് ഈശോ കടന്നുവന്നത് പീഡാനുഭവത്തിന്റെ വഴികളിലൂടെയായിരുന്നു. എല്ലാവരാലും ഒറ്റപ്പെടുത്തപ്പെടുന്ന ഗത്സെമനിയും അടിസ്ഥാനരഹിതമായ ആരോപണങ്ങൾ കേൾക്കേണ്ടിവന്ന സാൻഹെദ്രിൻ വിചാരണ വേദിയും കുറ്റമൊന്നും ചെയ്തിട്ടില്ല എന്നു കണ്ടെത്തിയിട്ടും ചമ്മട്ടിയടിയേറ്റ പ്രത്തോറിയവും ഉത്ഥാനവഴിയിലെ അനിവാര്യതകളായിരുന്നു. മനുഷ്യന്റെ പാപഭാരം മുഴുവൻ ചുമലിലേറ്റി കാൽവരിയിൽ പിടഞ്ഞുമരിച്ചുകൊണ്ടാണ് കർത്താവ് ഉത്ഥാനത്തിനു വഴിയൊരുക്കിയത്. ജീവിതത്തിൽ കടന്നുവരുന്ന സഹനങ്ങളെ ദൈവപിതാവിന്റെ തിരുഹിതമായി തിരിച്ചറിയുമ്പോൾ നമ്മുടെ സഹനങ്ങളും ഉത്ഥാനത്തിനുവഴിയൊരുക്കുമെന്ന സത്യം നമുക്ക് തിരിച്ചറിയാം.

ഉത്ഥിതനായ ഈശോ നമുക്ക് നല്കുന്ന നാല് പ്രധാന സന്ദേശങ്ങൾ സുവിശേഷങ്ങൾ വിവരിക്കുന്നുണ്ട്. “സ്ത്രീയേ നീ കരയേണ്ട” എന്ന മഗ്ദലനാമറിയത്തിനുള്ള സന്ദേശമാണ് ആദ്യത്തേത്. “നിങ്ങൾക്കു സമാധാനം” എന്ന ശിഷ്യർക്കുള്ള അനുഗ്രഹമാണ് രണ്ടാമത്തേത്. അതിനായി “പരിശുദ്ധാത്മാവിനെ സ്വീകരിച്ച് പാപമോചനം നേടുവിൻ” എന്നതാണ് മൂന്നാമത്തെ സന്ദേശം. നാലാമത്തേതാകട്ടെ, ലോകാവസാനം വരെ അവിടുന്ന് നമ്മോടൊത്തുണ്ടായിരിക്കും എന്നതിനാൽ “നാം സകലസൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കണം” എന്ന കല്പനയാണ്. ഈ നാലു സന്ദേശങ്ങളിൽ നാം പലപ്പോഴും വിസ്മരിക്കുന്ന ആദ്യത്തെ സന്ദേശത്തെക്കുറിച്ചാണ് ഈ ഇടയലേഖനത്തിൽ നിങ്ങളോട് സംവദിക്കാൻ ഞാൻ ആഗ്രഹിക്കുന്നത്. “സ്ത്രീയേ നീ കരയേണ്ട” എന്ന വിചിന്തനം ഈശോ ഉയിർത്തെഴുന്നേറ്റു എന്നത് കേവലം ഉത്ഥാനത്തിന്റെ സ്ത്രീപക്ഷ വായനയല്ല മറിച്ച് സ്ത്രീയുടെ സങ്കടങ്ങളെ ദൈവം ഗൗരവമായി എടുക്കുന്നു എന്നതിന്റെ ഓർമ്മപ്പെടുത്തലാണ്.

സ്ത്രീകളെ ആദരിക്കുന്നതിൽ നമ്മുടെ രാജ്യവും സംസ്ക്കാരവും നിലവിൽ ഏറെ പിന്നിലാണ്. സഭയിലും സമുദായത്തിലും സ്ത്രീകൾ അവഗണന നേരിടുന്നു എന്നത് നമുക്കു വിസ്മരിക്കാനാവില്ല. “ദൈവം മനുഷ്യനെ പുരുഷനും സ്ത്രീയുമായി സൃഷ്ടിച്ചു” എന്ന (ഉൽപ 1:27) പ്രസ്താവനയോടെ സ്ത്രീ-പുരുഷ സമത്വമാണ് വിശുദ്ധ ഗ്രന്ഥകാരൻ

ഊന്നിപ്പറയുന്നത്. എന്നാൽ കാലാന്തരത്തിൽ കായിക ബലത്തിന്റെ പിന്തുണയിൽ പുരുഷാധിപത്യം സമൂഹത്തിൽ ശക്തിപ്പെട്ടു. സ്ത്രീയോടുള്ള ആദരവ് നഷ്ടപ്പെടുത്തുന്ന അവഗണനയുടെ സമ്പ്രദായങ്ങൾ രൂപപ്പെട്ടു. അതിനുള്ള ഏറ്റവും ശക്തമായ ദൃഷ്ടാന്തമാണ് സമൂഹത്തിൽ ഇപ്പോഴും നിലനില്ക്കുന്ന സ്ത്രീധന സമ്പ്രദായം. നമ്മുടെ സമുദായത്തിലും നിയമവിരുദ്ധമായ ഈ സമ്പ്രദായം പലരൂപത്തിലും നിലനില്ക്കുന്നു എന്നത് അപമാന കരമാണ്. ദൈവം ജീവിതപങ്കാളിയായി നൽകുന്ന സ്ത്രീതന്നെയാണ് ഏറ്റവും വലിയധനം എന്ന ചിന്ത സമൂഹത്തിൽ ശക്തിപ്പെടണം. വിവാഹം എന്ന പരിശുദ്ധമായ കൂദാശയെ സ്ത്രീധനവുമായി ബന്ധിപ്പിക്കുന്നത് നമ്മുടെ വിശ്വാസമനുസരിച്ച് പാപമാണ്. ദൈവം യോജിപ്പിച്ച ബന്ധമായ ദാമ്പത്യത്തെ സമ്പത്തുമായി ബന്ധിപ്പിക്കുന്ന സ്ത്രീ വിരുദ്ധസമ്പ്രദായം പൂർണ്ണമായും അവസാനിപ്പിക്കേണ്ട കാലം അതിക്രമിച്ചിരിക്കുകയാണ്. വിവാഹപ്രായമെത്തിയ പെൺമക്കളെ ക്കുറിച്ച് ആകുലപ്പെടുന്ന സാഹചര്യമാണ് മാതാപിതാക്കൾക്കു മുന്നിലുള്ളത്. നമ്മുടെ കുടുംബങ്ങളിലെ കടബാധ്യതകളിൽ നല്ലൊരു ശതമാനവും പെൺമക്കളുടെ വിവാഹത്തോടനുബന്ധിച്ചുള്ള കടമാണ്. പെൺമക്കളെ വലിയ സാമ്പത്തിക ബാധ്യതകളോടെ പഠിപ്പിച്ച് ജോലി യിൽ പ്രവേശിപ്പിച്ചാലും അവരുടെ വിവാഹത്തിന് വീണ്ടും കടം വാങ്ങേണ്ട ഗതികേടിലാണ് പെൺകുട്ടിയുടെ കുടുംബം. ഇത് തികച്ചും അനീതിപരമാണ്.

ആൺമക്കൾക്ക് എന്നതുപോലെ പെൺമക്കൾക്കും പിതൃസ്വത്തിൽ തുല്യ അവകാശമുണ്ട് എന്ന സുപ്രീംകോടതി വിധി നമ്മുടെ സമുദായം ഇനിയും വേണ്ട രീതിയിൽ ഉൾക്കൊണ്ടിട്ടില്ല എന്നതാണ് സത്യം. വിവാഹസമയത്ത് വിലപേശി വാങ്ങേണ്ട വസ്തുവല്ല സ്ത്രീ, മറിച്ച് ആൺമക്കളെപ്പോലെ പിതൃസ്വത്തിൽ പെൺമക്കൾക്കും തുല്യ അവകാശം ഉറപ്പുവരുത്തുകയാണു വേണ്ടത്. കല്യാണസമയത്തെ ആഭരണധൂർത്തിന് അറുതിവരുത്താൻ ഇതിലൂടെ സാധിക്കും. വധുവിന്റെ വീട്ടിൽനിന്നു ലഭിക്കുന്ന തുക കൊണ്ട് കല്യാണം ആർഭാട മാക്കാൻ ശ്രമിക്കുന്ന പ്രവണതയും തികച്ചും അനഭിലഷണീയമാണ്. ഭാര്യയ്ക്ക് വിഹിതമായി ലഭിക്കുന്ന പിതൃസ്വത്ത് തലമുറകൾക്കു വേണ്ടിയുള്ള കരുതലായി സൂക്ഷിക്കാം.

സ്ത്രീയാണ് യഥാർത്ഥ ധനം എന്നു തിരിച്ചറിയാൻ വൈകിയതിന്റെ അനന്തരഫലമാണ് വിവാഹപ്രായം കഴിഞ്ഞിട്ടും വിവാഹം നടക്കാത്ത ചില യുവാക്കന്മാരുടെയെങ്കിലും ജീവിതം. സ്ത്രീധന സമ്പ്രദായം സ്ത്രീകളെ മാത്രമല്ല പുരുഷന്മാരെയും ദോഷകരമായി ബാധിക്കുന്നു എന്നാണ് ഇതിൽനിന്നും വ്യക്തമാകുന്നത്. സ്ഥിതി വിരവകണക്കുകൾ അനുസരിച്ച് 35 വയസ്സുകഴിഞ്ഞിട്ടും വിവാഹിതരാകാത്ത നാലായിരത്തോളം വിവാഹാർത്ഥികളായ പുരുഷന്മാർ നമ്മുടെ ഇടയിലുണ്ട് എന്ന സത്യം ഏറെ ഗൗരവമുള്ളതാണ്. നാലായിരത്തോളം കുടുംബങ്ങളുടെ സാധ്യതയാണ് വരും തലമുറയിൽ അന്യം നില്ക്കുന്നത്. ഇവരിൽ ചിലരുടെയെങ്കിലും വിവാഹാലോചനകൾ നല്ലപ്രായത്തിൽ സ്ത്രീധനവിഷയത്തിൽ തട്ടി വഴിമുട്ടിയതാണെന്ന് അവർതന്നെ സാക്ഷ്യപ്പെടുത്തുമ്പോഴാണ് സ്ത്രീധനസമ്പ്രദായം ഒഴിവാക്കേണ്ടതിന്റെ ആവശ്യകത നാം തിരിച്ചറിയുന്നത്. സ്ത്രീയുടെയും പുരുഷന്റെയും കണ്ണീരിനുകാരണമാകുന്ന ഈ ദുരാചാരത്തെ അകറ്റി നിർത്താൻ മാതാപിതാക്കളും മക്കളും വിശിഷ്യാ യുവജനങ്ങൾ ആത്മാർത്ഥമായി മുന്നോട്ടു വരണം.

നമ്മുടെ സമുദായത്തിലെ യുവജനങ്ങളുടെ വിവാഹപ്രായം ക്രമാതീതമായി ഉയർന്നുനില്ക്കുന്നതിന്റെ പിന്നിലും സ്ത്രീധന സമ്പ്രദായത്തിന്റെ സ്വാധീനമുണ്ട്. സ്ത്രീധനത്തിനുള്ള തുക സ്വരുക്കൂട്ടാനുള്ള വ്യഗ്രതയിൽ ജോലി സമ്പാദിച്ചശേഷവും വിവാഹത്തിനുവേണ്ടി കാത്തിരിക്കാൻ നമ്മുടെ പെൺകുട്ടികൾ നിർബന്ധിതരാവുകയാണ്. വിവാഹപ്രായം അമിതമായി ഉയരുന്നത് പുതുതലമുറയുടെ എണ്ണത്തെയും ഗുണത്തെയും ദോഷകരമായി ബാധിക്കുമെന്ന ശാസ്ത്രീയ പഠനങ്ങൾ നമ്മുടെ സമുദായം ഗൗരവമായി എടുക്കേണ്ട വസ്തുതയാണ്.

സ്ത്രീകളെ ആദരിക്കുന്നതും തുല്യരായി പരിഗണിക്കുന്നതുമാണ് സാംസ്ക്കാരിക വളർച്ചയുടെ യഥാർത്ഥ ലക്ഷണം. അതിനാൽ ഗാർഹിക പീഡനങ്ങളും പെൺകുട്ടികളോടുള്ള വിവേചനവും കുടുംബത്തെക്കുറിച്ചുള്ള ദൈവിക പദ്ധതിയെ തകിടം മറിക്കുന്ന തിന്മകളാണ്. സ്ത്രീകളെ ആദരിക്കുന്ന സംസ്ക്കാരം മാതാപിതാക്കളിൽ നിന്നുമാണ് മക്കൾ പഠിക്കേണ്ടത്. യാത്രകളിലും ജോലിസ്ഥലങ്ങളിലും പഠനസ്ഥലങ്ങളിലും സ്ത്രീകളെ ഇരകളായി കരുതുന്ന കഴുകൻ

കണ്ണുകളുടെ എണ്ണം വർദ്ധിക്കുന്നത് അപകടകരമാണ്. പ്രണയക്കെണികളിൽ കുടുക്കി നമ്മുടെ പെൺമക്കൾക്കു ചതിക്കുഴികളൊരുക്കുന്ന സംഭവങ്ങൾ ആശങ്കാജനകമായി വർദ്ധിക്കുകയാണ്. സ്ത്രീയുടെ കണ്ണീരൊപ്പുക എന്നത് ഉത്ഥിതനായ ഈശോയുടെ ആഗ്രഹമാണ് എന്ന സത്യം നാം തിരിച്ചറിയണം. നമ്മുടെ അമ്മമാരുടെയും സഹോദരിമാരുടെയും മക്കളുടെയും കണ്ണുനിറയാതിരിക്കാനുള്ള കരുതൽ ഉത്ഥാനചിന്തയുടെ ഭാഗമാകട്ടെ.

ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങൾ ഹൃദയപൂർവ്വം ആശംസിക്കുന്നു. ഉത്ഥിതന്റെ സമാധാനം നമ്മുടെ കുടുംബങ്ങളിലും വ്യക്തിജീവിതത്തിലും നിറയട്ടെ.

നിങ്ങളെ ഏവരേയും + പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഞാൻ ആശീർവ്വദിക്കുന്നു.

സ്നേഹത്തോടെ,

നിങ്ങളുടെ പിതാവ്

**+ മാർ ജോസഫ് പാംപ്ലാനി**
*തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത*

തലശ്ശേരി അതിരൂപതാ കാര്യാലയത്തിൽനിന്നും 2023 മാർച്ച് 25 മംഗളവാർത്ത തിരുനാൾ ദിനത്തിൽ നൽകപ്പെട്ടത്.

---

*NB:* ഈ ഇടയലേഖനം 2023 ഏപ്രിൽ 9-ാം തീയതി ഈസ്റ്റർ ദിനത്തിൽ വി. കുർബാന മധ്യേ എല്ലാ ഇടവകപ്പള്ളികളിലും വി. കുർബാന നടക്കുന്ന മറ്റ് സ്ഥലങ്ങളിലും വായിക്കേണ്ടതാണ്.

# കച്ചേരിക്കാര്യം

ഏപ്രിൽ 2023

**1. അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവിന്റെ ചരമവാർഷികം**

തലശ്ശേരി അതിരൂപതയുടെ പ്രഥമ മെത്രാൻ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ പതിനേഴാം ചരമവാർഷികം ഏപ്രിൽ 4-ാം തീയതി ചൊവ്വാഴ്ചയാണ്. അന്നേദിവസം നമ്മുടെ അതിരൂപതയിലെ എല്ലാ ദൈവാലയ ങ്ങളിലും അഭിവന്ദ്യ പിതാവിനുവേണ്ടി വി. കുർബാന അർപ്പിച്ച് പ്രാർത്ഥിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. 2023 ഏപ്രിൽ 10 മുതൽ 13 വരെയുള്ള തീയതികളിൽ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി തീർത്ഥാടന ദിനങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ട്. വിശ്വാസപരിശീലന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ നമ്മുടെ അതിരൂപതയിലെ മുഴുവൻ സൺഡേ സ്കൂളുകളിലെയും പത്ത്, പതിനൊന്ന് ക്ലാസ്സുകളിലെ കുട്ടികൾക്കായി അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവിന്റെ കബറിടത്തിലേക്ക് തീർത്ഥയാത്ര സംഘടിപ്പിച്ചി ട്ടുണ്ട്. ബഹു. വികാരിയച്ചന്മാർ മതാദ്ധ്യാപകരെയും കുട്ടികളെ യും ഈ തീർത്ഥാടനത്തിനായി പ്രോത്സാഹിപ്പിക്കുമല്ലോ.

**2. അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെയും മാർ ജോർജ് വലിയമറ്റം പിതാവിന്റെയും നാമഹേതുകതിരുനാൾ**

ഏപ്രിൽ 24 വി. ഗീവർഗീസിന്റെ തിരുനാൾ ദിനമാണല്ലോ. അന്നേ ദിവസമാണ് അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവും അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവും നാമഹേതുക തിരുനാൾ ആഘോഷിക്കുന്നത്. നമ്മുടെ സഭയുടെ തലവനും പിതാവുമായ കർദ്ദിനാൾ അഭിവന്ദ്യ മാർ ജോർജ് ആലഞ്ചേരി പിതാവും അന്നേ ദിവസമാണ് നമാഹേതുക തിരുനാൾ

ആഘോഷിക്കുന്നത്. അഭിവന്ദ്യ പിതാക്കന്മാർക്കുവേണ്ടിയും ജോർജ് നാമധാരികളായ പ്രിയപ്പെട്ട വൈദികർക്കുവേണ്ടിയും പ്രാർത്ഥിക്കുകയും അവർക്ക് ആശംസകൾ നേരുകയും ചെയ്യാം.

**3. മൂറോൻ വെഞ്ചിരിപ്പ്**

വി. മൂറോൻ വെഞ്ചിരിപ്പിന്റെ തിരുക്കർമങ്ങൾ വലിയ ആഴ്ചയിലെ തിങ്കളാഴ്ച 2023 (ഏപ്രിൽ 3) ന് തലശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് രാവിലെ 10 മണിക്ക് ആരംഭിക്കുന്നതാണ്. മൂറോൻ വെഞ്ചിരിപ്പിന്റെ ക്രമീകരണം ശ്രദ്ധിക്കുമല്ലോ. ഓരോ ഫൊറോനായിൽ നിന്നും ബഹു. ഫൊറോനാ വികാരിയുടെ നേതൃത്വത്തിൽ 5 വൈദികർ വീതമാണ് വി. മൂറോൻ വെഞ്ചിരിപ്പിനായി തലശ്ശേരിയിൽ എത്തേണ്ടത്. ബഹു. ഫൊറോനാ വികാരിമാർ പങ്കെടുക്കേണ്ട വൈദികർ ആരെന്നു നിശ്ചയിച്ച് ആവശ്യമായ ക്രമീകരണങ്ങൾ നടത്തുമല്ലോ. വി. കുർബാനയ്ക്കായി തിരുവസ്ത്രങ്ങൾ (കാപ്പസെറ്റ്) വൈദികർ കൊണ്ടുവരേണ്ടതാണ്. അന്നേദിവസം തിരുക്കർമ്മങ്ങൾക്കുശേഷം 12 മുതൽ 1 മണിവരെ ഫൊറോനാ വികാരിമാരുടെ മീറ്റിംഗും ഉണ്ടായിരിക്കുന്നതാണ്.

**4. അഭിനന്ദനങ്ങൾ**

റോമിലെ സെന്റ് ജോൺപോൾ II ഇൻസ്റ്റിറ്റ്യൂട്ടിൽനിന്ന് *Mariage and Family, a Vocation to Love leads to Holiness: A New Pastoral Perspective from Second Vatican Council to Gaudete et Exsultate* എന്ന വിഷയത്തിൽ പ്രശംസനീയമാംവിധം ഡോക്ടറേറ്റ് നേടിയ ബഹുമാനപ്പെട്ട ജോർജ് കോവാട്ട് അച്ചന് അനുമോദനങ്ങളും ആശംസകളും.

**5. പി. പി. എഫ് അംഗങ്ങളുടെ ശ്രദ്ധയ്ക്ക്**

തലശ്ശേരി അതിരൂപതാ വൈദികസമൂഹത്തിൽ നിന്നും വേർപിരിഞ്ഞുപോയ ബഹുമാനപ്പെട്ട മോൺ. മാത്യു എം. ചാലിൽ അച്ചനുവേണ്ടി എല്ലാ പി. പി. എഫ് അംഗങ്ങളും ഒരു വി. കുർബാന അർപ്പിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**6. ബഹുമാനപ്പെട്ട വൈദികരുടെ പൊതുസ്ഥലമാറ്റം**

ഈ വർഷത്തെ ബഹു. വൈദികരുടെ പൊതുസ്ഥലമാറ്റം 2023 മെയ് 13 ശനിയാഴ്ച ആയിരിക്കും. 2023 ഏപ്രിൽ 29 ന് സ്ഥലമാറ്റവിവരം പ്രസിദ്ധീകരിക്കുന്നതാണ്.

**7. കൂരിയ അവധി**

വിശുദ്ധവാരം പ്രമാണിച്ച് ഏപ്രിൽ 02 മുതൽ 09 വരെ അതിരൂപതാ കൂരിയായും ട്രൈബ്യൂണലും അവധിയായിരിക്കും.

**8. ഓശാന ഞായർ, ദുഃഖവെള്ളി സ്തോത്രക്കാഴ്ചകൾ**

ഓശാന ഞായറാഴ്ച വൈദികവിദ്യാർത്ഥികളുടെ പരിശീലനത്തിന് വേണ്ടിയും ദുഃഖവെള്ളിയാഴ്ച വിശുദ്ധനാടിന്റെ സംരക്ഷണത്തിനുവേണ്ടിയും സ്തോത്രക്കാഴ്ച സമാഹരിച്ച് അതിരൂപതാ കേന്ദ്രത്തിൽ ഏല്പ്പിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**9. വാർഷിക പൊതുയോഗവും കൈക്കാരന്മാരുടെ തെരഞ്ഞെടുപ്പും**

2022-23 വർഷത്തെ ആണ്ടുതിരട്ട്, അടുത്ത വർഷത്തേക്കുള്ള ബജറ്റ് എന്നിവ പാസ്സാക്കുന്നതിനും പുതിയ കൈക്കാരന്മാരെ തെരഞ്ഞെടുക്കുന്നതിനുമുള്ള വാർഷികപൊതുയോഗം എല്ലാ ഇടവകകളിലും നിർബന്ധമായും ഏപ്രിൽ 16-ാം തീയതി ഞായറാഴ്ചയോ 23-ാം തീയതി ഞായറാഴ്ചയോ നടത്തണം. ആണ്ടുതിരട്ടും പൊതുയോഗ തീരുമാനങ്ങളും മെയ് 02, 03 തീയതികളിൽ ഫൊറോനാ കേന്ദ്രങ്ങളിൽ വച്ച് പരിശോധിക്കുന്നതാണ്.

പൊതുയോഗങ്ങളിൽ ഇടവകയുടെ 2022-2023 വർഷത്തെ വാർഷിക കണക്കു പാസാക്കുകയും 2023-2024 വർഷത്തേക്കുള്ള കൈക്കാരന്മാരെയും രണ്ട് ഇന്റേണൽ ഓഡിറ്റർമാരെയും തിരഞ്ഞെടുക്കുകയും ചെയ്യണം. കൈക്കാരന്മാരെ തിരഞ്ഞെടുക്കുമ്പോൾ അതിരൂപതാ നിയമാവലി (പേജ് 176) ൽ പറഞ്ഞിരിക്കുന്ന യോഗ്യതകൾ ഉള്ളവരാണെന്ന് ഉറപ്പു വരുത്തണം. നാലു കൈക്കാരന്മാരെയും തിരഞ്ഞെടുക്കേണ്ടത് പൊതുയോഗമാണ്. എന്നാൽ അവരിൽ 2 പേർ നിലവിലുള്ള പാരീഷ് കൗൺസിൽ അംഗങ്ങളായിരിക്കണം.

**10. ആണ്ട് തിരട്ട്, ബജറ്റ് പാസ്സാക്കൽ മെയ് 02, 03 തീയതികളിൽ**

ആണ്ട് തിരട്ടും വാർഷികപൊതുയോഗതീരുമാനവും പരിശോധിച്ച് അംഗീകരിക്കാനായി ബഹു. വികാരി ജനറൽ അച്ചന്മാരും ചാൻസലറും മെയ് 02, 03 തീയതികളിൽ ഫൊറോനകൾ സന്ദർശിക്കുന്നതാണ്. ഒരു ഫൊറോനയ്ക്ക് അരദിവസം എന്ന രീതിയിലാണ് സമയം നിശ്ചയിച്ചിരിക്കുന്നത്. രാവിലെ 9 മണിക്കും ഉച്ചകഴിഞ്ഞ് 2 മണിക്കും ഓഡിറ്റ് ആരംഭിക്കും.

**പരിശോധനക്കായി കൊണ്ടുവരേണ്ടവ**

1. വാർഷിക പൊതുയോഗത്തിന്റെ മിനിട്സ് രേഖപ്പെടുത്തിയ

യോഗപുസ്തകം. പുതുതായി തിരഞ്ഞെടുക്കപ്പെട്ട നാലു കൈക്കാരന്മാരുടെയും രണ്ട് ഇന്റേണൽ ഓഡിറ്റർമാരുടെയും പേരുകൾ, ആണ്ടുതിരട്ടും ബജറ്റും പാസ്സാക്കിയ വിവരം എന്നിവ പൊതുയോഗ തീരുമാനങ്ങളിൽ ഉണ്ടായിരിക്കണം.

2. പ്രസ്തുതയോഗത്തിന്റെ മിനിട്സ് അരമനപത്രത്തിൽ എഴുതിയ ഒരു കോപ്പി.
3. അക്കൗണ്ടിംഗ് സോഫ്റ്റ് വെയറിൽനിന്നും എടുത്ത വാർഷിക തിരട്ടിന്റെ ഒരു കോപ്പി.
4. 2023-2024 വർഷത്തേക്കുള്ള ബജറ്റ് - 2 കോപ്പി
5. 10% അതിരൂപതാ വിഹിതവും ഇതരപിരിവുകളും കുടിശ്ശികകൾ ഉണ്ടെങ്കിൽ അവയും അടച്ചതിന്റെ രശീതുകൾ.
6. പി.പി.എഫിലേക്കുള്ള 2023 ലെ വിഹിതവും കുടിശ്ശികയുണ്ടെങ്കിൽ അതും.

**പ്രത്യേക ശ്രദ്ധയ്ക്ക്**

1. ബഹു. വികാരി, നടത്തുകൈക്കാരൻ, സെക്രട്ടറി എന്നിവരാണ് ഓരോ ഇടവകയിൽനിന്നും വരേണ്ടത്.
2. അക്കൗണ്ടിംഗ് സോഫ്റ്റ് വെയറിൽ മാർച്ച് 31 വരെയുള്ള കണക്കുകൾ ഇനിയും അപ് ലോഡ് ചെയ്യാത്തവർ ഉടനെ ചെയ്യണം. ഓരോ ഇടവകയും അടയ്ക്കാനുള്ള 10% തുക എത്രയെന്ന് മുൻകൂട്ടി അറിയിക്കാൻ സാധിക്കും.
3. പതിനായിരം രൂപക്ക് മുകളിൽ അതിരൂപതാവിഹിതവും മറ്റ് പിരിവുകളും അടയ്ക്കാനുള്ളവർ നിർബന്ധമായും ചെക്കുകളായി നല്കണം. ജീവകാരുണ്യഫണ്ടും പി.പി.എഫ് വിഹിതവും വെവ്വേറെ ചെക്കുകളായും ബാക്കിയുള്ളവ ഒറ്റ ചെക്കിലും നല്കാവുന്നതാണ്.


| **തീയതി** | **സമയം** | **ഫൊറോനകൾ** |
|---|---|---|
| 02-05-2023<br>ചൊവ്വ | രാവിലെ<br>9.00 - 12.30 | പേരാവൂർ, പനത്തടി, കാഞ്ഞങ്ങാട്<br>മണിക്കടവ്, ആലക്കോട് |
| 02-05-2023<br>ചൊവ്വ | ഉച്ചകഴിഞ്ഞ്<br>2.00 - 4.30 | എടൂർ, കാസർഗോഡ്, മാലോം<br>നെല്ലിക്കാംപൊയിൽ, വായാട്ടുപറമ്പ് |
| 03-05-2023<br>ബുധൻ | രാവിലെ<br>9.00 - 12.30 | ചെമ്പേരി, വെള്ളരിക്കുണ്ട്, തളിപ്പറമ്പ്<br>പൈസക്കരി, കുന്നോത്ത് |
| 03-05-2023<br>ബുധൻ | ഉച്ചകഴിഞ്ഞ്<br>2.00 - 4.30 | ചെമ്പന്തൊട്ടി, തോമാപുരം<br>ചെറുപുഴ, മേരിഗിരി |

## 11. ആദരാഞ്ജലികൾ

**1. ശ്രീമതി ത്രേസ്യാമ്മ കാഞ്ഞിരക്കാട്ട് (92) :** ബഹു. സെബാസ്റ്റ്യൻ പുളിക്കൽ അച്ചന്റെ പ്രിയ സഹോദരി ശ്രീമതി ത്രേസ്യാമ്മ കാഞ്ഞിരക്കാട്ട് 2023 മാർച്ച് 2ന് നിര്യാതയായി. മൃതസംസ്കാര ശുശ്രൂഷകൾ 2023 മാർച്ച് 3 ന് വിളക്കന്നൂർ ക്രിസ്തുരാജ ദൈവാലയ സിമിത്തേരിയിൽ അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിന്റെ മുഖ്യ കാർമ്മികത്യത്തിൽ നടന്നു. പ്രിയപ്പെട്ട സഹോദരിയുടെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. സെബാസ്റ്റ്യാൻ പുളിക്കലച്ചനും കുടുംബാംഗങ്ങൾക്കും അതിരൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു. പരേതയുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

**2. ശ്രീമതി അച്ചാമ്മ (മേരി) പൗവ്വത്ത് :** ബഹു. ജോസഫ് പൗവ്വത്തിൽ അച്ചന്റെ പ്രിയപ്പെട്ട മാതാവ് ശ്രീമതി മേരി പവ്വത്ത് 2023 മാർച്ച് 3 ന് നിര്യാതയായി. മൃതസംസ്കാരശുശ്രൂഷകൾ 2023 മാർച്ച് 4 ന് മുളപ്ര സെന്റ് അൽഫോൻസാ ദൈവാലയ സിമിത്തേരിയിൽ അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. പ്രിയ മാതാവിന്റെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. പൗവ്വത്തിലച്ചനും കുടുംബാംഗങ്ങൾക്കും അതിരൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു. പരേതയുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

**3. റവ. സി. ലീലാമ്മ തോമസ് തട്ടാംപറമ്പിൽ MMM (72) :**



മിഷനറീസ് ഓഫ് മേരി മീഡിയാട്രിക്സ് സന്യാസ സഭാംഗമായ ബഹു. സി. ലീലാമ്മ തോമസ് 2023 മാർച്ച് 9-ാം തീയതി നിര്യാതയായി. ചെറുപുഴ മേരി മീഡിയാട്രിക്സ് കോൺവെന്റ് അംഗമായിരുന്നു. പാലാ രൂപതയിലെ തീക്കോയി സ്വദേശിനിയായിരുന്നു. തന്റെ കർമ്മമേഖലകളിൽ ആത്മാർപ്പണം നടത്തിയ തീക്ഷ്ണമതിയായ ഒരു സന്യാസിനിയായിരുന്നു ബഹു. സി. ലീലാമ്മ. മൃതസംസ്കാരശുശ്രൂഷകൾ 2023 മാർച്ച് 12 ന് മണിമല സെന്റ് ബേസിൽ ദൈവാലയ സിമിത്തേരിയിൽ നടന്നു. പ്രിയപ്പെട്ട സിസ്റ്ററിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

**4. റവ. സി. മരീന പുളിന്താനത്ത് SH (70) :** തിരുഹൃദയസന്യാസിനി സമൂഹം തലശ്ശേരി സെന്റ് ജോസഫ്സ് പ്രൊവിൻസ് തൊക്കിലങ്ങാടി ഭവനാംഗമായ സി. മരീന പുളിന്താനത്ത് 2023 മാർച്ച് 14 ന്



നിര്യാതയായി. താമരശ്ശേരി രൂപതയിലെ പെരുവണ്ണാംമൂഴി സ്വദേശിനിയാണ്. നിർമ്മല ഭവൻ, കാടമല, മാണ്ഡ്യ, ഷീരാടി, പെരുമ്പടവ്, സിദ്ധാപൂർ, ഹെഗ്ള, തൊക്കിലങ്ങാടി സാൻജോസ്, തൊണ്ടിയിൽ എന്നീ ഭവനങ്ങളിൽ നേഴ്സായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. തൊക്കിലങ്ങാടി ക്രിസ്തുരാജാ ഹോസ്പിറ്റലിൽ ദീർഘകാലം നേഴ്സിംഗ് സൂപ്രണ്ട് ആയി ജോലി ചെയ്തിട്ടുണ്ട്. മൃത സംസ്കാര ശുശ്രൂഷകൾ 2023 മാർച്ച് 15 ന് ഉച്ചകഴിഞ്ഞ് 4 മണിക്ക് അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ പേരാവൂർ പ്രൊവിൻഷ്യൽ ഹൗസ് സിമിത്തേരിയിൽ നടന്നു. പ്രിയപ്പെട്ട സിസ്റ്ററിന്റെ ആത്മശാന്തിയ്ക്കുവേണ്ടി പ്രാർത്ഥിക്കാം.

**12. സ്നേഹസ്മൃതി**

| | | | |
|---|---|---|---|
| 1. | റവ. ഫാ. മാത്യു മേക്കുന്നേൽ | - | 01-04-2008 |
| 2. | റവ. ഫാ. സേവ്യർ കണിയാന്തറ | - | 02-04-1990 |
| 3. | **അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി** | **-** | **04-04-2006** |
| 4. | റവ. ഫാ. ജോസഫ് തുരുത്തേൽ | - | 05-04-2021 |
| 5. | **അഭിവന്ദ്യ മാർ ഇമ്മാനുവൽ പോത്തനാമൂഴി** | **-** | **06-04-2003** |
| 6. | റവ. ഫാ. പോൾ മണക്കാട്ടുമറ്റം | - | 08-04-2015 |
| 7. | റവ. ഫാ. ജോസഫ് കൊല്ലംപറമ്പിൽ | - | 10-04-1977 |
| 8. | റവ. ഫാ. ജോസഫ് കൂറ്റാരപ്പള്ളിൽ | - | 10-04-2020 |
| 9. | റവ. ഫാ. മാത്യു മുള്ളൻമട | - | 17-04-2020 |
| 10. | റവ. ഫാ. മാത്യു പാലമറ്റം | - | 20-04-1972 |
| 11. | റവ. ഫാ. ഫ്രാൻസീസ് ആറുപറയിൽ | - | 20-04-2012 |
| 12. | റവ. ഫാ. അഗസ്റ്റിൻ കണ്ണാടിക്കര | - | 21-04-1994 |
| 13. | റവ. ഫാ. സക്കറിയാസ് വള്ളോപ്പിള്ളി | - | 28-04-2016 |
| 14. | റവ. ഫാ. ജോർജ് സ്രാമ്പിക്കൽ | - | 29-04-1997 |
| 15. | റവ. ഫാ. ജോർജ് പുനക്കാട്ട് | - | 29-04-1968 |
| 16. | റവ. ഫാ. ജോസഫ് വെട്ടിക്കുഴിച്ചാലിൽ | - | 29-04-1999 |

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

## അനുസ്മരണം
# മോൺ. മാത്യു എം. ചാലിൽ



തലശ്ശേരി അതിരൂപതാംഗമായ മോൺ. മാത്യു. എം. ചാലിൽ (85) 2023 മാർച്ച് 5-ാം തീയതി രാവിലെ 5 മണിക്ക് നിര്യാതനായി. കരുവഞ്ചാൽ പ്രീസ്റ്റ് ഹോമിൽ വിശ്രമജീവിതം നയിക്കുകയായിരുന്ന അച്ചന് വാർദ്ധക്യസഹജമായ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടായിരുന്നു. തലശ്ശേരി അതിരൂപതയുടെ വളർച്ചയിൽ വിസ്മരിക്കാനാവാത്ത സംഭാവനകൾ നല്കിയ സമാനതകളില്ലാത്ത പൗരോഹിത്യവ്യക്തിത്വത്തിന് ഉടമയായിരുന്നു മോൺ. മാത്യു. എം. ചാലിൽ. മലബാറിന്റെ ചരിത്രത്തിൽ ദൈവജനത്തിനിടയിലും പൊതുസമൂഹത്തിലും ആഴത്തിൽ വ്യക്തിമുദ്ര പതിപ്പിച്ച അപൂർവ്വം വ്യക്തികളിലൊരാളാണ് ബഹുമാനപ്പെട്ട ചാലിലച്ചൻ. ചാലിൽ മാത്യു - ബ്രജിറ്റ് ദമ്പതികളുടെ മകനായി 1938 ഓഗസ്റ്റ് 28 ന് രാമപുരത്ത് ജനിച്ചു. അച്ചന് നാലു സഹോദരൻമാരും 3 സഹോദരിമാരും ഉണ്ട്. സഹോദരിമാരിൽ ഒരാളായ സി. ജെയിൻ മാനന്തവാടി എഫ്.സി.സി. പ്രൊവിൻസ് അംഗമാണ്. 1945 ൽ അച്ചന്റെ മാതാപിതാക്കൾ കണ്ണൂർ ജില്ലയിലെ ചെമ്പേരിയിലേയ്ക്ക് കുടിയേറി. ചിറ്റൂർ, ഇടനാട് സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസവും രാമപുരത്ത് ഹൈസ്കൂൾ വിദ്യാഭ്യാസവും പൂർത്തിയാക്കി.

1954 ൽ തലശ്ശേരി രൂപതയ്ക്കുവേണ്ടി വൈദികവിദ്യാർത്ഥിയായി തൃശൂർ സെന്റ് മേരീസ് പെറ്റി സെമിനാരിയിൽ പരിശീലനം ആരംഭിച്ചു. തുടർന്ന് ആലുവ പൊന്തിഫിക്കൽ സെമിനാരിയിൽ തത്വശാസ്ത്ര-ദൈവശാസ്ത്ര പഠനങ്ങൾ പൂർത്തിയാക്കി. 1963 മാർച്ച് 19 ന് അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽനിന്നും തിരുപ്പട്ടം സ്വീകരിച്ചു.

1963 ഏപ്രിൽ മാസത്തിൽ തോമാപുരം പള്ളിയിൽ അസി. വികാരിയായി പൗരോഹിത്യ ശുശ്രൂഷ ആരംഭിച്ചു. തോമാപുരത്ത് അസി. വികാരി ആയിരിക്കുമ്പോൾതന്നെ ചെറുപുഴ, തിരുമേനി, കടുമേനി, ബളാൽ, മാവുള്ളാൽ, മാലോം പള്ളികളുടെ ചുമതലകൂടി വഹിച്ചു. 1963 മെയ് മുതൽ 1968 ഏപ്രിൽ വരെ ബളാൽ, വെള്ളരിക്കുണ്ട് പള്ളികളുടെ വികാരിയായി നിയമിതനായി. ബളാൽ ടൗണിനടുത്ത് 5 ഏക്കർ

സ്ഥലം വാങ്ങി, പള്ളിമുറിയും താല്ക്കലിക ഷെഡും സ്ഥാപിച്ച് ഇടവ കയ്ക്ക് തുടക്കം കുറിച്ചു. വെള്ളരിക്കുണ്ടിൽ സ്ഥലം വാങ്ങി പള്ളി മുറിയും പള്ളിക്കുവേണ്ടി ഒരു ഷെഡും ഉണ്ടാക്കി അവിടെ ഇടവകയ്ക്ക് തുടക്കം കുറിച്ചു. സ്കൂളിനാവശ്യമായ കെട്ടിടം പണിതു. 55 ഏക്കർ സ്ഥലം കൂടി പള്ളിക്കായി വാങ്ങി. നിർമ്മല എൽ. പി. സ്കൂൾ, പോസ്റ്റ് ഓഫീസ്, ബിരിക്കുളം കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നിവ വെള്ള രിക്കുണ്ടിൽ ആരംഭിച്ചു. പന്നിത്തടം റോഡ്, മാവുള്ളാൽ റോഡ് എന്നിവ നിർമ്മിച്ചു. സഹൃദയ വായനശാലക്കു തുടക്കമിട്ടു. മാലോത്ത് പള്ളി ക്കെട്ടിടം നവീകരിച്ചു. നാട്ടക്കല്ല്-വള്ളിക്കടവ് റോഡ് നിർമ്മിച്ചു. മേരി പുരത്ത് 2 ഏക്കർ സ്ഥലം കൂടി വാങ്ങി പള്ളിക്കെട്ടിടവും വൈദികമ ന്ദിരവും പണിതു. എണ്ണപ്പാറയിൽ 4 ഏക്കർ സ്ഥലം കൂടി വാങ്ങി ദൈവാലയവും വൈദികമന്ദിരവും നിർമ്മിക്കുകയും ഇടവകയ്ക്ക് തുടക്കം കുറിക്കുകയും ചെയ്തു. കാഞ്ഞിരടുക്കം പള്ളിയുടെ ഉത്തര വാദിത്വവും ഏറ്റെടുത്തു. പള്ളിക്ക് 2 ഏക്കർ സ്ഥലം വാങ്ങുകയും കാഞ്ഞിരടുക്കം ഇരിയ റോഡ് നിർമ്മിക്കുകയും ചെയ്തു. ഭീമനടി പള്ളിക്കുവേണ്ടി 4 ഏക്കർ സ്ഥലം കൂടി വാങ്ങുകയും താല്ക്കാ ലികമായ പള്ളിക്കെട്ടിടം പണിയുകയും ഇടവകയ്ക്ക് തുടക്കം കുറി ക്കുകയും ചെയ്തു. കൊട്ടോടി പള്ളിക്കായി 5 ഏക്കർ സ്ഥലം വാങ്ങുകയും താല്ക്കലിക കെട്ടിടം പണിത് പള്ളിക്ക് തുടക്കം കുറി ക്കുകയും ചെയ്തു.

1968 ഏപ്രിൽ മുതൽ 1973 മെയ് വരെ പാലാവയൽ പള്ളിയുടെ വികാരിയായി നിയമിതനായി. തയ്യേനി പള്ളിയുടെ ഉത്തരവാദിത്വ വും ഇതോടൊപ്പം നിർവ്വഹിച്ചു. എൽ.പി, ഹൈസ്കൂൾ കെട്ടിടങ്ങൾ, ക്ഷീരവ്യവസായ സംഘം, പുളിങ്ങോം റൂറൽ ഡിസ്പെൻസറി, വായനശാല, പാലാവയൽ - പുളിങ്ങോം കമ്പിപ്പാലം, ഏണിച്ചാൽ - നിരത്തുംതട്ട് റോഡ് തുടങ്ങിയ ഒട്ടനവധി വികസന പ്രവർത്തനങ്ങൾക്ക് പാലാവയലിൽ നേതൃത്വം നല്കി. തയ്യേനി പള്ളിക്കുവേണ്ടി 5 ഏക്കർ സ്ഥലം വാങ്ങുകയും പള്ളിക്കെട്ടിടം പണിയുകയും ഇടവകയ്ക്ക് തുടക്കം കുറിക്കുകയും ചെയ്തു.

1973 മെയ് മുതൽ 1990 ആഗസ്റ്റ് വരെ തലശ്ശേരി അതിരൂപതാ കോർപറേറ്റ് ഏജൻസിയുടെ മാനേജരായി നിയമിതനായി. 17 വർഷത്തെ സേവനകാലഘട്ടത്തിൽ നിരവധി വിദ്യാഭ്യാസ സ്ഥാപന ങ്ങൾക്ക് തുടക്കം കുറിക്കാൻ നേതൃത്വം നല്കി. തലശ്ശേരി രൂപതാ എഡ്യുക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി

(TREICS) സ്ഥാപിച്ചു. അദ്ധ്യാപക അവാർഡുകൾ, ബെസ്റ്റ് സ്കൂൾ അവാർഡുകൾ, രൂപതാതല സ്കോളർഷിപ്പുകൾ, എൻഡോവുമെന്റുകൾ, കോർപറേറ്റ് അക്കാഡമിക് കൗൺസിൽ തുടങ്ങിയ നിരവധി നവീന പദ്ധതികൾക്ക് ബഹു. ചാലിലച്ചൻ ആരംഭം കുറിച്ചു.

1990 ആഗസ്റ്റ് 4 മുതൽ 1992 ജൂൺ വരെ കാസർഗോഡ് വികാരിയായി നിയമിതനായി. കാസർഗോഡ് 90 സെന്റ് സ്ഥലം വാങ്ങി പള്ളിയും പള്ളിമുറിയും പണി തീർത്തു ഇടവകയ്ക്ക് തുടക്കം കുറിച്ചു. ദേലംപാടിയിൽ രണ്ടിടത്തായി 5 ഏക്കർ സ്ഥലം വാങ്ങുകയും താല്ക്കാലിക കെട്ടിടം പണിതു ഇടവകയ്ക്ക് തുടക്കം കുറിക്കുകയും ചെയ്തു. പടന്നക്കാട് 66 സെന്റ് സ്ഥലം വാങ്ങി പള്ളിയും പള്ളിമുറിയും താല്ക്കാലികമായി ക്രമപ്പെടുത്തുകയും ഇടകവയ്ക്ക് തുടക്കം കുറിക്കുകയും ചെയ്തു. പടന്നക്കാടുള്ള റീജണൽ പാസ്റ്ററൽ സെന്ററിന്റെ നിർമ്മാണത്തിന് ആരംഭം കുറിച്ചു. കാഞ്ഞങ്ങാട് ടൗണിൽ 20 സെന്റ് സ്ഥലം വാങ്ങി പള്ളിക്കും വൈദികമന്ദിരത്തിനുമുള്ള കെട്ടിടം പണിതു ഇടവകയ്ക്ക് തുടക്കം കുറിച്ചു. പെരിയായിൽ 45 സെന്റ് സ്ഥലം വാങ്ങി കെട്ടിടം പണിത് ഇടവകയ്ക്ക് തുടക്കം കുറിച്ചു. പയ്യന്നൂരിൽ 55 സെന്റ് സ്ഥലം വാങ്ങി പള്ളിക്കും വൈദികമന്ദിരത്തിനും സൗകര്യങ്ങൾ ഉണ്ടാക്കി. ചായ്യോത്ത് ഒരേക്കർ സ്ഥലം വാങ്ങി കെട്ടിടം നിർമ്മിച്ച് ഇടവകയ്ക്ക് തുടക്കം കുറിച്ചു. PPF നുവേണ്ടി ചായ്യോത്ത് 3 ഏക്കർ സ്ഥലം വാങ്ങാൻ നേതൃത്വം കൊടുത്തു. കാസർഗോഡ് ജില്ലയിലെ, നമ്മുടെ അതിരൂപതയുടെ വളർച്ചയിൽ ബഹു. ചാലിലച്ചൻ എന്ന ക്രാന്തദർശിയുടെ സേവനം എക്കാലവും സ്മരിക്കപ്പെടും. കാസർഗോഡ് ജില്ലയിലെ ഒട്ടനവധി പള്ളികൾക്ക് ആരംഭം കുറിച്ചത് ചാലിലച്ചനായിരുന്നു. കാസർഗോഡ് ജില്ലയിൽ തലശ്ശേരി രൂപതയ്ക്ക് കേവലം മൂന്ന് പള്ളികൾ മാത്രം ഉണ്ടായിരുന്ന 1963 കാലഘട്ടത്തിലാണ് ചാലിലച്ചൻ ബളാലിൽ വികാരി ആയി എത്തുന്നത്. ഇന്ന് കാസർഗോഡ് ജില്ലയിൽ ആറു ഫൊറാനാകളിലായി 80 ൽ പരം പള്ളികളായി തലശ്ശേരി അതിരൂപത വളർന്നു. **'കാസർഗോഡിന്റെ മിഷനറി'** എന്ന് ചാലിലച്ചൻ അറിയപ്പെടുന്നതിൽ യാതൊരു അതിശയോക്തിയുമില്ല.

1997 മെയ് മുതൽ 2013 ഡിസംബർ വരെ തലശ്ശേരി അതിരൂപതയുടെ വികാരി ജനറാളായി ശുശ്രൂഷ ചെയ്തു. വികാരി ജനറാൾ എന്ന നിലയിൽ തലശ്ശേരി അതിരൂപതയ്ക്ക് നിസ്തുലമായ ശുശ്രൂഷയാണ് നല്കിയത്. ഈ കാലഘട്ടത്തിൽ ഉന്നതവിദ്യാഭ്യാസരംഗത്ത് കൂടുതൽ

ശ്രദ്ധ പതിപ്പിക്കുവാൻ ചാലിലച്ചന് സാധിച്ചു. പ്ലസ് ടു സ്കൂളുകൾ, ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ, ടെക്നിക്കൽ സ്കൂളുകൾ എന്നിവ തുടങ്ങുവാൻ പ്രോത്സാഹനം നല്കി. MESHAR Society രൂപീകരിച്ച് മെഷാർ കോളേജ് തുടങ്ങി. IRISH Research സെന്റർ തുടങ്ങാൻ ബഹു. മാത്യു കുഴിപ്പള്ളിൽ അച്ചനോടൊപ്പം പ്രവർത്തിച്ചു. മെഷാർ ട്രസ്റ്റ് രൂപീകരിച്ച് ചെമ്പേരി വിമൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജ് ആരം ഭിക്കുവാൻ നേതൃത്വം നല്കി. 2002 മുതൽ 2013 ആഗസ്റ്റ് വരെ വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജിന്റെ ചെയർമാനായി സേവനം ചെയ്തു. തലശ്ശേരി അതിരൂപതയുടെ അഭിമാനമായ ചെമ്പേരി വിമൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജ് ചാലിലച്ചൻ എന്ന വിദ്യാഭ്യാസവിചക്ഷണന്റെ കഠിനാദ്ധ്വാനത്തിന്റെയും ആത്മാർപ്പ ണത്തിന്റെയും ഫലമാണ്. കൂത്തുപറമ്പ് നിർമ്മലഗിരി കോളേജ് ചാലി ലച്ചന്റെ നേതൃത്വത്തിൽ വളർച്ചയുടെ പുതിയ പടവുകൾ കയറി. ഉത്തര മലബാറിന്റെ വിദ്യഭാസമേഖലയിൽ ചാലിലച്ചന്റെ സംഭാവനകൾ സമാ നകതളില്ലാത്തവിധം മഹത്തരമാണെന്ന സത്യം പൊതുസമൂഹം ഒന്നാകെ അംഗീകരിച്ചതാണ്. മലയോരത്ത് നിരവധി റോഡുകളും, പാലങ്ങളും നിർമ്മിക്കുവാൻ ചാലിലച്ചൻ നേതൃത്വം കൊടുത്തിട്ടുണ്ട്. മലയോരഹൈവേയുടെ ഉപജ്ഞാതാവ് ബഹു. ജോസഫ് കനകമൊ ട്ടയുമായി ചേർന്ന് മലയോരജനതയുടെ യാത്രാക്ലേശങ്ങൾ പരിഹരി ക്കുവാൻ ചാലിലച്ചൻ നടത്തിയ ശ്രമങ്ങൾ അത്ഭുതാവഹമാണ്.

2013 സെപ്റ്റംബർ മുതൽ 2016 ജനുവരി വരെ ദീപിക ദിന പത്രത്തിന്റെ മാനേജിംഗ് ഡയറക്ടറായും രാഷ്ട്രദീപിക ലിമിറ്റഡ് കമ്പ നിയുടെ ചെയർമാനായും സേവനം ചെയ്തു. 2016 ജനുവരി മുതൽ 2018 മെയ് വരെ ചെമ്പേരി വിമലാ ഹോസ്പിറ്റലിന്റെ ഡയറക്ടറായും സേവനം ചെയ്തു. 2013 ൽ പരിശുദ്ധപിതാവ് ഫ്രാൻസീസ് മാർപാപ്പാ മോസിഞ്ഞോർ പദവി നല്കി ചാലിലച്ചനെ ആദരിച്ചു. 2018 മെയ് 15-ാം തീയതി ബഹു. ചാലിലച്ചൻ വിശ്രമജീവിതത്തിനായി കരുവ ഞ്ചാൽ ശാന്തിഭവനിലെത്തി.

ആലുവ, കോട്ടയം, മേജർ സെമിനാരികളിൽ വൈദികവിദ്യാർത്ഥി കൾക്ക് 'സ്കൂൾ അഡ്മിനിസ്ട്രേഷൻ' എന്ന വിഷയത്തിൽ വിസി റ്റിംഗ് പ്രൊഫസറായി ക്ലാസുകൾ എടുത്തിട്ടുണ്ട്. "ജീവിതം ത്യാഗവേ ദിയിൽ" എന്ന പുസ്തകരചനയിൽ അദ്ദേഹം പങ്കാളിയായി. നിരവധി അവാർഡുകളാണ് ചാലിലച്ചനെ തേടിയെത്തിയത്. കേരള ക്രിസ്റ്റ്യൻ റിസേർച്ച് സെന്റർ ഏർപ്പെടുത്തിയ 2009 ലെ മാർ കരിയാറ്റിൽ അവാർഡ്,

ഉത്തരകേരള കവിത സാഹിത്യവേദി കണ്ണൂർ നല്കിയ അക്ഷര അവാർഡ്, മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി ജന്മശതാബ്ദി ഓർമ്മ യ്ക്കായി ഏർപ്പെടുത്തിയ 'വൈദികശ്രേഷ്ഠ' അവാർഡ്, സിറ്റിസൺ ഇന്റഗ്രേഷൻ പീസ് സൊസൈറ്റി ഡൽഹി ഏർപ്പെടുത്തിയ 'ഭാരത് ഗൗരവ്' പുരസ്ക്കാർ, 2018 ലെ കെ.സി.ബി.സിയുടെ ഗുരുശ്രേഷ്ഠ അവാർഡ് എന്നിവ ചാലിലച്ചൻ എന്ന മഹത് വ്യക്തിക്ക് ലഭിച്ചു.

ബഹു. ചാലിലച്ചന്റെ ജീവചരിത്രം ഒരു മഹാത്ഭുതമായി നില കൊള്ളുന്നു. മലബാറിലെ ജനത്തിന്റെ മനസ്സിൽ ചിരപ്രതിഷ്ഠ നേടിയ പുഞ്ചിരിക്കുന്ന മുഖമായിരുന്നു ചാലിലച്ചന്റേത്. യുഗപ്രഭാവനായ ചാലിലച്ചന്റെ ചരിത്രം തലശ്ശേരി അതിരൂപതയുടെ ചരിത്രം കൂടിയാണ്. നമ്മുടെ അതിരൂപത സപ്തതിയിലേയ്ക്ക് പ്രവേശിക്കുകയാണ്. കഴിഞ്ഞ 70 വർഷത്തെ ചരിത്രത്തിൽ ബഹു. ചാലിലച്ചനെപോലെ ഒരു വൈദികൻ മലബാറിലെ ദൈവജനത്തിന് വിളക്കുമരം ആയിട്ടില്ല. താപസവര്യനായ ഒരു ശ്രേഷ്ഠവൈദികൻ അരങ്ങൊഴിയുമ്പോൾ തലശ്ശേരി അതിരൂപതയുടെ വൈദികകൂട്ടായ്മയും ദൈവജനവും ശൂന്യതയനുഭവിക്കുന്നുണ്ട്. ശാന്തതയും കാരുണ്യവും എളിമയും നിശ്ച യദാർഢ്യവും കഠിനാദ്ധ്വാനവും അച്ചന്റെ വ്യക്തിത്വത്തിന്റെ പ്രത്യേ കതകളായിരുന്നു. നല്ലവനായ ദൈവം സഭയ്ക്ക് പ്രത്യേകിച്ച് തല ശ്ശേരി അതിരൂപതയ്ക്ക് നല്കിയ മാണിക്യമായിരുന്നു ബഹു. ചാലി ലച്ചൻ. അങ്ങയുടെ സ്മരണ സൂര്യനുള്ളിടത്തോളം കാലം ഇവിടെ നിലനിൽക്കും. വന്ദ്യപുരോഹിതാ, തന്റെ ദൗത്യം ഏറ്റവും ശ്രേഷ്ഠ മായി പൂർത്തിയാക്കി നിത്യപുരോഹിതനായ ഈശോയുടെ തിരുമുഖം ദർശിക്കുവാനുള്ള അങ്ങയുടെ യാത്രയ്ക്ക് മംഗളങ്ങൾ!

തലശ്ശേരി അതിരൂപതയുടെ ആദരാഞ്ജലികൾ

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
ചാൻസലർ

# 2023 ഫെബ്രുവരി 28 ന് കൂടിയ വൈദികസമിതി സമ്മേളന റിപ്പോർട്ട്

തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോനാ ദൈവാലയ ഓഡിറ്റോറിയത്തിൽ 2023 ഫെബ്രുവരി 28 ന് ഈ വർഷത്തെ ആദ്യത്തെ തലശ്ശേരി അതിരൂപത വൈദിക സമ്മേളനം നടന്നു. രാവിലെ 10 മണിക്ക് റവ. ഫാ. കുര്യാക്കോസ് പ്ലാവുനില്ക്കുംപറമ്പിൽ നേതൃത്വം നല്കിയ പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. ആന്റണി മുതുകുന്നേൽ യോഗത്തിന് സ്വാഗതം ആശംസിച്ചു. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് യോഗത്തിൽ അദ്ധ്യക്ഷനായിരുന്നു. ആർച്ച്ബിഷപ്പ് എമിരറ്റസ് മാർ ജോർജ് ഞറളക്കാട്ട് പിതാവ് യോഗം ഉദ്ഘാടനം ചെയ്തു. വൈദിക സമ്മേളനത്തിന്റെ ആദ്യഭാഗത്ത് മാനന്തവാടി രൂപതയുടെ സഹായമെത്രാനായി നിയമിതനായ അഭിവന്ദ്യ മാർ അലക്സ് താരാമംഗലം പിതാവിന് ആദരവ് നല്കുന്ന ചടങ്ങായിരുന്നു. ആർച്ച്ബിഷപ്പ് എമിരറ്റസ് മാർ ജോർജ് വലിയമറ്റം പിതാവ് യോഗത്തിൽ അനുഗ്രഹപ്രഭാഷണം നടത്തി. തലശ്ശേരി അതിരൂപത വൈദികകൂട്ടായ്മ മാനന്തവാടി രൂപതയ്ക്കു നല്കിയ ഏറ്റവും വിശിഷ്ടമായ സമ്മാനമാണ് അഭിവന്ദ്യ അലക്സ് പിതാവെന്ന് അദ്ധ്യക്ഷപ്രസംഗത്തിൽ അഭിവന്ദ്യ പാംപ്ലാനി പിതാവ് പ്രസ്താവിച്ചു. വൈദികരുടെ പ്രതിനിധിയായി വായാട്ടുപറമ്പ് ഫൊറോനാ വികാരി റവ. ഫാ. തോമസ് തെങ്ങുംപള്ളിൽ ആശംസകൾ അറിയിച്ചു സംസാ രിച്ചു. വികാരി ജനറൽ മോൺ. ജോസഫ് ഒറ്റപ്ലാക്കൽ ഉപഹാരസമർപ്പണം നടത്തി. തലശ്ശേരി വൈദിക കൂട്ടായ്മയോടുള്ള നന്ദിയും കടപ്പാടും എന്നും ഹൃദയത്തിൽ സൂക്ഷിക്കുന്നുവെന്ന് മറുപടി പ്രസംഗത്തിൽ അഭിവന്ദ്യ മാർ താരാമംഗലം അലക്സ് പിതാവ് പറഞ്ഞു.

പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പ മോൺസിഞ്ഞോർ പദവിയിലേയ്ക്ക് ഉയർത്തിയ ബഹു. തോമസ് മണ്ണൂരാംപറമ്പിലച്ചനെയും ഈ വൈദിക സമ്മേളനത്തിൽ വച്ച് അനുമോദിച്ചു. മോൺ. തോമസ് മണ്ണൂരാംപറമ്പിലിന്റെ സംഭാവനകൾ ഒരിക്കലും വിസ്മരിക്കാനാവാത്തവിധം അമൂല്യമാണെന്നും തലശ്ശേരി അതിരൂപതാ വൈദിക സമ്മേളനത്തിന് അദ്ദേഹം ഒരഭിമാനമാണെന്നും അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് പ്രസ്താവിച്ചു.

വൈദികസമ്മേളനത്തിന്റെ രണ്ടാം ഭാഗത്ത് വിവിധ ഡിപ്പാർട്ടുമെന്റുകളുടെ ഏകീകരണത്തെക്കുറിച്ചുള്ള വിഷയാവതരണം വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി നടത്തി. അതിരൂപതയിലെ വിവിധ അപ്പസ്തോലേറ്റുകൾ കൂടുതൽ പ്രവർത്തനക്ഷമമാക്കുവാൻ ഉതകുന്ന നിർദ്ദേശവും അഭിപ്രായങ്ങളും ബഹു. വൈദികരുടെ

ഭാഗത്തുനിന്നും ഉണ്ടായി. വൈദികക്ഷേമത്തെക്കുറിച്ചുള്ള വിഷയാവതരണം അതിരൂപതാ പ്രൊക്യൂറേറ്റർ റവ. ഫാ. ജോസഫ് കാക്കരമറ്റത്തിൽ നടത്തി. വിയാനി ഫണ്ട് എന്ന പേരിൽ വിവിധ രീതിയിൽ വൈദിക ക്ഷേമത്തിനുവേണ്ടി സാമ്പത്തിക സ്രോതസുകൾ കണ്ടെത്തുന്നതിനെക്കുറിച്ചുള്ള ചർച്ചകൾ ഉണ്ടായി. നിലവിലെ സാഹചര്യത്തിൽ വൈദികക്ഷേമത്തിന്റെ സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ച് പ്രൊക്യൂറേറ്റർ സൂചിപ്പിച്ചു. ബഹു. വൈദികർ തങ്ങൾക്കു കഴിയും വിധം ഈ ഫണ്ടിലേക്ക് പണം സംഭാവന ചെയ്യുവാനും ഉപകാരികളെ ഇടവകകളിൽനിന്നും കണ്ടെത്തുവാനുമുള്ള നിർദ്ദേശങ്ങളും ഉണ്ടായി. വിയാനി ഫണ്ടിനെ സംബന്ധിച്ച് ഒരു സർക്കുലർ അഭിവന്ദ്യ പിതാവ് എഴുതണമെന്ന അഭിപ്രായവുമുണ്ടായി.

Students Accompainment Programme-നെക്കുറിച്ചുള്ള വിഷയാവതരണം പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. ആന്റണി മുതുകുന്നേൽ നടത്തി. പഠനത്തിൽ മികവു പുലർത്തുന്ന കുട്ടികളെ അനുധാവനം ചെയ്യുകയും അവരെ സഹായിക്കുന്ന പദ്ധതി മതബോധന കേന്ദ്രത്തിന്റെ സഹായത്തോടെ നടപ്പിലാക്കാൻ തീരുമാനിച്ചു.

ബയോമൗണ്ടൻ പ്രവർത്തനങ്ങളെക്കുറിച്ച് ടി.എസ്.എസ്. ഡയറക്ടർ റവ. ഫാ. സ്കറിയ നിരപ്പേൽ സംസാരിച്ചു. വെള്ളരിക്കുണ്ട് സെന്റ് ജൂഡ് കോളേജിനെക്കുറിച്ചും നിർമ്മലഗിരി ആട്സ് ആന്റ് സയൻസ് അക്കാദമി (NASA) പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള വിവരങ്ങൾ വൈദിക സമ്മേളനത്തെ അറിയിച്ചു. അജപാലനവിഷയങ്ങളും മറ്റ് കാലിക പ്രസക്തമായ വിഷയങ്ങളും ചർച്ചയ്ക്കു വിഷയമായി. തലശ്ശേരി രൂപത പ്രഥമ മെത്രാനായിരുന്ന അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിനെ ദൈവദാസനായി പ്രഖ്യാപിക്കാനുള്ള ദൈവജനത്തിന്റെ ആവശ്യം പരിഗണിച്ച് അതുമായി ബന്ധപ്പെട്ട നടപടികൾ ആരംഭിക്കുന്നതിനെക്കുറിച്ച് അഭിവന്ദ്യ പാംപ്ലാനി പിതാവ് വൈദിക സമ്മേളനത്തെ അറിയിച്ചു. പ്രധാനമന്ത്രി ജൻവികാസ് കാര്യക്ഷേമ പദ്ധതിപ്രകാരം കണ്ണൂർ ജില്ലയിൽനിന്നുള്ള ന്യൂനപക്ഷ പ്രതിനിധിയായി തിരഞ്ഞെടുക്കപ്പെട്ട റവ. ഫാ. ജോസഫ് കാവനാടിയെയും ധനലക്ഷ്മി ബാങ്കിന്റെ മികച്ച NGO അവാർഡ് നേടിയ ടി.എസ്.എസ്. സൊസൈറ്റി ഡയറക്ടർ റവ. ഫാ. സ്കറിയ നിരപ്പേലിനെയും യോഗം അനുമോദിച്ചു. ബഹു. വൈദികർക്കുള്ള പൊതുനിർദ്ദേശങ്ങൾ അഭിവന്ദ്യ പിതാവ് നല്കി. വികാരി ജനറാൾ മോൺ. മാത്യു ഇളംതുരുത്തിപ്പടവിന്റെ നന്ദിയോടെ യോഗം അവസാനിച്ചു.

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*സെക്രട്ടറി*

## 2023 ഫെബ്രുവരി 11ന് ചെമ്പേരി വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ ചേർന്ന തലശ്ശേരി അതിരൂപതാ പാസ്റ്ററൽ കൗൺസിൽ യോഗ റിപ്പോർട്ട്

ചെമ്പേരി വിമൽജ്യോതി എഞ്ചീനീയറിംഗ് കോളേജ് ഓഡിറ്റോറിയത്തിൽ 2023 ഫെബ്രുവരി 11ന് രാവിലെ 10 മണിക്ക് തലശ്ശേരി അതിരൂപതാ 18-ാമത് പാസ്റ്ററൽ കൗൺസിലിന്റെ ആറാമത് യോഗം ബഹു. ജോസഫ് വയലുങ്കൽ അച്ചൻ നേതൃത്വം നല്കിയ പ്രാർത്ഥനയോടെ ആരംഭിച്ചു. തലശ്ശേരി അതിരൂപത പ്രോട്ടോ സിഞ്ചെല്ലൂസ് ബഹു. മോൺ. ആന്റണി മുതുകുന്നേൽ സ്വാഗതം ആശംസിച്ചു. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി മിസ്റ്റർ ജോർജ് തയ്യിൽ കഴിഞ്ഞ മീറ്റിംഗിന്റെ റിപ്പോർട്ട് അവതരിപ്പിച്ചു. തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് യോഗത്തിന്റെ അദ്ധ്യക്ഷനും ഉദ്ഘാടകനും ആയിരുന്നു. മലയോരജനതയുടെ വിവിധ പ്രശ്നങ്ങളെ പരാമർശിച്ചുകൊണ്ടായിരുന്നു അഭിവന്ദ്യ പിതാവിന്റെ അദ്ധ്യക്ഷപ്രസംഗം. വന്യമൃഗങ്ങൾ ഉയർത്തുന്ന ഭീഷണിയിലാണ് കർഷകരുടെ ജീവിതമെന്നും കർഷകരുടെ ജീവൻതന്നെ അപകടത്തിലായിട്ടും ഗവൺമെന്റ് ഈ പ്രശ്നങ്ങൾക്ക് ക്രിയാത്മകമായി ഇടപെടാത്തത് പ്രതിഷേധാർഹവുമാണെന്ന് പിതാവ് പ്രസ്താവിച്ചു. സഭാകൂട്ടായ്മയെ ശക്തിപ്പെടുത്തുന്ന പ്രവർത്തനങ്ങൾക്ക് ഊന്നൽ നല്കിക്കൊണ്ടുള്ള പദ്ധതികൾ അതിരൂപതയുടെ സപ്തതിവർഷത്തിൽ രൂപപ്പെടുത്തണമെന്നും അതിരൂപതയുടെ പ്ലാറ്റിനം ജൂബിലിയിലേയ്ക്കുള്ള അടുത്ത അഞ്ച് വർഷങ്ങൾ മലബാറിന്റെ വികസനത്തിനായി കുടിയേറ്റ ജനത നല്കിയ സേവനങ്ങൾ ഉയർത്തിക്കാട്ടിക്കൊണ്ട് കൂടുതൽ ജനക്ഷേമപരമായതും കർഷകപക്ഷത്ത് നില്ക്കുന്നതുമായ പദ്ധതികൾ വിഭാവനം ചെയ്തുകൊണ്ട് പ്രവർത്തിക്കണമെന്ന് അഭിവന്ദ്യ പിതാവ് ആഹ്വാനം ചെയ്തു.

സീറോമലബാർ സഭയുടെ വിശുദ്ധ കുർബാന നവീകരണത്തിൽ ശ്രേഷ്ഠമായ പങ്കുവഹിച്ച പ്രശസ്ത ആരാധനക്രമ പണ്ഡിതൻ തലശ്ശേരി അതിരൂപതാംഗമായ ബഹു. ഡോ. തോമസ് മണ്ണൂരാംപാറമ്പിലിനെ മോൺസിഞ്ഞോർ പദവിയുടെ സ്ഥാനചിഹ്നങ്ങൾ പാസ്റ്ററൽ കൗൺസിൽ യോഗത്തിൽവച്ച് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് അണിയിച്ചു. അതിരൂപതാ ജുഡീഷ്യൽ വികാർ റവ. ഡോ. ജോൺസൺ കോവൂർപുത്തൻപുരയിൽ ബഹു. തോമസ് മണ്ണൂരാംപറമ്പിലച്ചനെ മോൺസിഞ്ഞോർ പദവിയിലേയ്ക്ക് ഉയർത്തിക്കൊണ്ടുള്ള പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ ബൂള വായിച്ചു. സീറോമലബാർ സഭയ്ക്ക് തലശ്ശേരി അതിരൂപത നല്കിയ ഏറ്റവും ശ്രേഷ്ഠമായ സംഭാവനയാണ് ബഹു. തോമസ് മണ്ണൂരാംപറമ്പിലച്ചൻ എന്ന്

അഭിവന്ദ്യ പിതാവ് അനുമോദന പ്രസംഗത്തിൽ പറഞ്ഞു. അതിരൂപതാ പ്രൊക്യൂറേറ്റർ ബഹു. ഫാ. ജോസഫ് കാക്കരമറ്റത്തിൽ അതിരൂപതാ പാസ്റ്ററൽ കൗൺസിലിന്റെ ആശംസകൾ അറിയിച്ചു. വികാരി ജനറാൾ മോൺ. ജോസഫ് ഒറ്റപ്ലാക്കൽ പൊന്നാടയണിയിച്ചു. അതിരൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ജോർജ് തയ്യിൽ ഉപഹാരം സമർപ്പിച്ചു. ബഹു. തോമസ് മണ്ണൂരാംപറമ്പിലച്ചന്റെ ജീവിതത്തെക്കുറിച്ചുള്ള ഡോക്യുമെന്ററിയും പ്രദർശിപ്പിച്ചു. തുടർന്ന് ബഹു. തോമസ് മണ്ണൂരാംപറമ്പിൽ മറുപടി പ്രസംഗം നടത്തി.

തലശ്ശേരി അതിരൂപതാ കെ.സി.വൈ.എം - എസ്.എം.വൈ.എം. പ്രവർത്തകർ ലഹരിക്കെതിരെ ഒരുക്കിയ തെരുവുനാടകം പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾക്കു മുമ്പിൽ അവതരിപ്പിച്ചു.

പഠനത്തിൽ മികവ് പുലർത്തുന്ന കുട്ടികൾക്കുവേണ്ടിയുള്ള പദ്ധതികൾ സംബന്ധിച്ച് (Students Accompainment Programme) വികാരി ജനറാൾ മോൺ. ആന്റണി മുതുകുന്നേലും വിവിധ വകുപ്പുകളുടെ ഏകീകരണം എന്ന വിഷയത്തിൽ വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴിയും അതിരൂപത പ്ലാറ്റിനം ജൂബിലി കർമ്മപദ്ധതികൾ എന്ന വിഷയത്തിൽ വികാരി ജനറാൾ മോൺ. മാത്യു ഇളംതുരുത്തിപടവിലും വൈദികക്ഷേമത്തിനുള്ള വിയാനി ഫണ്ട് എന്ന വിഷയത്തിൽ അതിരൂപതാ പ്രൊക്യൂറേറ്റർ റവ. ഡോ. ജോസഫ് കാക്കരമറ്റത്തിലും ഗവൺമെന്റിന്റെ പുതിയ വിദ്യാഭ്യാസ നയത്തെക്കുറിച്ച് കോർപ്പറേറ്റ് മാനേജർ റവ. ഫാ. മാത്യു ശാസ്താംപടവിലും വിഷയാവതരണങ്ങൾ നടത്തി. വികാരി ജനറാൾ മോൺ. ജോസഫ് ഒറ്റപ്ലാക്കൽ ചർച്ചകൾക്ക് മോഡറേറ്ററായിരുന്നു.

അതിരൂപത പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾ സംബന്ധിച്ച് കർമപദ്ധതി തയ്യാറാക്കാൻ ഫാ. ജോസഫ് കാവനാടിയിൽ, ഫാ. പയസ് പടിഞ്ഞാറെമുറിയിൽ, ഡോ. എം.കെ, മാത്യു മണ്ഡപത്തിൽ, ഷിനോ പാറയ്ക്കൽ, ജോയൽ തൊട്ടിയിൽ, സിസ്റ്റർ ജസീന്ത N.S., സിസ്റ്റർ അഞ്ജലി F.C.C. എന്നിവരുടെ നേതൃത്വത്തിലുള്ള കമ്മിറ്റിക്ക് രൂപം നല്കി. വിയാനി ഫണ്ട് സംബന്ധിച്ചുള്ള ഏകോപനത്തിനായി റവ. ഫാ. ജോസഫ് കാക്കരമറ്റത്തിൽ, മി. മാത്തുക്കുട്ടി പന്തപ്ലാക്കൽ, മി. ഡി.പി. ജോസ്, ശ്രീമതി ഐ.സി. മേരി എന്നിവരുടെ നേതൃത്വത്തിൽ കമ്മിറ്റികളും രൂപീകരിച്ചു. പ്രധാൻ മന്ത്രി ജൻവികാസ് കാര്യക്രം പദ്ധതി ജില്ലാ കമ്മിറ്റി അംഗമായി തെരഞ്ഞെടുക്കപ്പെട്ട റവ. ഫാ. ജോസഫ് കാവനാടി അച്ചനെ ആർച്ച്ബിഷപ്പ് ആദരിച്ചു. അതിരൂപത ചാൻസലർ റവ. ഫാ. ജോസഫ് മുട്ടത്തുകുന്നേൽ നന്ദിപറഞ്ഞു.

**ജോർജ് തയ്യിൽ**

*സെക്രട്ടറി*

# വിശ്വാസ പരിശീലനം

"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും
മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്കാ 2:52).

## 1. വാർഷികപരീക്ഷ I - XI – ഏപ്രിൽ 15 ശനി

1 മുതൽ 11 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ വാർഷിക പരീക്ഷ വിശ്വാസോത്സവത്തിനുശേഷം **ഏപ്രിൽ 15 ശനിയാഴ്ച രാവിലെ 9 മണി മുതൽ 11 മണിവരെ** ആയിരിക്കും. പരീക്ഷയ്ക്ക് പാഠപുസ്തകത്തിലെ എല്ലാ അദ്ധ്യായങ്ങളിൽ നിന്നും ഉപപാഠ പുസ്തകത്തിൽ നിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കും.

## 2. മാർക്ക് വിഭജനം

**ക്ലാസ്സ് 1–3**

പാഠപുസ്തകം – 50 മാർക്ക്
ഉപപാഠം – 20 മാർക്ക്

**ക്ലാസ്സ് 4–11**

പാഠപുസ്തകം – 50 മാർക്ക്
ഉപപാഠം – 10 മാർക്ക്
നമസ്ക്കാരം – 05 മാർക്ക്
ജനറൽ ചോദ്യങ്ങൾ – 05 മാർക്ക്

## 3. ജനറൽ ചോദ്യങ്ങൾ

ഈസ്റ്റർ പരീക്ഷയുടെ ജനറൽ ചോദ്യങ്ങൾ പ്രധാനാധ്യാപക രുടെ വാട്സ് ആപ്പ് ഗ്രൂപ്പുവഴി നൽകിയിരുന്നല്ലോ. **4 മുതൽ 7 വരെയുള്ള ക്ലാസുകൾക്കും 8 മുതൽ 11 വരെയുള്ള ക്ലാസുകൾക്കും** വ്യത്യസ്ത ജനറൽ ചോദ്യങ്ങളാണ് ഉള്ളത്. അധ്യാപകർ ജനറൽ ചോദ്യ ങ്ങൾ കുട്ടികൾക്ക് നല്കി അവരെ പരീക്ഷയ്ക്ക് ഒരുക്കേണ്ടതാണ്.

## 4. വിശ്വാസോത്സവം – ഏപ്രിൽ 10 മുതൽ 13 വരെ

വിശ്വാസോത്സവം ഏപ്രിൽ 10 മുതൽ 13 വരെയാണ്. ദിവസ ത്തിന്റെ എണ്ണവും സമയക്രമവും എല്ലാ സൺഡേസ്കൂളുകളും പാലിക്കുമല്ലോ. വിശ്വാസോത്സവ ദിവസങ്ങളിൽ ധ്യാനമോ, സെമിനാറുകളോ സംഘടിപ്പിക്കരുത്.

**വിശ്വാസോത്സവ ഫൊറോനാതല പഠനശിബിരം**

മാർച്ച് 11, 19, 26 ദിവസങ്ങളിൽ അതിരൂപതയിലെ 16 ഫൊറോനകളിലും വിശ്വാസോത്സവ പഠനശിബിരം നടത്തി. ക്ലാസ്സുകൾക്ക് നേതൃത്വം നൽകിയ ബഹു. വൈദികർക്കും റിസോഴ്സ് ടീം അംഗങ്ങൾക്കും ക്ലാസ്സിൽ പങ്കെടുത്ത എല്ലാ വിശ്വാസപരിശീലകർക്കും നന്ദി.

**വിശ്വാസോത്സവ ആൽബം**

ഈ വർഷം വിശ്വാസോത്സവത്തോടനുബന്ധിച്ച് കുട്ടികൾ ആൽബം തയ്യാറാക്കേണ്ടതാണ്. അധ്യാപകർ കുട്ടികൾക്കുവേണ്ട നിർദ്ദേശങ്ങൾ നല്കി അവരെ ഒരുക്കുമല്ലോ. **വിഷയം: ദൈവാരാധന**

ഈ വർഷത്തെ വിശ്വാസോത്സവം ദൈവാരാധന എന്ന വിഷയത്തെക്കുറിച്ചാണ്. കുട്ടികളുടെ വിശ്വാസോത്സവ വർക്കുബുക്കിനെ ആസ്പദമാക്കി ആൽബം തയ്യാറാക്കേണ്ടതാണ്. ആൽബത്തിൽ ദൈവാരാധനയെക്കുറിച്ചുള്ള ചിത്രങ്ങൾ, വാർത്തകൾ, പേപ്പർ കട്ടിംഗ്സ് etc. ഉണ്ടായിരിക്കണം. കൂടാതെ ഈ വിഷയത്തെ സംബന്ധിച്ച് കുറഞ്ഞത് 3 ലേഖനങ്ങളും ആൽബത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. ഒന്നാമത്തെ ലേഖനം അധ്യാപകരിൽ ഒരാളും രണ്ടും മൂന്നും ലേഖനങ്ങൾ അധ്യാപകരുടെ സഹായത്തോടെ കുട്ടികളും എഴുതുക. ലേഖനങ്ങൾ 4 പേജിൽ കവിയരുത്.

**ശ്രദ്ധിക്കുക:** ആൽബം അധ്യാപകരുടെ സഹായത്തോടെ കുട്ടികളാണ് തയ്യാറാക്കേണ്ടത്. ആൽബത്തിന്റെ വലുപ്പം 14 ഇഞ്ച് നീളം, 11 ഇഞ്ച് വീതി. ആൽബം 50 പേജിൽ കൂടാൻ പാടില്ല. ഡിജിറ്റൽ ആൽബം മോഡലിൽ ലേസർ പ്രിന്റും മറ്റും ഉപയോഗിക്കാം. എന്നാൽ അവ 8 പേജിൽ കൂടരുത്. ഇടവകയിലെ ഏറ്റവും നല്ല ആൽബം ഏപ്രിൽ 16-ന് ഫൊറോനയിൽ എത്തിക്കുക. ഫൊറോനയിലെ മികച്ച രണ്ട് ആൽബങ്ങൾ ഏപ്രിൽ 23-ന് മുമ്പായി അതിരൂപതയിൽ എത്തിക്കേണ്ടതാണ്.

## 5. സ്കോളർഷിപ്പ് പരീക്ഷ

നാല്, ഏഴ്, പത്ത് ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് പരീക്ഷ ഉണ്ടായിരിക്കും. ▶ ഉത്തര പേപ്പറുകൾ ഫൊറോനാ തലത്തിൽ മൂല്യനിർണ്ണയം നടത്തി ഏറ്റവും കൂടുതൽ മാർക്ക് നേടിയ മൂന്ന് ഉത്തരപേപ്പറുകൾ ഏപ്രിൽ 24 തിങ്കളാഴ്ചക്കുള്ളിൽ വിശ്വാസപരിശീലനകേന്ദ്രം ഓഫീസിൽ എത്തിക്കേണ്ടതാണ്. ▶ അതിരൂപതാതലത്തിലുള്ള സ്കോളർഷിപ്പ് ഫലം പ്രസിദ്ധീകരിച്ചതിനുശേഷം മാത്രമേ ഫൊറോനാതലത്തിലുള്ള ഫലം പ്രസിദ്ധപ്പെടുത്താവൂ.

## 6. ബിഷപ്പ് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി തീർത്ഥാടനവും മലബാർ കുടിയേറ്റ അനുസ്മരണ എക്സിബിഷനും

ഏപ്രിൽ 4-ാം തീയതി അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ 17-ാം ചരമവാർഷികം ആചരിക്കുകയാണല്ലോ. വിശ്വാസപരി

ശീലനകേന്ദ്രത്തിന്റെ നേതൃത്വത്തിൽ മിഷൻലീഗ്, കെ.സി.വൈ.എം/ എസ്.എം.വൈ.എം, മാതൃവേദി etc., തുടങ്ങിയ ഭക്തസംഘടനകളുടെ സഹ കരണത്തോടെ ഏപ്രിൽ 10 മുതൽ 13 വരെയുള്ള തീയതികളിൽ **"മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി തീർത്ഥാടന"** ദിനമായി ആചരിക്കുകയാണ്. ഏപ്രിൽ 10 മുതൽ 13 വരെയുള്ള ദിവസങ്ങളിൽ ഫൊറോന അടിസ്ഥാന ത്തിൽ അതിരൂപതയിലെ മുഴുവൻ സൺഡേ സ്കൂളുകളിലെയും പത്ത്, പതിനൊന്ന് ക്ലാസ്സുകളിലെ കുട്ടികൾ ക്ലാസ്സ് അധ്യാപകരുടെ നേതൃത്വത്തിൽ വള്ളോപ്പിള്ളി പിതാവിന്റെ കബറിടത്തിങ്കലേക്ക് തീർത്ഥയാത്ര നടത്തുന്നു. മലബാർ കുടിയേറ്റത്തിന്റെ പ്രാധാന്യത്തെയും വള്ളോപ്പിള്ളി പിതാവിന്റെ സംഭാവനകളെയും പരിചയപ്പെടുത്തുന്ന വിവിധ കർമ്മപദ്ധതികളാണ് പ്രസ്തുത ദിനങ്ങളിൽ ആവിഷ്ക്കരിച്ചിരിക്കുന്നത്. ഈ തീർത്ഥാടനം വിജയ മാക്കുന്നതിനുവേണ്ടി എല്ലാ ബഹു. വികാരിയച്ചന്മാരുടെയും വിശ്വാസ പരിശീലകരുടെയും എല്ലാ ഭക്തസംഘടനകളുടെയും സഹായ സഹകരണ ങ്ങൾ പ്രതീക്ഷിക്കുന്നു.

## ക്രമീകരണങ്ങൾ

1. ഏപ്രിൽ 10 മുതൽ 13 വരെയുള്ള തീയതികളിലാണ് തീർത്ഥാടനം സംഘടിപ്പിക്കുന്നത്.
2. എല്ലാദിവസവും രാവിലെ 9.30നും 11.30നും വി. ബലിയർപ്പണം ഉണ്ടായി രിക്കും. സൺഡേ സ്കൂൾ കുട്ടികൾ താഴെ പറഞ്ഞിരിക്കുന്ന ക്രമമനുസ രിച്ച് ഫൊറോന അടിസ്ഥാനത്തിൽ വി. ബലിയിൽ പങ്കെടുക്കേണ്ടതാണ്.

| | | | |
|---|---|---|---|
| ഏപ്രിൽ 10 തിങ്കൾ | വി. കുർബാന | 09.30 | - പൈസക്കരി, ചെമ്പേരി |
| ഏപ്രിൽ 10 തിങ്കൾ | വി. കുർബാന | 11.30 | - ചെറുപുഴ, മേരിഗിരി |
| ഏപ്രിൽ 11 ചൊവ്വ | വി. കുർബാന | 09.30 | - ആലക്കോട്, ചെമ്പന്തൊട്ടി |
| ഏപ്രിൽ 11 ചൊവ്വ | വി. കുർബാന | 11.30 | - വെള്ളരിക്കുണ്ട്, മാലോം, പനത്തടി |
| ഏപ്രിൽ 12 ബുധൻ | വി. കുർബാന | 09.30 | - പേരാവൂർ, തളിപ്പറമ്പ് |
| ഏപ്രിൽ 12 ബുധൻ ഡ്, | വി. കുർബാന | 11.30 | - കാഞ്ഞങ്ങാട്, കാസർഗോ തോമാപുരം |
| ഏപ്രിൽ 13 വ്യാഴം | വി. കുർബാന | 09.30 | - എടൂർ, കുന്നോത്ത് |
| ഏപ്രിൽ 13 വ്യാഴം | വി. കുർബാന | 11.30 | - മണിക്കടവ്, വായാട്ടുപറമ്പ്, നെല്ലിക്കാംപൊയിൽ |

3. രാവിലെ 9.30ന്റെ വി. ബലിയിൽ പങ്കെടുക്കേണ്ട ഇടവകകൾ കത്തീഡ്രൽ പള്ളി യുടെ മുമ്പിലെത്തി രജിസ്ട്രേഷൻ നടത്തേണ്ടതാണ്. കുട്ടികൾക്ക് റിഫ്രഷ്മെന്റ് സൗകര്യങ്ങൾ സാൻജോസ് മെട്രോപോളിറ്റൻ സ്കൂളിലും മൈനർ സെമിനാ രിയിലുമായി ക്രമീകരിക്കുന്നതാണ്. വി. ബലിക്കുശേഷം സാൻജോസ് മെട്രോപോളിറ്റൻ സ്കൂളിലും മൈനർ സെമിനാരിയിലുമായി സജ്ജീക

രിച്ചിരിക്കുന്ന എക്സിബിഷൻ സെന്ററുകൾ സന്ദർശിക്കാവുന്നതാണ്.

4. 11.30ന്റെ വി. ബലിയർപ്പണത്തിൽ പങ്കെടുക്കേണ്ട ഇടവകകൾ സന്ദേശഭവനിലെത്തി രജിസ്ട്രേഷൻ നടത്തേണ്ടതാണ്. റിഫ്രഷ്മെന്റ് സൗകര്യം സന്ദേശഭവനിൽ ക്രമീകരിക്കുന്നതാണ്. വി. ബലിക്കു മുമ്പായി ബിഷപ്സ് ഹൗസിലെ മ്യൂസിയം, സന്ദേശഭവനിലെ എക്സിബിഷൻ സെന്ററുകൾ, സാൻജോസ് മെട്രോപോളിറ്റൻ സ്കൂളിലെ എക്സിബിഷൻ സെന്ററുകൾ എന്നിവ സന്ദർശിക്കാവുന്നതാണ്.

5. കുട്ടികൾക്ക് ഉച്ചഭക്ഷണം നല്കുന്നതാണ്. ഒരു കുട്ടി 130 രൂപ രജിസ്ട്രേഷൻ ഫീസായി നൽകണം. രാവിലെ 9.30ന്റെ വി. കുർബ്ബാനയിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് സന്ദേശഭവനിലും 11.30ന്റെ വി. കുർബാനയിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് മൈനർ സെമിനാരിയിലും ഉച്ചഭക്ഷണം ക്രമീകരിക്കുന്നതാണ്. വരുന്ന കുട്ടികളുടെയും സ്റ്റാഫിന്റെയും എണ്ണം **മാർച്ച്** 27-നുമുമ്പായി നിർബന്ധമായും ഓഫീസിൽ അറിയിക്കേണ്ടതാണ്.

6. ഉച്ചകഴിഞ്ഞ് 3 മണിയോടെ മടങ്ങിപോകാൻ കഴിയത്തക്കവിധമാണ് പ്രോഗ്രാം ക്രമീകരിച്ചിട്ടുള്ളത്. **വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.**

## 7. അവധിക്കാല വേദപാഠം ഏപ്രിൽ 17-21

സൺഡേസ്കൂളിൽ റഗുലറായി പഠിക്കാൻ സാധിക്കാത്ത 6 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന നവോദയ, സ്പോർട്സ് സ്കൂളുകളിലെ കുട്ടികൾക്കു മാത്രമുള്ള അവധിക്കാല വിശ്വാസപരിശീലന ക്ലാസുകൾ ഏപ്രിൽ 17ന് രാവിലെ 9.30 മുതൽ 21-ാം തീയതി ഉച്ചക്ക് 1 മണിവരെ സന്ദേശഭവനിൽ വച്ച് നടത്തപ്പെടുന്നു. ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികൾ നിർബന്ധമായും വിശ്വാസോത്സവത്തിൽ പങ്കെടുക്കണം. കൂടാതെ ബഹു. വികാരിയച്ചന്റെ കത്ത്, പാഠപുസ്തകം, ബൈബിൾ, കുർബാന പുസ്തകം, പ്രോഗ്രസ് കാർഡ്, ബെഡ്ഷീറ്റ്, ടോയ്‌ലറ്റ് സാധനങ്ങൾ എന്നിവ കൊണ്ടുവരേണ്ടതാണ്. 12-ാം ക്ലാസിലെ കുട്ടികൾ അസൈൻമെന്റ് എഴുതികൊണ്ടു വരണം. ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികൾ ഏപ്രിൽ 2-ന് മുമ്പായി ഹെഡ്മാസ്റ്റർ മുഖേന ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ക്യാമ്പ് ഫീസ് 1800 രൂപയായിരിക്കും. **നവോദയ കുട്ടികളുടെ അവധി ദിവസങ്ങൾ ഇതുവരെ പ്രഖ്യാപിച്ചിട്ടില്ലാത്തതിനാൽ ക്ലാസ്സ് നടക്കുന്ന തീയതിക്ക് മാറ്റം വരാവുന്നതാണ്.**

## 8. ആസ്പെക്ട് - എഴുത്തുപരീക്ഷ

മാർച്ച് 12 ഞായറാഴ്ച നടത്തിയ ആസ്പെക്ട് പരീക്ഷയിൽ പങ്കെടുത്ത എല്ലാ വിശ്വാസപരിശീലകർക്കും ഉത്തരക്കടലാസ് മൂല്യനിർണ്ണയം നടത്തിയ ബഹു. വൈദികർക്കും നന്ദി.

## 9. "എൻലൈറ്റ് 2023"

7, 8, 9 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ആനുകാലിക വിഷയങ്ങൾ ആസ്പദമാക്കി 43 സെന്ററുകളിൽവച്ച് സെമിനാർ നടത്തി.

ക്ലാസ്സുകൾക്ക് നേതൃത്വം നൽകിയ അതിരൂപതാ റിസോഴ്സ് ടീം അംഗങ്ങൾക്കും ഫൊറോന മതബോധന കൗൺസിൽ അംഗങ്ങൾക്കും നന്ദി.

## 10. ഡിപ്ലോമ റിസൾട്ട് 2022-23

തലശ്ശേരി അതിരൂപതാ വിശ്വാസപരിശീലനകേന്ദ്രം 2022-2023 പ്രവർത്തനവർഷത്തിൽ പന്ത്രണ്ടാം ക്ലാസ്സിലെ കുട്ടികൾക്കായി നടത്തിയ സൺഡേ സ്കൂൾ ഡിപ്ലോമാ പരീക്ഷാഫലം ബിഷപ്പ്സ്ഹൗസിൽവെച്ച് നടത്തിയ മീറ്റിംഗിൽ വച്ച് അതിരൂപതാദ്ധ്യക്ഷൻ മാർ ജോസഫ് പാംപ്ലാനി പിതാവ് പ്രഖ്യാപിച്ചു. 216 സൺഡേ സ്കൂളുകളിൽ 158 സൺഡേസ്കൂളുകൾ നൂറ് ശതമാനം വിജയം കരസ്ഥമാക്കി. 3437 കുട്ടികൾ പങ്കെടുത്ത ഡിപ്ലോമാ പരീക്ഷയിൽ 3292 കുട്ടികൾ ഡിപ്ലോമയ്ക്കും 145 കുട്ടികൾ കോഴ്സ് സർട്ടിഫിക്കറ്റിനും അർഹരായി.

| അതിരൂപതാ റാങ്ക് ലിസ്റ്റ് 2022 - 2023 | | | |
|---|---|---|---|
| 1. അൽഫോൻസ കുഴിപ്പള്ളിൽ | ആലക്കോട് | ഒന്നാം റാങ്ക് | 97 |
| 2. റോസ് തോട്ടത്തിൽ | രണ്ടാംകടവ് | രണ്ടാം റാങ്ക് | 96 |
| 3. തോമസ് ആക്കാട്ട് | ഉമ്മറപൊയിൽ | മൂന്നാം റാങ്ക് | 95 |
| 4. റോസ് കാരന്താനം | തളിപ്പറമ്പ് | മൂന്നാം റാങ്ക് | 95 |

| ഫൊറോനാതല റാങ്ക് ലിസ്റ്റ് | ഇടവക | ഫൊറോന |
|---|---|---|
| 1. അൽഫോൻസ കുഴിപ്പള്ളിൽ | ആലക്കോട് | ആലക്കോട് |
| 2. ജിസ്മരിയ പാറൻകുളങ്ങര | ശ്രീകണ്ഠാപുരം | ചെമ്പൻതൊട്ടി |
| 3. ജ്വൽന മരിയ കല്ലംപ്ലാക്കൽ | ചെമ്പേരി | ചെമ്പേരി |
| 4. തോമസ് ആക്കാട്ട് | ഉമ്മറപൊയിൽ | ചെറുപുഴ |
| 5. മരിയ മഞ്ഞളാങ്കൽ | എടൂർ | എടൂർ |
| 6. അൽഫോൻസ തടത്തിമാക്കൽ | കാലിച്ചാനടുക്കം | കാഞ്ഞങ്ങാട് |
| 7. ട്രീസ ആട്ടേൽ | കാസർഗോഡ് | കാസർഗോഡ് |
| 8. റോസ് തോട്ടത്തിൽ | രണ്ടാംകടവ് | കുന്നോത്ത് |
| 9. റോസ്മേരി പുതുപ്പറമ്പിൽ | കൊന്നക്കാട് | മാലോം |
| 10. അന്ന മുളയാനിയിൽ | മുണ്ടാന്നൂർ | മണിക്കടവ് |
| 11. സാന്ദ്ര മരിയ ഇളംപുരയിടത്തിൽ | പച്ചാണി | മേരിഗിരി |
| 12. മരിയ കൊട്ടുകാപള്ളിൽ | വിളമന | നെല്ലിക്കാംപൊയിൽ |
| 13. മരിയ ആളാത്ത് | ചുണ്ടപ്പറമ്പ് | പൈസക്കരി |
| 14. ജോവാനമോൾ മുപ്പതിയിൽ | കൊട്ടോടി | പനത്തടി |
| 15. അനീറ്റ മുണ്ടമറ്റത്തിൽ | ചെങ്ങോം | പേരാവൂർ |
| 16. റോസ് കാരന്താനം | തളിപ്പറമ്പ് | തളിപ്പറമ്പ് |
| 17. റോസ് പാട്ടത്തേൽ | ചട്ടമല | തോമാപുരം |
| 18. ക്ലാര പുല്ലൻകാവുങ്കൽ | കരുവഞ്ചാൽ | വായാട്ടുപറമ്പ് |
| 19. മരിയ തെരേസ് കുമ്പളംതാനത്ത് | വെള്ളരിക്കുണ്ട് | വെള്ളരിക്കുണ്ട് |

## 11. ഡിപ്ലോമ പരീക്ഷ ഉത്തരക്കടലാസ് മൂല്യനിർണയം

2022–2023 പ്രവർത്തനവർഷത്തിൽ ഡിപ്ലോമ പരീക്ഷയെഴുതിയ കുട്ടികളുടെ ഉത്തരക്കടലാസ് മൂല്യനിർണയക്യാമ്പ് മാർച്ച് 3, 4, 5, 11, 12 എന്നീ തിയതികളിൽ നടത്തി. മൂല്യനിർണയക്യാമ്പിൽ സി. ലിസറ്റ് എൻ.എസ്, സി. ഉഷറ്റ് സി.എം.സി, സി. സുനിത എം.എൽ.എഫ്, സി. ജൂലിമരിയ എസ്.എച്ച്, സി. പുഷ്പ ജോസ് സി.എം.സി, സി. ലിറ്റി എൻ.എസ്, സി. സെലിൻ എഫ്.സി.സി, സി. ലിയോണ തേരേസ് എൻ.എസ്, സി. ജെസിൻ എഫ്.സി.സി, സി. ഷൈജി പോൾ എം.എസ്.എം.ഐ, സി. ജോസ്ന ജോസ് സി.എം.സി, സി. ആൻസി ടോം എസ്.എച്ച്, സി. ജിസ് മാത്യു ഡി.എസ്.റ്റി, സി. വിനീത എസ്.എ.ബി.എസ്, സി. ജോസ്മിൻ മരിയ എസ്.എച്ച്, സി. റ്റീന സി.എം.സി, സി. ജെസ്വിൻ എസ്.ഡി, സി. ജെയ്സ് മരിയ എഫ്.സി.സി എന്നിവർ പങ്കെടുത്തു. മൂല്യനിർണയക്യാമ്പിൽ പങ്കെടുത്ത എല്ലാ സിസ്റ്റേഴ്സിനും ഹൃദ്യമായ നന്ദി.

## 12. അതിരൂപതാ വിസിറ്റേഴ്സ് സമ്മേളനം

മാർച്ച് 18 ശനിയാഴ്ച അതിരൂപതാ സൺഡേ സ്കൂൾ സന്ദർശകരുടെ സമ്മേളനം സന്ദേശഭവനിൽവച്ച് നടത്തി. സന്ദർശന റിപ്പോർട്ട് വിസിറ്റേഴ്സ് മീറ്റിംഗിൽ അവതരിപ്പിച്ചു.

## 13. ഹെഡ്മാസ്റ്റർമാരുടെ ഫൊറോന മീറ്റിംഗ്

2022–2023 പ്രവർത്തനവർഷത്തെ സൺഡേ സ്കൂൾ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും വരുന്ന അധ്യയന വർഷത്തെക്കുറിച്ച് പ്ലാൻ ചെയ്യുന്നതിനുമായി മാർച്ച് 7,8,9 തീയതികളിൽ ബഹു. ഹെഡ്മാസ്റ്റർമാരുടെ ഫൊറോന മീറ്റിംഗ് നടത്തി. മീറ്റിംഗിൽ പങ്കെടുത്ത എല്ലാ ഹെഡ്മാസ്റ്റർ മാർക്കും നന്ദി.

## 14. റവ. ബ്രദർ മാത്യു കാവുങ്കൽ സ്കോളർഷിപ്പ്

പഠനത്തിൽ സമർത്ഥരും ഉന്നത വിദ്യാഭ്യാസത്തിന് സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവരുമായ XII–ാം ക്ലാസ് കഴിഞ്ഞ കുട്ടികൾക്കു വേണ്ടി ഏർപ്പെടുത്തിയിരിക്കുന്നതാണ് ഈ സ്കോളർഷിപ്പ്.

## 15. സ്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ

1. XII-ാം ക്ലാസ്സിലെ ഡിപ്ലോമ പരീക്ഷയ്ക്ക് 85% മാർക്ക് കരസ്ഥമാക്കിയിരിക്കണം. 2. കഴിവതും ഓരോ ഫൊറോനയിലും ഒരാൾക്കെങ്കിലും സ്കോളർഷിപ്പ് ലഭിക്കുവാൻ ഇടയാകണം. 3. സാമ്പത്തികശേഷി കുറഞ്ഞവരായിരിക്കണം. 4. ഓരോ കുടുംബത്തിന്റെയും സാമ്പത്തിക ക്ലേശത്തിന്റെ നിജസ്ഥിതി മനസ്സിലാക്കുകയും താരതമ്യപ്പെടുത്തി നോക്കുകയും ചെയ്തശേഷമായിരിക്കും യോഗ്യരായവരെ തിരഞ്ഞെടുക്കുക. 5. വിദ്യാർത്ഥിയാണ് നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടത്. 6. അപേക്ഷയിൽ ബഹു. വികാരിയച്ചന്റെ ശുപാർശ ഉണ്ടായിരിക്കണം. 7. അപേക്ഷകൾ ഏപ്രിൽ 30–നകം ഓഫീസിൽ ലഭിച്ചിരിക്കണം.

**16. ജൂബിലി**

വിശ്വാസപരിശീലനരംഗത്ത് 25/50 വർഷം പൂർത്തിയാക്കിയവരുടെയും അധ്യാപനരംഗത്തുനിന്ന് വിരമിക്കുന്ന അധ്യാപകരുടെയും **പേരും വീട്ടു പേരും ഫോട്ടോയും ഫോൺ നമ്പറും** ഏപ്രിൽ 30 -നുമുമ്പ് ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

**17. ഹാജറിന് വിശിഷ്ട സമ്മാനം കുട്ടികൾക്ക്**

12 വർഷവും എല്ലാ ഞായറാഴ്ച്ചകളിലും മുടങ്ങാതെ സൺഡേസ്കൂളിൽവന്ന് പഠനം പൂർത്തിയാക്കിയ കുട്ടികൾക്ക് വിശ്വാസപരിശീലന കേന്ദ്രം പ്രത്യേക പ്രോത്സാഹനസമ്മാനം നല്കുന്നു. ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടുകൂടി കുട്ടികളുടെ **പേര് വിവരങ്ങൾ ഫോട്ടോ സഹിതം** ഹെഡ്മാസ്റ്റർ ഏപ്രിൽ മാസം 30-ന് മുമ്പായി ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

**18. ഹാജറിന് വിശിഷ്ട സമ്മാനം അധ്യാപകർക്കും**

12 വർഷവും എല്ലാ ഞായറാഴ്ച്ചകളിലും മുടങ്ങാതെ തുടർച്ചയായി സൺഡേസ്കൂളിൽ ഹാജരായി അധ്യാപനം നടത്തിയ അധ്യാപകർക്കും വിശ്വാസപരിശീലനകേന്ദ്രം പ്രത്യേക പ്രോത്സാഹനസമ്മാനം നല്കുന്നു. ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടുകൂടി അധ്യാപകരുടെ **പേര് വിവരങ്ങൾ ഫോട്ടോ സഹിതം** ഹെഡ്മാസ്റ്റർ ഏപ്രിൽ മാസം 30- ന് മുമ്പായി ഓഫീസിൽ എത്തിക്കുമല്ലോ.

**19. ആദരാഞ്ജലികൾ**

ആര്യപ്പറമ്പ് സൺഡേ സ്കൂൾ പ്രധാനാധ്യാപകനായ ശ്രീ. ബേബി മറ്റത്തിനാനിക്കൽ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. ബേബി സാർ ചെറുപുഷ്പമിഷൻലീഗ് മേഖലാപ്രസിഡണ്ട്, കൈക്കാരൻ, പാരിഷ് കൗൺസിൽ അംഗം, വിശ്വാസപരിശീലകൻ എന്നിങ്ങനെ വ്യത്യസ്ത മേഖലകളിൽ സഭയിൽ സേവനമനുഷ്ഠിച്ച വ്യക്തിയാണ്. സാറിന്റെ ആകസ്മികമായ വേർപാട് ആര്യപ്പറമ്പ് സൺഡേസ്കൂളിനും വിശ്വാസപരിശീലനകേന്ദ്രത്തിനും വലിയ നഷ്ടമാണ്. സാറിന്റെ കുടുംബാംഗങ്ങളെ വിശ്വാസപരിശീലനകേന്ദ്രത്തിന്റെ അനുശോചനവും പ്രാർത്ഥനയും അറിയിക്കുന്നു.

**20. ഡയറക്ടറച്ചന്മാരുടെ സന്ദർശനം**

പാടിയോട്ടുചാൽ, വെണ്ണക്കല്ല്, പൊൻമല, കരയത്തുംചാൽ എന്നീ സൺഡേസ്കൂളുകളിലും അസി. ഡയറക്ടറച്ചൻ ഉമ്മറപൊയിൽ, കോട്ടൂർ എന്നീ സൺഡേസ്കൂളിലും സന്ദർശനം നടത്തി.

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ**
*ഡയറക്ടർ*

# ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് & ബൈബിൾ അപ്പൊസ്റ്റോലേറ്റ്

**ബിരുദദാന ചടങ്ങ് - ദുബായ്**

ദുബായ്, ഷാർജ, ജബൽ അലി തുടങ്ങിയ സെന്ററുകളിൽ 2018-2023 വർഷങ്ങളിൽ ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് ദൈവശാസ്ത്രത്തിൽ ബിരുദവും ബിരുദാനന്തര ബിരുദവും പൂർത്തിയാക്കിയ പഠിതാക്കളുടെ സംയുക്ത ബിരുദദാന ചടങ്ങ് 2023 മാർച്ച് 25 ന് ദുബായ് സെന്ററിൽ വച്ച് തലശ്ശേരി അതിരൂപതാ ആർച്ചുബിഷപ്പ് മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്തു. 51 ബി.റ്റി.എച്ച് ബിരുദധാരികളും 20 എം.റ്റി.എച്ച് ബിരുദധാരികളുമാണ് പഠനം പൂർത്തിയാക്കിയത്. ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. ടോം ഓലിക്കരോട്ട് ചടങ്ങുകൾക്ക് നേതൃത്വം നൽകി. അഭിവന്ദ്യ പാംപ്ലാനി പിതാവ് പഠിതാക്കൾക്കുള്ള സർട്ടിഫിക്കറ്റുകൾ നൽകി. ശ്രീ. മിഥുൻ തോമസ് ചടങ്ങുകളിൽ പങ്കെടുക്കുകയും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുകയും ചെയ്തു. എല്ലാ കോഴ്സ് കോർഡിനേറ്റർമാരുടെയും പ്രത്യേകിച്ച് ശ്രീമതി ലിസി ഫെർണാണ്ടസ്, ശ്രീ. മനോജ് തോമസ് എന്നിവരുടെയും കഠിനാധ്വാനവും ദീർഘവീക്ഷണവും ദുബായിലെ ബിരുദദാന ചടങ്ങ് അവിസ്മരണീയ സംഭവമാക്കി തീർത്തു. ഗൾഫു രാജ്യങ്ങളിലെ ഇടവകകളിൽ സേവനം ചെയ്യുന്ന ബഹു. വൈദികരും മലയാളികളായ വിശ്വാസികളുടെ വലിയൊരു സംഘവും ചടങ്ങിൽ സംബന്ധിച്ചു.

**ലോഗോസ് ക്വിസ് - 2023**

ആഗോള തലത്തിൽ, ഏറ്റവും വലിയ ക്വിസ് മത്സരമായ ലോഗോസ് ക്വിസിന്റെ 2023 ലെ മത്സരം 2023 സെപ്റ്റംബർ 24 ന് നടക്കുന്നതാണ്. മത്സരം ആറ് പ്രായവിഭാഗങ്ങളിലായി നടക്കും. ബൈബിൾ പഠിക്കാൻ ലഭിക്കുന്ന ഈ സുവർണ്ണാവസരം പൂർവ്വാ

ധികം ഉത്സാഹത്തോടെ ഉപയോഗിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. കൂടാതെ ലോഗോസ് ക്വിസ് പഠനസഹായി തയ്യാറായിക്കൊണ്ടിരിക്കുന്നു. 2022 വർഷത്തെ ലോഗോസ് ക്വിസ് വിജയത്തിലെത്തിക്കാൻ നാനാവിധത്തിൽ സഹായിച്ചവർക്കും സഹകരിച്ചവർക്കും ഹൃദയം നിറഞ്ഞ നന്ദി.

### സഭാനവീകരണ ധ്യാനങ്ങൾ

ചെറുപുഴ ഫൊറോനയിൽ, മാർച്ച് 9 മുതൽ 12 വരെ 13 സെന്ററുകളിലായും പൈസക്കരി ഫൊറോനയിൽ, മാർച്ച് 23 മുതൽ 26 വരെ 8 സെന്ററുകളിലായും സഭാ നവീകരണധ്യാനം നടന്നു. സഭാ നവീകരണധ്യാനത്തിന്റ ചുമതല വഹിക്കുന്ന മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി, ഡോ. ടോം ഓലിക്കരോട്ട് എന്നിവർ ധ്യാനവിജയത്തിനാവശ്യമായ ക്രമീകരണങ്ങൾ നടത്തി. ധ്യാനത്തോടനുബന്ധിച്ച്, തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്താ മാർ ജോസഫ് പാംപ്ലാനി എല്ലാ ധ്യാനസെന്ററുകളിലും അജപാലന സന്ദർശനം നടത്തി. ഓരോ ഇടവകയിലെയും ബഹു. വികാരിയച്ചന്മാർ, ധ്യാന ടീമംഗങ്ങളായ ബഹു. വൈദികർ, സമർപ്പിതർ, ഗാനശുശ്രൂഷകർ, ഹോംമിഷൻ നടത്തിയ സിസ്റ്റേഴ്സ്, ധ്യാനവിജയത്തിനായി പരിശ്രമിച്ച കൈക്കാരന്മാർ തുടങ്ങി എല്ലാവർക്കും ഹൃദയപൂർവ്വം നന്ദി പറയുന്നു. ധ്യാനം വിജയിപ്പിക്കുന്നതിനായി നിസ്വാർത്ഥമായി സഹകരിക്കുകയും സഹായിക്കുകയും ചെയ്ത ഫൊറോന വികാരിമാരായ റവ. ഫാ. ജോസ് വെട്ടിക്കൽ, റവ. ഫാ. നോബിൾ ഓണംകുളം എന്നിവർക്ക് പ്രത്യേകം നന്ദി.

മാർച്ച് 30 മുതൽ ഏപ്രിൽ 2 വരെ ചെമ്പന്തൊട്ടി ഫൊറോനയിലെ 11 സെന്ററുകളിൽ സഭാനവീകരണധ്യാനം നടക്കും. അതിനു മുന്നൊരുക്കമായി എല്ലാ ഇടവകകളിലും ഹോം മിഷനും ധ്യാനവിളംബരവും നടത്തുന്നതാണ്.

### ബൈബിൾ സന്ധ്യ

കേരളസഭ നവീകരണവർഷമായി ആചരിക്കുന്ന ഈകാലഘട്ടത്തിൽ വ്യക്തികളെയും സഭയെയും നവീകരിക്കുന്നതിന് ദൈവവചനത്തിനുള്ള ശക്തി തിരിച്ചറിയാനും തിരുവചനത്തോട് ആഭിമുഖ്യം വളർത്താനും സഹായിക്കുക എന്ന ലക്ഷ്യത്തോടെ ഇടവകളിൽ വചനസന്ധ്യ നടത്താൻ അതിരൂപതാബൈബിൾ അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ ടീം തയ്യാറായിട്ടുണ്ട്. വചനപ്രഘോഷണം, ആരാധന, മ്യൂസിക് മിനിസ്ട്രി, ഡോക്യുമെന്ററി പ്രദർശനം എന്നിവ ഉൾപ്പെടുന്ന പ്രോഗ്രാമാണ് വചനസന്ധ്യയിൽ. അതിരൂപതയിലെ അച്ചന്മാരുടെ ടീമാണ് പ്രോഗ്രാം നടത്തുന്നത്. ഇടവകകളിൽ നടത്താൻ താത്പര്യമുള്ളവർ ബൈബിൾ അപ്പൊസ്റ്റൊലേറ്റിന്റെ ഓഫീസുമായി ബന്ധപ്പെടുമല്ലോ. **നമ്പർ 8086312826.**

**ബൈബിൾ സ്കൂൾ**

അതിരൂപതാ ബൈബിൾ അപ്പസ്തോലേറ്റിന്റെ നേതൃത്വത്തിൽ ചെറുപുഷ്പ മിഷൻ ലീഗിന്റെ സഹകരണത്തോടെ, കുട്ടികളിൽ തിരുവചനത്തോടുള്ള ആഭിമുഖ്യം വളർത്തുകയും വചനത്തിന്റെ നിറവുള്ള ഒരു തലമുറയെ രൂപപ്പെടുത്തുകയും ചെയ്യുന്നതിനായി ബൈബിൾ സ്കൂൾ എന്ന പുതിയ സംരംഭം എല്ലാ ഇടവകകളിലും ആരംഭിക്കുകയാണ്.ബൈബിൾ സ്കൂളിന്റെ അതിരൂപതാതല ഉദ്ഘാടനം പെരുമ്പടവ് സെന്റ് ജോസഫ് ദേവാലയത്തിൽ വച്ച് നടത്തി. എല്ലാ ഇടവകകളിലും തിരുവചനം പഠിക്കാൻ ആഗ്രഹിക്കുന്ന തീക്ഷ്ണതയുള്ളകുട്ടികകളുടെ ഒരു സമൂഹത്തെ രൂപപ്പെടുത്തുകയും കൗമാരത്തിന്റെയും യൗവനത്തിന്റെയും പ്രലോഭനങ്ങളെ വചനത്തിന്റെ ശക്തിയാൽ മറികടക്കുന്നതിന് അവരെ പ്രാപ്തരാക്കുകയുമാണ് ബൈബിൾ സ്കൂളിന്റെ പ്രവർത്തനലക്ഷ്യം. മിഷൻ ലീഗിന്റെ ആനിമേറ്റർമാരായിരിക്കും ഇടവകാ തലത്തിൽ ബൈബിൾ സ്കൂളിന്റെ പ്രവർത്തനം സംഘടിപ്പിക്കുന്നത്.

**ഏപ്രിൽ മാസത്തിലെ ദൈവശാസ്ത്രക്ലാസ്സുകളുടെ സമയക്രമീകരണം**

**BTh Class - Malayalam**
കാനൻ നിയമം - 14.04.2023

**MTh Class - Malayalam**
Justice and Truthfullness - 03.04.2023

**MTh Class - English**
Universal Letters - 18.04.2023

**ഫാ. ഫിലിപ്പ് കവിയിൽ**
*പ്രസിഡന്റ്, ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്*

**ഫാ. ടോം ഓലിക്കരോട്ട്**
*ഡയറക്ടർ, ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്,*
*ബൈബിൾ അപ്പൊസ്റ്റൊലേറ്റ്*

# ചെറുപുഷ്പ മിഷൻലീഗ്

സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

കുരിശിനപ്പുറം ഉയിർപ്പുണ്ടെന്നും മരണത്തിനപ്പുറം നിത്യജീവനുണ്ടെന്നും പ്രത്യാശ നല്കുന്ന ഈശോയുടെ ഉത്ഥാനത്തിതുനാളിന്റെ സ്മരണയും ഈശോയ്ക്ക് വേണ്ടി രക്തസാക്ഷിത്വമകുടം ചൂടിയ വി. ഗീവർഗീസ് സഹദായുടെ ഓർമ്മയും ഈ മാസം നാം അനുസ്മരിക്കുകയാണല്ലോ; ഈശോയുടെ ഉത്ഥാനത്തിരുന്നാളിനായി ഏറ്റവും അടുത്ത് ഒരുങ്ങിക്കൊണ്ടിരിക്കുന്ന നമുക്ക് ഈ പ്രത്യാശയുടെ പ്രതീകത്തിൽ മനസ്സും ഹൃദയവും സമർപ്പിക്കാം. പ്രിയപ്പെട്ട കൊച്ചുകൂട്ടുകാർക്ക് ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങൾ ഒത്തിരി സ്നേഹത്തോടെ ആശംസിക്കുന്നു...

അനുസ്മരിക്കുന്ന തിരുനാൾ : ഉയിർപ്പ്തിരുനാൾ
അനുസ്മരിക്കുന്ന വിശുദ്ധൻ : വി. ഗീവർഗീസ്
പ്രാർത്ഥനാനിയോഗം : ബഹുമാന്യ അംഗങ്ങളുടെ നിയോഗങ്ങൾക്കുവേണ്ടി
സുകൃത ജപം : ഈശോയെ എന്നെ വിശുദ്ധീകരിക്കണമേ
സുകൃതം : 75 സ്വർല്ലോക രാജ്ഞി
വിശുദ്ധയെ അറിയാൻ : നവമാലിക 10-ാം അദ്ധ്യായം
സ്നേഹിക്കാൻ

**1. ശാഖകൾ ശ്രദ്ധിക്കാൻ**

02 ഞായർ : ഓശാന
04 ചൊവ്വ : മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ 17-ാം ചരമവാർഷികം
06 വ്യാഴം : പെസഹ
07 വെള്ളി : ദുഃഖവെള്ളി

08 ശനി : ദുഃഖശനി
09 ഞായർ : ഈസ്റ്റർ
24 ഞായർ : വി. ഗീവർഗീസ് സഹദായുടെ തിരുനാൾ

**2. മേഖലകൾ ശ്രദ്ധിക്കാൻ**: എക്സിക്യൂട്ടീവ്, ദൈവവിളി ക്യാമ്പുകൾ, ക്രിസ്റ്റീൻ ധ്യാനങ്ങൾ, സെമിനാറുകൾ, അഗതിമന്ദിരസന്ദർശനം, മിഷൻഗ്രാമ സന്ദർശനം, മിഷണറിമാരെ ആദരിക്കൽ...

## 3. ശാഖാ - മേഖല വൈസ് ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക്

എല്ലാ ശാഖാ വൈസ് ഡയറക്ടേഴ്സിനും 2022-2023 പ്രവർത്തന വർഷത്തെ ശാഖാ - മേഖലാ വാർഷിക റിപ്പോർട്ട് ഫോം കിട്ടികാണും എന്ന് വിചാരിക്കുന്നു. കിട്ടാത്തവർ മേഖലാ വൈസ്ഡയറക്ടേഴ്സുമായോ, അതിരൂപതാ ഓഫീസുമായോ ബന്ധപ്പെടുമല്ലോ. വാർഷിക റിപ്പോർട്ട് ഫോം പൂരിപ്പിച്ച് ആരും അതിരൂപതയിലേക്ക് നേരിട്ട് അയക്കുകയോ കൊണ്ടുവന്ന് തരുകയോ ചെയ്യേണ്ടതില്ല. അവരവരുടെ മേഖലയിൽ ജൂൺ ആദ്യ ആഴ്ചയോടെ എത്തിച്ചാൽ മതിയാകും. മേഖലയിൽ നിന്നും ഒറിജിനൽ കോപ്പിയായിരിക്കണം അതിരൂപതാ ഓഫീസിലേക്ക് നൽകേണ്ടത് എന്നകാര്യം സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. ഏപ്രിൽ, മെയ് മാസങ്ങളിൽ പല സിസ്റ്റേഴ്സിനും സ്ഥലം മാറ്റമുള്ളതിനാൽ റിപ്പോർട്ടുകൾ കൃത്യമായി എഴുതി മേഖലയിൽ എത്തിക്കാൻ ശ്രദ്ധിക്കുമല്ലോ.

## 4. ശാഖാഭാരവാഹികളുടെ തെരഞ്ഞെടുപ്പ്

2023-24 പ്രവർത്തന വർഷത്തെ ശാഖാഭാരവാഹികളുടെ (ജൂനിയർ - സീനിയർ) തിരഞ്ഞെടുപ്പ് ഏപ്രിൽ 10 മുതൽ 13 വരെ നടക്കുന്ന വിശ്വാസോത്സവത്തോടനുബന്ധിച്ച് നടത്തുകയും അതിരൂപതയിൽ നിന്നും തരുന്ന ഫോമിൽ കൃത്യമായി എഴുതി തരുകയും ചെയ്യുമല്ലോ. ഏതെങ്കിലും ശാഖകളിൽ ശാഖാ ഭാരവാഹികളുടെ ലിസ്റ്റ് തരേണ്ട ഫോം ലഭിച്ചിട്ടില്ല എങ്കിൽ മേഖലാ വൈസ്ഡയറക്ടേഴ്സുമായോ, അതിരൂപതാ ഓഫീസുമായോ ബന്ധപ്പെടുമല്ലോ.

## 5. അഭിവന്ദ്യ പിതാവിന്റെ തിരുനാൾ

ഏപ്രിൽ 24 ന് നാമഹേതുകതിരുനാൾ ആഘോഷിക്കുന്ന അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിനും, മാർ ജോർജ് വലിയമറ്റം പിതാവിനും വേണ്ടി പ്രാർത്ഥിക്കുവാനും ഫീസ്റ്റിന്റെ മംഗളങ്ങൾ നേർന്നുകൊണ്ട് ആശംസാ കാർഡുകൾ അയയ്ക്കുവാനും ഫോൺ വിളിച്ച് ആശംസകൾ അർപ്പിക്കുവാനും ബഹുമാനപ്പെട്ട വൈസ് ഡയറക്ടേഴ്സ് കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

## 6. ഏയ്ഞ്ചൽസ് മീറ്റ്

ഈ വർഷം ആദ്യകുർബ്ബാന സ്വീകരിക്കുന്ന കുട്ടികളെ മേഖലാതലത്തിൽ ഒരുമിച്ചുകൂട്ടി അഭിനന്ദിക്കുകയും ചെറുപുഷ്പ മിഷൻലീഗ് സംഘടനയിലേയ്ക്കുള്ള ഔദ്യോഗിക പ്രവേശനം നൽകുകയും ചെയ്യുന്നതിനായി

എല്ലാ മേഖലകളിലും എയ്ഞ്ചൽസ് മീറ്റ് നടത്തുവാൻ ബഹു. മേഖലാ ഡയറക്ടർ അച്ചൻമാർ ശ്രദ്ധിക്കുമല്ലോ. മെയ് ആദ്യ ആഴ്ചകളിൽ അഭിവന്ദ്യ പിതാക്കൻമാരുടെ സൗകര്യത്തിനനുസരിച്ച് തീയതികൾ സെക്രട്ടറിയെ വിളിച്ച് അതാത് മേഖലാ ഡയറക്ടർമാർ ഉറപ്പുവരുത്തുക. ഏയ്ഞ്ചൽസ് മീറ്റ് സർട്ടിഫിക്കറ്റ് ഓരോ മേഖലയ്ക്കും ആവശ്യമായ എണ്ണം ഓഫീസിൽ അറിയിക്കുമല്ലോ.

## 7. എം റ്റി സി ക്യാമ്പ്

എല്ലാ മേഖലകളിലും എം.റ്റി.സി. ക്യാമ്പ് നടത്തിക്കഴിഞ്ഞു കാണുമല്ലോ. അതിരൂപതാ ക്യാമ്പിലേയ്ക്കുള്ള 4 ആൺകുട്ടികളുടെയും 2 പെൺകുട്ടികളുടെയും പേര്, വീട്ടുപേര്, ഇടവക, വാട്സ്ആപ്പ് നമ്പർ എന്നിവ അതിരൂപതയിൽ നിന്ന് തന്നിരിക്കുന്ന ഫോമിൽ കൃത്യമായി പൂരിപ്പിച്ച് അതിരൂപതാ ഓഫീസിൽ തരാത്തവർ എത്രയും പെട്ടന്ന് തരുമല്ലോ. മേഖലകളിൽ ക്യാമ്പ് നടത്തി തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികളെയാണ് അതിരൂപതാ ക്യാമ്പിൽ പങ്കെടുപ്പിക്കേണ്ടത്. ഈ വർഷത്തെ അതിരൂപതാതല എം.റ്റി.സി. ക്യാമ്പ് ഏപ്രിൽ 17,18,19,20 തീയതികളിൽ നടത്തുന്നതായിരിക്കും. സ്ഥലവും, സമയവും പിന്നീട് അറിയിക്കുന്നതായിരിക്കും. അതിരൂപതാ ക്യാമ്പിൽ നിന്നും സെലക്ഷൻ ലഭിക്കുന്ന കുട്ടികൾക്ക് മിഷൻ തീർത്ഥാടന യാത്ര ഉണ്ടായിരിക്കും. രജിസ്ട്രേഷൻ ഫീസ് 100/- രൂപ.

## 8. ജീവദർശന ക്യാമ്പ് (നേതൃത്വ പരിശീലന ക്യാമ്പ്)

അതിരൂപതയുടെ നേതൃത്വത്തിൽ മെയ്മാസത്തിൽ നാല് റീജിയണുകളെയും ഉൾക്കൊള്ളിച്ചുകൊണ്ട് ജീവദർശന ക്യാമ്പ് (നേതൃത്വ പരിശീലന ക്യാമ്പ്) നടത്തപ്പെടുന്നു എന്നകാര്യം സ്നേഹപൂർവ്വം ഓർമ്മപ്പെടുത്തുന്നു. 6 ക്ലാസ്സ് മുതൽ 9 ക്ലാസ്സ് വരെ പഠിക്കുന്ന കുട്ടികളാണ് ക്യാമ്പിൽ പങ്കെടുക്കേണ്ടത്. സ്ഥലം, സമയം, തീയതി, മറ്റ് കൂടുതൽ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

## 9. ദൈവവിളി ക്യാമ്പ്

വൊക്കേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ മാർച്ച് 30,31, ഏപ്രിൽ 1 എന്നീ തീയതികളിൽ വിവിധ സെന്ററുകളിൽ വെച്ച് നടക്കുന്ന ദൈവവിളി ക്യാമ്പിലേക്ക് കുട്ടികളെ പറഞ്ഞയ്ക്കുവാൻ വൈസ് ഡയറക്ടേഴ്സ് ശ്രദ്ധിക്കുമല്ലോ.

## 10. ബിഷപ്പ് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി തീർത്ഥാടനവും കുടിയേറ്റ അനുസ്മരണവും

തലശ്ശേരി അതിരൂപതാ പ്രഥമ മെത്രാൻ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ ചരമദിനത്തോടനുബന്ധിച്ച് അതിരൂപതയിലെ പത്ത്, പതിനൊന്ന് ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കായി തലശ്ശേരി സെന്റ് ജോസഫ് കത്തീഡ്രൽ ദൈവാലയത്തിലേക്ക് സംഘടിപ്പിച്ചിരിക്കുന്ന തീർത്ഥാടനത്തിൽ പങ്കെടുക്കുവാൻ കുട്ടികളെ കൊണ്ടുവരുന്നതിൽ ബഹു.

ശാഖാ ഡയറക്ടേഴ്സും വൈസ് ഡയറക്ടേഴ്സും പ്രത്യേകം താൽപര്യം എടുക്കുമല്ലോ.

**11. ജീവകാരുണ്യകൂപ്പൺ**

മിഷൻലീഗ് സംഘടനാപ്രവർത്തനങ്ങൾക്കാവശ്യമായ സാമ്പത്തിക ഫണ്ട് കണ്ടെത്തുന്നതിനായി നടത്തുന്ന ജീവകാരുണ്യ കൂപ്പൺ നറുക്കെടുപ്പ് ഏപ്രിൽ 15-ാം തീയതി ശനിയാഴ്ചയായിരിക്കും നടത്തപ്പെടുക. ഏപ്രിൽ 7-ാം തീയതി തുകയും മുഴുവൻ കുറ്റികളും ശാഖതിരിച്ച് മേഖലാ നേതൃത്വത്തിൽ അതിരൂപതയിൽ എത്തിക്കണം എന്നാണ് നേരത്തെ അറിയിച്ചിരുന്നത്. എന്നാൽ പ്രത്യേക അസൗകര്യം വന്നതിനാൽ ഏപ്രിൽ 3 തിങ്കളാഴ്ച മുഴുവൻ കുറ്റികളും ശാഖതിരിച്ച് മേഖലാ നേതൃത്വത്തിൽ അതിരൂപതയിൽ എത്തിക്കണം എന്നകാര്യം ഓർമ്മപ്പെടുത്തുന്നു. മേഖലാ ടീം പ്രത്യേകം ശ്രദ്ധിക്കുമല്ലോ. മേഖലയുടെ നേതൃത്വത്തിൽ ഒരു കുറ്റി മുഴുവൻ വിറ്റ് കഴിയുമ്പോൾ 80 രൂപ വച്ചാണ് അതിരൂപതയിൽ നൽകേണ്ടത്. ഏതെങ്കിലും വിധത്തിൽ നഷ്ടപ്പെടുന്ന ബുക്കുകളുടെ (ഓരോ ബുക്കിനും 200 രൂപ വീതം) മുഴുവൻ തുകയും അതിരൂപതയിൽ ഏൽപ്പിക്കേണ്ടതാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെടുത്തുമല്ലോ.

**12. പുണ്യവഴിയേ ഉത്ഥിതനിലേക്ക്**

അമ്പതുനോമ്പിനോടനുബന്ധിച്ച് നവമാധ്യമങ്ങളിലൂടെ **'പുണ്യവഴിയേ ഉത്ഥിതനിലേക്ക്'**എന്ന പേരിൽ എല്ലാ ദിവസവും നൽകിവരുന്ന സുകൃതങ്ങൾ കുട്ടികൾക്ക് നൽകുവാൻ വൈസ് ഡയറക്ടേഴ്സ് ശ്രദ്ധിക്കമല്ലോ.

**13. മേഖലാ സന്ദർശനങ്ങൾ**

23.02.2023 ന് തോമാപുരം മേഖലയും, 26.02.2023 ന് കാഞ്ഞങ്ങാട് മേഖലയും, 01.03.2023 ന് പൈസക്കരി, ചെമ്പന്തൊട്ടി എന്നീ മേഖലകളും, 11.03.2023 ന് പേരാവൂർ, എടൂർ, കുന്നോത്ത്, നെല്ലിക്കാംപൊയിൽ എന്നീ മേഖലകളും അതിരൂപതാ ഭാരവാഹികൾ സന്ദർശിച്ചു. അന്നേ ദിവസം മേഖലാ എക്സിക്യൂട്ടീവിന്റെ നേതൃത്വത്തിൽ റെക്കോഡുകൾ കൃത്യമായി എഴുതി തയ്യാറാക്കുകയും വേണ്ട ക്രമീകരണങ്ങൾ നടത്തുകയും ചെയ്യുമല്ലോ.

**14. മേഖലാ കൗൺസിൽ വാർഷികം**

25.02.2023 ന് ആലക്കോട് മേഖലയിലും, 11.03.2023 ന് തോമാപുരം മേഖലയിലും കൗൺസിൽ - വാർഷികം നടന്നു. ഇനിയും മേഖലാ കൗസിൽ - വാർഷികം നടത്താത്ത എല്ലാ മേഖലകളും ഉടനെ തന്നെ കൗൺസിൽ - വാർഷികം നടത്താൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ.

**15. കൈയ്യെഴുത്തു മാസിക മത്സര വിജയികൾ**

I$^{st}$ കരുവഞ്ചാൽ ശാഖ II$^{nd}$ കടുമേനി, ശാഖ III$^{rd}$ പയ്യാവൂർ ശാഖ

**പ്രോത്സാഹന സമ്മാനത്തിന് അർഹരായവർ:**

പുന്നക്കുന്ന്, കുട്ടാപറമ്പ്, തിരുമേനി, ചെറുപാറ, ഉദയപുരം, ചെമ്പന്തൊട്ടി, മണിപ്പാറ, അടോട്ടുകയ, ചെട്ടിയാപറമ്പ്.

**16. ദിയാക്കോണിയ മീറ്റിംഗ് :** 03.03.2023 ന് സന്ദേശഭവനിൽ വച്ച് നടന്ന ദിയാക്കോണിയ മീറ്റിംഗിൽ ഫാ. ജോസഫ് വടക്കേപ്പറമ്പിൽ, ശ്രീ ഷിജോ സ്രായിൽ, ശ്രീ. ബിജു കൊച്ചുപൂവക്കോട്ട്, ശ്രീമതി ജെസ്സി വട്ടക്കാട്ട് എന്നിവർ പങ്കെടുത്തു.

### 17. വൈസ് ഡയറക്ടേഴ്സ് റീജിയണൽ സംഗമം

ഫെബ്രുവരി 25-ാം തീയതി ശനിയാഴ്ച നടത്തിയ വൈസ്ഡയറക്ടേഴ്സ് റീജിയണൽ സംഗമത്തിൽ ഇരിട്ടി, ചെമ്പേരി റീജിയണുകളിലെ വൈസ്ഡയറക്ടേസ് പങ്കെടുത്തു.

### 18. പെനുവേൽ - നേതൃത്വ പരിശീലന സെമിനാർ

ഫെബ്രുവരി 25-ാം തീയതി ശനിയാഴ്ച പെനുവേൽ എന്ന പേരിൽ നടത്തിയ കുട്ടികളുടെ നേതൃത്വ പരിശീലന സെമിനാറിൽ ഇരിട്ടി, ചെമ്പേരി റീജിയണുകളിലെ കുട്ടികൾ പങ്കെടുത്തു.

**19. ശാഖാ സന്ദർശനങ്ങൾ:** 19.02.2023 ന് പനത്തടി മേഖലയിലെ മേരിപുരം, കനീലടുക്കം ശാഖകൾ ബിജു കൊച്ചുപൂവ്വക്കോട്ട് സന്ദർശിച്ചു. 26.02.2023 ന് പനത്തടി മേഖലയിലെ അടോട്ടുകയ ശാഖ സഖറിയാസ് തേക്കുംകാട്ടിൽ സന്ദർശിച്ചു.

### 20. സെമിനാറുകൾ, ക്ലാസ്സുകൾ

- 18-2-23 ന് കുന്നോത്ത് മേഖലയിലെ എം. റ്റി. സി ക്യാമ്പിന് സംസ്ഥാന പ്രസിഡന്റ് ശ്രീ ബേബി പ്ലാശ്ശേരി ക്ലാസ്സ് എടുത്തു.
- 19. 02. 23 ന് ചാവറഗിരി ശാഖയിലെ കുട്ടികൾക്ക് ഡയറക്ടർ ഫാ ജോസഫ് വടക്കേപ്പറമ്പിൽ ക്ലാസ്സ് എടുത്തു.
- 26. 02. 23 ന് പാടിയോട്ടുചാൽ ശാഖയിലെ കുട്ടികൾക്ക് ഡയറക്ടർ ഫാ ജോസഫ് വടക്കേപ്പറമ്പിൽ ക്ലാസ്സ് എടുത്തു.
- 05 .03 .23 ന് ഉമ്മറപൊയിൽ ശാഖയിലെ കുട്ടികൾക്ക് ഡയറക്ടർ ഫാ ജോസഫ് വടക്കേപ്പറമ്പിൽ ക്ലാസ്സ് എടുത്തു.

### 21. ആദരാഞ്ജലികൾ

ഈ ഭൂമിയിൽ ദൈവം തന്നെ ഭരമേൽപ്പിച്ച എല്ലാ ഉത്തരവാദിത്വങ്ങളും ഒളിമങ്ങാത്ത സ്നേഹവായ്പ്പോടെ നിർവ്വഹിച്ച് വിനയത്തിന്റെയും, നിഷ്കളങ്കതയുടെയും സാന്നിധ്യം പകർന്നേകി; മിഷൻലീഗ് സംഘടനയുടെ ആത്മീയ വളർച്ചയിൽ പ്രോത്സാഹനം നൽകി മരണം മൂലം വേർപിരിഞ്ഞു പോയ മോൺ. മാത്യു എം ചാലിൽ അച്ചന്റെ ആത്മശാന്തിക്കായി അതിരൂപതാ കുടുംബത്തിന്റെ പ്രാർത്ഥനകളും ആദരാഞ്ജലികളും.

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
*ഡയറക്ടർ*

# തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

പ്രത്യാശയുടെ, പ്രതീക്ഷയുടെ സുവിശേഷമാണ് ഉയിർപ്പ് തിരുനാൾ നമുക്ക് പ്രദാനം ചെയ്യുന്നത്. സ്നേഹമുള്ള കുഞ്ഞുമക്കളേ ഈശോയുടെ ഉത്ഥാനത്തിരുന്നാളിനായി ഏറ്റവും അടുത്ത് ഒരുങ്ങിക്കൊണ്ടിരിക്കുന്ന നിങ്ങൾക്ക് സഹനത്തെയും മരണത്തെയും പരാജയപ്പെടുത്തി മഹത്വത്തിന്റെ കിരീടം ചൂടിയ ഈശോയുടെ ഉത്ഥാനത്തിരുന്നാളിന്റെ മംഗളങ്ങൾ ഒത്തിരി സ്നേഹത്തോടെ ആശംസിക്കുന്നു.

| |
|---|
| അനുസ്മരിക്കുന്ന തിരുനാൾ : ഉയിർപ്പ് തിരുനാൾ |
| അനുസ്മരിക്കുന്ന വിശുദ്ധർ : വി. ഗീവർഗീസ്, സീയന്നായിലെ വി. കാതറിൻ |
| പ്രാർത്ഥനാനിയോഗം : ലോകത്തിന്റെ വിവിധയിടങ്ങളിൽ മതമർദ്ധനത്തിന് ഇരയാക്കപ്പെടുന്ന എല്ലാ ക്രിസ്ത്യാനികൾക്കുംവേണ്ടി |
| സുകൃതജപം : ഉത്ഥാനം ചെയ്ത കർത്താവേ ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു |
| വചനം : ഞാനാണ് പുനരുത്ഥാനവും ജീവനും എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും (വി. യോഹ 11: 25-26) |
| പ്രവൃത്തി : പെസഹാ ആചരണത്തിന്റെ പഴയനിയമ പശ്ചാത്തലം മാതാപിതാക്കളോട് ചോദിച്ച് മനസ്സിലാക്കുക |
| മനഃപാഠമാക്കുക : ബൈബിളിലെ 73 പുസ്തകങ്ങളുടെ പേരുകൾ പഠിക്കുക. |
| എയ്ഞ്ചൽസ് വോയ്സ് : വചനത്തെ അടിസ്ഥാനമാക്കി പദപ്രശ്നമത്സരം നടത്തുക. (ശാഖാതലത്തിൽ മത്സരം ക്രമീകരിക്കുക) |

**1. ശാഖകൾ ശ്രദ്ധിക്കാൻ**

02 ഞായർ : ഓശാന

04 ചൊവ്വ : മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ 17-ാം ചരമവാർഷികം

06 വ്യാഴം : പെസഹ
07 വെള്ളി : ദുഃഖവെള്ളി
08 ശനി : ദുഃഖശനി
09 ഞായർ : ഈസ്റ്റർ
24 ഞായർ : വി. ഗീവർഗീസ് സഹദായുടെ തിരുനാൾ

**2. അഭിവന്ദ്യ പിതാവിന്റെ തിരുനാൾ**

ഏപ്രിൽ 24 ന് നാമഹേതുകതിരുനാൾ ആഘോഷിക്കുന്ന അഭിവന്ദ്യ ജോർജ് ഞറളക്കാട്ട് പിതാവിനും ജോർജ് വലിയമറ്റം പിതാവിനും വേണ്ടി പ്രാർത്ഥിക്കുവാനും ഫീസ്റ്റിന്റെ മംഗളങ്ങൾ നേർന്നുകൊണ്ട് ആശംസാ കാർഡുകൾ അയയ്ക്കുവാനും ഫോൺ വിളിച്ച് ആശംസകൾ അർപ്പിക്കുനാവും ബഹുമാനപ്പെട്ട വൈസ് ഡയറക്ടേഴ്സ് കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

**3. ഈശോയെപ്പോലെ വളരാം .... വലുതാകാം.**

തിരുബാലസഖ്യം കുട്ടികളുടെ ഈശോയെപ്പോലെ വളരാം വലുതാകാം എന്ന 2023 - 2024 വർഷത്തെ വർക്കുബുക്ക് തയ്യാറായിക്കൊണ്ടിരിക്കുന്നു. തിരുബാലസഖ്യം മാർഗ്ഗരേഖയും ഈ വർക്കുബുക്കിന്റെ തുടർച്ചയായിട്ടാണ് നൽകുന്നത്. 1-ാം ക്ലാസ്സ് മുതൽ 4-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് വിശ്വാസ പരിശീലന ബുക്കിന്റെ കൂടെ ഈ വർക്ക് ബുക്കും നൽകുവാൻ ബഹുമാനപ്പെട്ട ആനിമെറ്റേഴ്സും ഹെഡ്മാസ്റ്റർമാരും ശ്രദ്ധിക്കുമല്ലോ. ഓരോ ശാഖയിലേക്കും വേണ്ട ബുക്കുകളുടെ എണ്ണം ഈ മാസം തന്നെ ഓഫീസിൽ അറിയിക്കേണ്ടതാണെന്ന് ഓർമ്മിപ്പിക്കുന്നു.

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
*ഡയറക്ടർ*


## അറിയിപ്പ്

പാലാ സിവിൽ സർവ്വീസ് സൊസൈറ്റിയുടെ രജത ജൂബിലിവർഷം പ്രമാണിച്ച് ഡിഗ്രിയോ, പോസ്റ്റ്ഗ്രാജ്യൂവേഷനോ കഴിഞ്ഞ് ഫുൾ ടൈം കോഴ്സിനു ചേരുന്ന 25 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നല്കി പൂർണ്ണമായും സൗജന്യമായി പഠിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. 2023 മെയ് 8-ാം തീയതി തിങ്കളാഴ്ച നടക്കുന്ന സ്കോളർഷിപ്പ് പരീക്ഷയിലൂടെയാണ് അർഹരായവരെ തിരഞ്ഞെടുക്കുന്നത്. ജാതിമതഭേദമെന്യ ഏവർക്കും മത്സര പരീക്ഷയിൽ പങ്കെടുക്കാം

ബന്ധപ്പെടേണ്ട ഫോൺ നമ്പറുകൾ:-
**9539381100, 0482 2215831**

# യുവജന ശുശ്രൂഷ

"യുവജനങ്ങളെ, നിങ്ങളുടെ ജീവിതം സത്യമായും സഭയിൽ ആഘോഷിക്കപ്പെടേണ്ടതാണ്." *(വി. ജോൺ പോൾ പാപ്പാ)*

പ്രിയപ്പെട്ട വികാരിയച്ചാ, ആനിമേറ്റേഴ്സ്, യുവജന സുഹൃത്തുക്കളെ,

വലിയ നോമ്പിലൂടെ നാം കടന്നുപോവുകയാണല്ലോ. പരിത്യാഗ പ്രവർത്തികളിലൂടെയും പശ്ചാത്താപത്തിലൂടെയും സുകൃത സമ്പന്നമായ ജീവിതം നമുക്ക് സ്വന്തമാക്കാം. ഈസ്റ്റർ തിരുനാളിന്റെ മംഗളങ്ങൾ സ്നേഹത്തോടെ നേരുന്നു.

**കൊട്ടത്തലച്ചി തീർത്ഥാടനം - കുരിശിന്റെ വഴി**

ചെറുപുഴ ഫൊറോനയുടെ ആതിഥേയത്വത്തിൽ മലബാറിലെ മലയാറ്റൂർ എന്നറിയപ്പെടുന്ന പുളിങ്ങോം കൊട്ടത്തലച്ചി മലയിലേക്ക് കെസിവൈഎം, തലശ്ശേരി അതിരൂപതയുടെ ആഭിമുഖ്യത്തിൽ പതിനാറ് ഫൊറോനയിലെയും യുവജനങ്ങൾ ഒന്നുചേർന്ന് പരിഹാര പീഡാസഹന യാത്ര (കുരിശിന്റെ വഴി) 2023 ഏപ്രിൽ 26-ാം തീയതി ഉച്ചക്ക് 3 മണിക്ക് ആരംഭിക്കുന്നു.

**തലയെടുപ്പോടെ തലശ്ശേരി - മുൻകാല നേതാക്കളുടെ സംഗമം**

അതിരൂപതാ കെസിവൈഎം-ന്റെ കഴിഞ്ഞ 30 വർഷത്തെ സമിതികളുടെ സംഗമം, സ്നേഹാദരവ്, **2 K 23** മാർച്ച് 25 ശനിയാഴ്ച നടക്കുന്നു. അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് ഉദ്ഘാടനം ചെയ്യും.

**പ്രകൃതി സഹവാസക്യാമ്പ്**

ഈ വർഷത്തെ പ്രകൃതി സഹവാസക്യാമ്പ് ഏപ്രിൽ 14, 15, 16 തീയതികളിൽ കുന്നോത്ത് ഫൊറോനയുടെ ആതിഥേയത്വത്തിൽ നടത്തപ്പെടുന്നു.

**നസ്രാണി മങ്ക തലശ്ശേരി (വനിതാദിനാഘോഷം)**

കെസിവൈഎം വുമെൺസ് വിംഗിന്റെ ആഭിമുഖ്യത്തിൽ നസ്രാണി മങ്ക തലശ്ശേരി വനിതാദിനാഘോഷം നടത്തി. ലോക

ബോക്സിംഗ് ചാമ്പ്യനും ധ്യാൻചന്ദ് പുരസ്കാര ജേതാവും കേരളരത്നവുമായ കെസി ലേഖ ഉദ്ഘാടനം ചെയ്തു. അതിരൂപത വൈസ് പ്രസിഡന്റ് ലിനറ്റ് മരിയ കൂറ്റനാൽ അദ്ധ്യക്ഷത വഹിച്ചു. അതിരൂപത പ്രസിഡന്റ് ശ്രീമതി ചിഞ്ചു വട്ടപ്പാറ, ഡയറക്ടർ ഫാ. ജിൻസ് വാളിപ്ലാക്കൽ, രൂപത സെക്രട്ടറി സ്നേഹ വെട്ടിക്കാട്ട്, അൽന ആന്റണി, ആലക്കോട് വൈസ് പ്രസിഡന്റ് എയ്ഞ്ചൽ, ഫൊറോനയിലെയും, യൂണിറ്റിലെയും ഭാരവാഹികൾ, യുവജനങ്ങൾ തുടങ്ങിയവർ നേതൃത്വം നൽകി.

നസ്രാണി മങ്ക തലശ്ശേരിയുടെ ടൈറ്റിൽ വിന്നർ ആയി ആലക്കോട് ഫൊറോനയിലെ മരിയ ടോമിയും, പനത്തടി ഫൊറോനയിലെ റോസ് തോട്ടത്തിൽ രണ്ടാം സ്ഥാനവും, ചെമ്പേരി ഫൊറോനയിലെ അശ്വതി മരിയ മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

### 31-ാമത് അർദ്ധ വാർഷികസെനറ്റ്

31-ാമത് അർദ്ധ വാർഷിക സെനറ്റ് സമ്മേളനം തലശ്ശേരി സന്ദേശഭവനിൽ ഒൻപത് മണിക്ക് വി. കുർബാനയോടെ സമ്മേളനം ആരംഭിച്ചു. വികാരി ജനറാൾ സെബാസ്റ്റ്യൻ പാലാക്കുഴി ഉദ്ഘാടനം നിർവ്വഹിച്ചു. അതിരൂപതാ പ്രസിഡന്റ് ശ്രീമതി ചിഞ്ചു സെനറ്റിന് അദ്ധ്യക്ഷത വഹിച്ചു. 17 ഫൊറോനകളിലെയും സെനറ്റ് അംഗങ്ങൾ പങ്കെടുത്തു. അതിരൂപത ജനറൽ സെക്രട്ടറി നിഖിൽ സാബു അതിരൂപത പ്രവർത്തന റിപ്പോർട്ടും, അതിരൂപത ട്രഷർ ജോയൽ പുതുപറമ്പിൽ കണക്കും അവതരിപ്പിച്ചു. ബെസ്റ്റ് ഫൊറോനകളായി തെരഞ്ഞെടുക്കപ്പെട്ട ആലക്കോട്, ചെമ്പേരി, കുന്നോത്ത് ഫൊറോനകളെ ആദരിച്ചു. കെസിവൈഎം സംസ്ഥാന സെക്രട്ടറിയായിരുന്ന ഷിജോ നിലയ്ക്കപ്പള്ളിയെ ആദരിച്ചു.

### You Cat പഠന പരമ്പര

കെസിവൈഎം യുവജനങ്ങളുടെ വിശ്വാസ പരിശീലനവുമായി ബന്ധപ്പെട്ട് യുവജന മതബോധന ഗ്രന്ഥം You Cat ന്റെ പഠന പരമ്പര ആരംഭിച്ചു. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് യുവജനങ്ങളുടെ ചോദ്യങ്ങൾക്ക് മറുപടി നല്കുന്നു. ശാലോം ടെലിവിഷനുമായി ബന്ധപ്പെട്ട് ക്രമീകരിച്ച പഠന പരമ്പരയിൽ വെള്ളരിക്കുണ്ട്, ചെമ്പേരി ഫൊറോനയിലെ യുവജനങ്ങളും, ഡയറക്ടേഴ്സും പങ്കെടുത്തു. നിങ്ങളുടെ സഹകരണത്തിന് നന്ദി...

### മെബിൻ സഹായ ചികിത്സാനിധി

തോമാപുരം ഫൊറോനയിലെ മെബിൻ എന്ന രോഗിയായ യുവാവിനെ സഹായിക്കുന്നതിനായി വിവിധ ഫൊറോനകളിൽ നിന്ന് യുവജനങ്ങൾ സമാഹരിച്ച 120000 രൂപ മെബിന് കൈമാറി. സഹകരിച്ച, സഹായിച്ച എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു.

### T - TIME (സായാഹ്ന യുവജന സംഗമം) വെള്ളരിക്കുണ്ട് ഫൊറോന

വെള്ളരിക്കുണ്ട് ഫൊറോന തല **T - TIME** ന്റെ ഉദ്ഘാടനം പരപ്പ യൂണി

റ്റിൽ വച്ച് നടത്തപ്പെട്ടു. പ്രശസ്ത സാമൂഹ്യ പ്രവർത്തക ദയാ ഭായി യുവജനങ്ങളുമായി സംവദിക്കുകയും, ചോദ്യങ്ങൾക്ക് മറുപടി നല്കുകയും ചെയ്തു. വെള്ളരിക്കുണ്ട് ഫൊറോനയുടെ മുൻ പ്രസിഡന്റ് ബിബിനെ സംഗമത്തിൽ വച്ച് ആദരിച്ചു. ഫൊറോന പ്രസിഡന്റ് അമൽ, ഫൊറോന ഡയറക്ടർ ഫാ. അഖിൽ മുക്കുഴി, ഫൊറോന, യൂണിറ്റ് ഭാരവാഹികൾ നേതൃത്വം കൊടുത്തു. അതിരൂപതാ സമിതി അംഗങ്ങൾ പങ്കെടുത്തു.

**കാഞ്ഞങ്ങാട് ഫൊറോന :** കാഞ്ഞങ്ങാട് ഫൊറോന തല **T - TIME** ന്റെ ഉദ്ഘാടനം പെരിയ യൂണിറ്റിൽ വച്ച് നടത്തപ്പെട്ടു. മോൺ. മാത്യു ഇളംതുരുത്തിപ്പടവിൽ സംഗമം ഉദ്ഘാടനം ചെയ്തു. ഫൊറോന പ്രസിഡന്റ് ജീവൻ, സിജോ അമ്പാട്ട് മറ്റ് യുവജന നേതാക്കൾ പങ്കെടുത്തു.

**മണിക്കടവ് ഫൊറോന :** മണിക്കടവ് ഫൊറോന തല **T - TIME** ന്റെ ഉദ്ഘാടനം മണിപ്പാറ യൂണിറ്റ് വികാരി റവ. ഫാ. ബോബൻ റാത്തപ്പള്ളി നിർവ്വഹിച്ചു. നെല്ലിക്കാംപൊയിൽ ഫൊറോന പ്രസിഡന്റ് അബിൻ വടക്കേക്കര അദ്ധ്യക്ഷത വഹിച്ചു. മണിപ്പാറയിൽ വച്ച് നടന്ന സംഗമത്തിൽ പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. ഫൊറോന ഡയറക്ടർ ഫാ. അലക്സ് നിരപ്പേൽ, മണിപ്പാറ യൂണിറ്റ് ഭാരവാഹികൾ, യുവജന നേതാക്കൾ തുടങ്ങിയവർ നേതൃത്വം നൽകി.

**മണിക്കടവ് ഫൊറോനയിലെ പുതിയ ഫൊറോന ഭാരവാഹികൾ**

ഡയറക്ടർ - റവ. ഫാ. അലക്സ് നിരപ്പേൽ, പ്രസിഡന്റ് - ക്രിസ്റ്റോ ഓലിക്കൽ (മുണ്ടാനൂർ), വൈസ് പ്രസിഡന്റ് - അലന്റ പതിപ്പള്ളിൽ (മണിപ്പാറ), ഡപ്യൂട്ടി പ്രസിഡന്റ് - ദീപക് കിഴക്കേടത്ത് (മണിപ്പാര), ജനറൽ സെക്രട്ടറി - എഡ് വിൻ ജോർജ് (മാട്ടറ), ട്രഷറർ - ജോമിറ്റ് ചക്കുളിൽ (മണിപ്പാറ), സെക്രട്ടറി - മാത്യു പാലാക്കുഴി (മണിക്കടവ്), കൗൺസിലർ - അമൽ കുരിശുവീട്ടിൽ (ആനറ), കൗൺസിലർ - സ്നേഹ ഒറ്റപ്ലാക്കൽ (മണിപ്പാറ).

**നെല്ലിക്കാംപൊയിൽ ഫൊറോന :** നെല്ലിക്കാംപൊയിൽ ഫൊറോന തല **T - TIME** ന്റെ ഉദ്ഘാടനം പടിയൂർ യൂണിറ്റിൽ വച്ച് നടത്തപ്പെട്ടു. അതിരൂപത ഡയറക്ടർ ഉദ്ഘാടനം ചെയ്തു. നെല്ലിക്കാംപൊയിൽ ഫൊറോന പ്രസിഡന്റ് അബിൻ വടക്കേക്കര അദ്ധ്യക്ഷത വഹിച്ചു. ഫൊറോന ഡയറക്ടർ ഫാ. എഡ്‌വിൻ കോയിപ്പുറം, ഫൊറോന, യൂണിറ്റ് ഭാരവാഹികൾ, യുവജന നേതാക്കൾ തുടങ്ങിയവർ നേതൃത്വം നൽകി.

**ആലക്കോട് ഫൊറോന :** ആലക്കോട് ഫൊറോന തല ഉദ്ഘാടനം ജയഗിരി യൂണിറ്റിൽ വച്ച് നടത്തപ്പെട്ടു. ഫൊറോന ഡയറക്ടർ ഫാ. നിധിൻ പുഞ്ചതറപ്പേൽ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. ഫൊറോന, യൂണിറ്റ് ഭാരവാഹികൾ സംഗമത്തിന് നേതൃത്വം നൽകി.

വിവിധ കായിക മേഖലയിൽ നേട്ടങ്ങൾ കൈവരിച്ച അന്ന സലിം ഫ്രാൻസിസ് (തിരുമേനി), റിൻസി തോമസ് (ചെറുപുഴ), ക്രിസ്റ്റ മരിയ

റിജോഷ് തുടങ്ങിയവരെ ആദരിച്ചു. ജോയിൻ സെക്രട്ടറി - ബ്രിജിറ്റ് പുളിക്കപ്പടവിൽ (മാട്ടറ).

**ആദരം, അഭിനന്ദനം :** ആലക്കോട് ഫൊറോനയുടെ നേതൃത്വത്തിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റി പിജി.എം.എ. ജേർണലിസം & മാസ്സ് കമ്മ്യൂണിക്കേഷനിൽ മൂന്നാം റാങ്ക് നേടിയ മലയോരത്തിന്റെ അഭിമാനം അനുജ ബെന്നി കണ്ണയിങ്കലിനെ ആദരിച്ചു.

## നൈറ്റ് വിജിൽ

**നെല്ലിക്കാംപൊയിൽ** ഫൊറോനയിലെ യുവജനങ്ങൾക്കായി സംഘടിപ്പിച്ച നൈറ്റ് വിജിൽ അറബി ഇടവകയിൽ വച്ച് നടത്തി. ധാരാളം യുവജനങ്ങൾ ആരാധനയിലും പ്രാർത്ഥനാ ശുശ്രൂഷയിലും പങ്കെടുത്തു. **ആലക്കോട്** ഫൊറോനയുടെ നേതൃത്വത്തിൽ മാമ്പോയിൽ യൂണിറ്റിൽ വച്ച് നൈറ്റ് വിജിൽ നടത്തപ്പെട്ടു. ആരാധനയിലും, പ്രാർത്ഥനാ ശുശ്രൂഷ യിലുമെല്ലാം യുവജനങ്ങൾ പങ്കെടുത്തു. **ചെറുപുഴ** ഫൊറോനയുടെ നേതൃത്വത്തിൽ മുളപ്ര സെന്റ് അൽഫോൻസ് ദൈവാലയത്തിൽ വച്ച് നൈറ്റ് വിജിൽ നടത്തപ്പെട്ടു. ധാരാളം യുവജനങ്ങൾ പ്രാർത്ഥനാ ശുശ്രൂഷയിൽ പങ്കെടുത്ത് ദൈവാനുഗ്രഹം പ്രാപിച്ചു.

## കുരിശിനെ വികലമായി ചിത്രീകരിച്ചതിൽ ആശങ്ക രേഖപ്പെടുത്തി

ക്രൈസ്തവ സമൂഹത്തിനെതിരെ ബ്രണ്ണൻ കലോത്സവ ഇടങ്ങളിൽ സൃഷ്ടിക്കപ്പെട്ട പോസ്റ്ററുകൾക്കെതിരെ പ്രതിഷേധിച്ചു. ന്യൂനപക്ഷമാകുന്ന ഒരു സമുദായത്തിന്റെ തികച്ചും ആത്മീയവും മതപരവുമായ ചിഹ്നങ്ങളെ പ്രഹസന വിപ്ലവത്തിന്റെ പേരിൽ ഉപയോഗിക്കുന്നത് തികച്ചും അപലപ നീയമാണെന്ന് കെസിവൈഎം കുറ്റപ്പെടുത്തി.

**വനിതാ ദിനാഘോഷം :** വായാട്ടുപറമ്പ് ഫൊറോനയുടെ നേതൃത്വത്തിൽ കരുണാപുരം കാരുണ്യഭവനിൽ വച്ച് നിസ്വാർത്ഥ സേവനം ചെയ്യുന്ന സിസ്റ്റേഴ്സിനെ ആദരിച്ചു. ഫൊറോന വൈസ് പ്രസിഡന്റ് അക്സ്സ മരിയ തോമസ് അദ്ധ്യക്ഷ ആയിരുന്നു. ഫൊറോന ഭാരവാഹികൾ, യൂണിറ്റ് ഭാരവാഹികൾ തുടങ്ങിയവർ നേതൃത്വം നൽകി. അന്താരാഷ്ട്രാ വനിതാ ദിനത്തിന്റെ ഭാഗമായി **മണിക്കടവ്** ഫൊറോനയിൽ വനിതാ ദിനം സംഘടിപ്പിച്ചു. ആശംസകൾ അറിയിച്ചും, സമ്മാനങ്ങൾ കൈമാറിയും ഈ ദിനം ആഘോഷിച്ചു. വനിതാ ദിനത്തിന്റെ ഭാഗമായി **പനത്തടി** ഫൊറോന യിലെ പനത്തടി ഇടവകാംഗമായ പതിനഞ്ചു മക്കളുള്ള ത്രേസ്യാമ്മ മണിയംകുളത്തിനെ യുവജനങ്ങൾ ആദരിച്ചു. **നെല്ലിക്കാംപൊയിൽ** ഫൊ റോനയിലെ വുമൺസ് വിങ്ങിന്റെ ഓൺലൈൻ വനിതാ സംഗമവും സെമിനാറും സംഘടിപ്പിച്ചു. അതിരൂപത പ്രസിഡന്റ് ചിഞ്ചു വട്ടപ്പാറ സംഗമം ഉദ്ഘാടനം ചെയ്തു.

**കെസിവൈഎം പതാകയും, വി. തോമസ്സ് മൂറിന്റെ രൂപവും കൈമാറൽ**

ആലക്കോട് ഫൊറോനയുടെ കീഴിലുള്ള പതിമൂന്ന് യൂണിറ്റുകളിലും കെസിവൈഎം ന്റെ പതാകയും, വി. തോമസ്സ് മൂറിന്റെ രൂപവും ഫൊറോന ഡയറക്ടർ ഫാ. നിധിൻ പുഞ്ചതറപ്പേൽ, ഫൊറോന പ്രസിഡന്റ് അഖിൽ കളപ്പുരയ്ക്കൽ എന്നിവർ ചേർന്ന് യൂണിറ്റ് പ്രതിനിധികൾക്ക് കൈമാറി.

**സെമിനാർ സംഘടിപ്പിച്ചു**

**ആലക്കോട്** ഫൊറോനയുടെ നേതൃത്വത്തിൽ റവ. ഫാ. ആന്റണി തറേക്കടവിൽ യുവജനങ്ങൾ നേരിടുന്ന വെല്ലുവിളികൾ എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ സംഘടിപ്പിച്ചു. ധാരാളം യുവജനങ്ങൾ സെമിനാറിൽ പങ്കെടുത്തു.

**കുന്നോത്ത്** ഫൊറോനയിലെ വോയിസ് ഓഫ് വുമെണിന്റെ നേതൃത്വത്തിൽ പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ പേപ്പർ ബാഗ് നിർമ്മിക്കുകയും വിവിധ സ്ഥാപനങ്ങളിൽ വിതരണം നടത്തുകയും ചെയ്തു.

**പറവകൾക്ക് ഒരു തണ്ണീർക്കുടം**

വർദ്ധിച്ചു വരുന്ന വേനലിന്റെ ചൂടിൽ പക്ഷികൾക്കും ജീവജാലങ്ങൾക്കും കുടിവെള്ളം നൽകുന്ന പദ്ധതിയുടെ നെല്ലിക്കാംപൊയിൽ ഫൊറോന തല ഉദ്ഘാടനം പുറവയൽ യൂണിറ്റിൽ വച്ച് നടന്നു.

**നവ വൈദീകരെ ആദരിച്ച് വെള്ളരിക്കുണ്ട് ഫൊറോന**

തലശ്ശേരി അതിരൂപതയ്ക്കുവേണ്ടി വൈദികപട്ടം സ്വീകരിച്ച നവ വൈദികരെ വെള്ളരിക്കുണ്ട് ഫൊറോനയുടെ നേതൃത്വത്തിൽ ആദരിച്ചു. ഫൊറോന പ്രസിഡന്റ് അമൽ, ഫൊറോന ഡയറക്ടർ ഫാ. അഖിൽ മുക്കുഴി, ഫൊറോന സമിതിയംഗങ്ങൾ എന്നിവർ നേതൃത്വം കൊടുത്തു.

**പ്രതിഷേധം :** കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ കോളിച്ചാൽ ടൗണിൽ നടത്തിയ കർഷക പ്രതിഷേധത്തിൽ പനത്തടി ഫൊറോനയിലെ യുവജനങ്ങൾ പങ്കുചേർന്നു.

**അഭിനന്ദനങ്ങൾ...**

കെസിവൈഎം തലശ്ശേരി അതിരൂപത സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട അഖിൽ അയിലൂക്കുന്നേലിന് അതിരൂപത യുവജന കുടുംബത്തിന്റെ അഭിനന്ദനങ്ങളും ആശംസകളും.

**ആദരാഞ്ജലികൾ**

അതിരൂപത വികാരി ജനറാളും യുവജനങ്ങൾക്ക് എന്നും മാർഗ്ഗ ദർശിയുമായിരുന്ന മോൺ. മാത്യു എം ചാലിലച്ചന് അതിരൂപത കെസിവൈഎം ന്റെ ആദരാജ്ഞ്ലികൾ.

**ഫാ. തോമസ് വാളിപ്ലാക്കൽ**
*ഡയറക്ടർ*

# കുടുംബ പ്രേഷിതത്വം

## I). മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

907 എം.പി.സി കോഴ്സ് ഫെബ്രുവരി 23 – 25 തീയതികളിൽ തലശ്ശേരി സന്ദേശഭവനിൽ വച്ചും, 908 എം.പി.സി. കോഴ്സ് മാർച്ച് 16–18 തീയതികളിൽ വച്ച് പടന്നക്കാട് ഗുഡ്ഷെപ്പേർഡ് പള്ളിയിൽ വച്ചും നടക്കുകയുണ്ടായി. കോഴ്സിൽ 189 ഓളം പേർ സംബന്ധിച്ച് വിവാഹത്തിനായി ഒരുങ്ങി.

| MPC 2023 | |
|---|---|
| April 20 -22 | (Thursday, Saturday) Thalassery |
| May 25 - 27 | (Thursday, Saturday) Padannakkad |

**Time Schedule :**

കോഴ്സിന്റെ ഒന്നാംദിവസം രാവിലെ 9 മണിക്ക് രജിസ്ട്രേഷനോടെ ആരംഭിച്ച് മൂന്നാം ദിവസം വൈകിട്ട് 4.30 ന് എം.പി.സി. സമാപിക്കുന്നു.

- എം.പി.സി കോഴ്സ് കൂടാനായി ആഗ്രഹിക്കുന്നവർ **www.familytly.com** എന്ന വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ വികാരിയച്ചൻമാർ ഓർമ്മിപ്പിക്കുമല്ലോ. എം.പി.സി. യുടെ ഫീസ് 1600 രൂപയായിരിക്കും. Online Registration ചെയ്യുമ്പോൾ Reg. Fee 600 രൂപ അടയ്ക്കേണ്ടതാണ്. കോഴ്സിനു വരുമ്പോൾ ബാക്കി 1000 രൂപ കൊണ്ടുവരേണ്ടതാണ്.
- കോഴ്സിൽ പങ്കെടുക്കുന്നവർ അപേക്ഷാഫോം ഡൗൺലോഡ് ചെയ്ത് പ്രിന്റ് ഔട്ട് എടുത്ത് വികാരിയച്ചന്റെ ഒപ്പും സീലും വച്ച് കൊണ്ടുവരേണ്ടതാണ്.

## II. Prolife Marriage Bureau

മലബാർ മേഖല പ്രോലൈഫ് സമിതി നടത്തുന്ന ബ്യൂറോ.

പെൺകുട്ടികൾക്ക് സൗജന്യ രജിസ്ട്രേഷൻ, ആൺകുട്ടികൾക്ക് രജി. ഫീ 500 രൂപ നാല് മാസത്തേക്ക്.

Web site: www.prolifemarry.com
Contact No : 6235445544.

## III. മാതൃവേദി

1. **തൂവാനീസ നിയോഗം –** ഈ മാസത്തെ തൂവാനീസ നിയോഗത്തിൽ ജപമാലയിൽ നമുക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കുവേണ്ടി പ്രാർത്ഥിക്കാം.

2. **യൂണിറ്റ്തല പ്രവർത്തനം** – ഈ മാസത്തെ യൂണിറ്റ്തല പ്രവർത്തനം – വിവാഹ ജൂബിലി ആഘോഷിക്കുന്നവരെ ആദരിക്കുക.

3. **മാതൃവേദി പ്രവർത്തന പദ്ധതി – ഏപ്രിൽ 2023**

| | | |
|---|---|---|
| 1 | – | അതിരൂപതാ എക്സിക്യൂട്ടീവ് – തളിപ്പറമ്പ് (മേഖലാ പ്രസിഡന്റ്സ് & മേഖല ആനിമേറ്റേഴ്സ്) |
| 2 | – | ഓശാന ഞായർ |
| 6 | – | പെസഹാ വ്യാഴം |
| 7 | – | ദുഃഖവെള്ളി |
| 8 | – | ദുഃഖശനി |
| 9 | – | ഈസ്റ്റർ |
| 14 | – | സകല വിശുദ്ധരുടെയും തിരുനാൾ |
| 16 | – | പുതുഞായർ |
| 20–22 | – | എം.പി.സി. – തലശ്ശേരി |
| 26 | – | ആത്മീയ സംഗമം (08.30 pm – 09.30 pm) |
| 30 | – | ഭിന്നശേഷിക്കാർക്കായുള്ള കുടുംബസംഗമം |

### 4. എക്സിക്യൂട്ടീവ് മീറ്റിംഗ്

മാർച്ച് 14–ാം തീയതി അതിരൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ് നടന്നു. മാതൃവേദി അതിരൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറയുടെ നേതൃത്വത്തിൽ നടന്ന മീറ്റിംഗിൽ അതിരൂപതാ ഭാരവാഹികൾ പങ്കുകൊണ്ടു.

### 5. അതിരൂപതാതല വനിതാദിനാചരണം – ചെമ്പേരി മേഖല

അതിരൂപതാതല വിനിതാദിനാചരണം നെല്ലിക്കുറ്റി ഇടവകയിൽ വച്ച് മാർച്ച് 8–ാം തീയതി ആചരിച്ചു. ശ്രീമതി ലിജ കടുവാതൂക്കിൽ സ്വാഗതമാശംസിച്ച ചടങ്ങിൽ അതിരൂപതാ പ്രസിഡന്റ് ശ്രീമതി ഷീബ തെക്കേടത്ത് അദ്ധ്യക്ഷത വഹിച്ചു. വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺ ശ്രീമതി ജോസഫൈൻ ടീച്ചർ ചടങ്ങ് ഉദ്ഘാടനം ചെയ്തു. തുടർന്ന് അതിരൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ മുഖ്യപ്രഭാഷണവും, നെല്ലിക്കുറ്റി മാതൃവേദി ഡയറക്ടർ ഫാ. മാത്യു ഓലിക്കൽ അനുഗ്രഹ പ്രഭാ

ഷണവും നടത്തി. ചടങ്ങിൽ വച്ച് മുതിർന്ന അമ്മമാരെ ആദരിക്കുകയും ചെയ്തു. ശേഷം ചെമ്പേരി മേഖല മാതൃവേദി ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ചേന്നോത്ത്, ഫാമിലി അപ്പൊസ്റ്റൊലേറ്റ് ആനിമേറ്റർ സി. പൗളിൻ സി.എച്ച്.എഫ് എന്നിവർ ആശംസകളർപ്പിച്ച് സംസാരിക്കുകയും ചെയ്തു. തുടർന്ന് പയ്യന്നൂർ കൗൺസിലിംഗ് സെന്റർ ഡയറക്ടർ/സുപ്പീരിയർ സി. ലിയ റോസ് സി.എച്ച്.എഫ്. അമ്മമാർക്കായി ക്ലാസ് നയിച്ചു. ചെമ്പേരി മേഖല സെനറ്റ് മെമ്പർ ശ്രീമതി റ്റെസ്സി താളംപ്ലാക്കൽ ഏവർക്കും നന്ദി യർപ്പിച്ച് സംസാരിച്ചതോടെ മീറ്റിംഗ് സമാപിച്ചു.

**6. അഗതിമന്ദിര സന്ദർശനം**

തലശ്ശേരി അതിരൂപതാ മാതൃവേദി ഭാരവാഹികളും അതിരൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ അച്ചന്റെയും ആനിമേറ്റർ സി. പൗളിൻ സി.എച്ച്.എഫിന്റെയും നേതൃത്വത്തിൽ കണ്ണൂർ ആകാശപ്പറവകളുടെ ആശ്രമമായ പ്രത്യാശഭവനും അമലഭവനും സന്ദർശിക്കുകയും ഭക്ഷണവിതരണം നടത്തുകയും അവരുമായി സമയം ചിലവഴിക്കുകയും ചെയ്തു.

**7. ജ്വാല 2023**

തലശ്ശേരി അതിരൂപതാ മാതൃവേദിയുടെ ജ്വാല പ്രോഗ്രാം മാലോം, ചെമ്പന്തൊട്ടി, തോമാപുരം മേഖലകളിൽ മാർച്ച് മാസത്തിൽ നടന്നു. സി. ജെസ്റ്റീന എം.എസ്.എം.ഐ. "മാതൃത്വം ഇന്നിന്റെ വെല്ലുവിളികളും പരിഹാരങ്ങളും" എന്ന വിഷയത്തെക്കുറിച്ച് അമ്മമാർക്കായി ക്ലാസ് എടുക്കുകയും ചെയ്തു. മേഖല പ്രസിഡണ്ടുമാർ അദ്ധ്യക്ഷത വഹിക്കുകയും മാതൃവേദി പതാക ഉയർത്തുകയും ചെയ്തു. ഫൊറോന വികാരിമാർ സംഗമം ഉദ്ഘാടനംചെയ്തു. ജ്വാല സംഗമങ്ങൾ വിവിധ കലാപരിപാടികളോടെ മനോഹരമായി സംഘടിപ്പിക്കാൻ ഉത്സാഹിച്ച മേഖലാ ഡയറക്ടർമാർ, ആനിമേറ്റർമാർ, ഭാരവാഹികൾ എന്നിവർക്ക് നന്ദിയും അഭിനന്ദനവും അറിയിക്കുന്നു.

**8. മാതൃസംഗമം**

പരിയാരം മദർ തെരേസ യൂണിറ്റ്, കാഞ്ഞങ്ങാട് ഉണ്ണിമിശിഹാ യൂണിറ്റ്, പരപ്പ സെന്റ് ജോസഫ്സ് യൂണിറ്റ് എന്നീ ഇടവകകളിൽ ബഹു. ഡയറക്ടറച്ചൻ സെമിനാർ നയിക്കുകയും മാതൃസംഗമങ്ങൾ ഉദ്ഘാടനം ചെയ്ത് യൂണിറ്റ് ശാക്തീകരണം നടത്തി.

**9. അറിയിപ്പുകൾ**

- വിശുദ്ധവാരാചരണം ഭവനങ്ങളിലും ഇടവകകളിലും ഭക്തിനിർഭരമായി നടത്താൻ മാതൃവേദി അംഗങ്ങൾ സജീവമായി പരിശ്രമിക്കുക.
- ഈ പ്രവർത്തന വർഷത്തിൽസമർപ്പിക്കേണ്ട റിപ്പോർട്ടുകൾ ഏപ്രിൽ 25 നുള്ളിൽ എല്ലാ യൂണിറ്റുകളിൽനിന്നും മേഖലകളിൽ എത്തിക്കുക.

ഏപ്രിൽ 30 നുള്ളിൽ മേഖലാ - യൂണിറ്റ് റിപ്പോർട്ടുകൾ ശേഖരിച്ച് റീജിയണുകളിൽ എത്തിക്കാൻ മേഖലാ സമിതി ശ്രദ്ധിക്കുക. (2022 ഡിസംബർ 1 മുതൽ 2023 ഏപ്രിൽ വരെയുള്ള അർദ്ധ വാർഷിക റിപ്പോർട്ടാണ് നൽകേണ്ടത്.) അതിനുശേഷം ലഭിക്കുന്ന റിപ്പോർട്ടുകൾ പരിഗണിക്കുന്നതല്ല. പൂരിപ്പിക്കേണ്ട റിപ്പോർട്ട് ഫോം മേഖല - യൂണിറ്റ് വാട്ട്സ് ആപ്പ് വഴി നൽകുന്നതാണ്. അതിന്റെ പ്രിന്റ് ഔട്ട് എടുത്ത് പൂരിപ്പിക്കുകയും അഡീഷണൽ കാര്യങ്ങൾ, ഫോട്ടോ ആൽബങ്ങൾ എന്നിവ ഫോമിനോടൊപ്പം അറ്റാച്ച് ചെയ്യുക.

- ഓൺലൈൻ ആത്മീയ സംഗമത്തിൽ എല്ലാ യൂണിറ്റുകളിൽ നിന്നും പരമാവധി അമ്മമാരെ പങ്കെടുപ്പിക്കുക.
- ഈ പ്രവർത്തനവർഷത്തെ അവാർഡുകൾ സമ്മാനിക്കുന്ന ജനറൽ ബോഡി യോഗം 2023 മെയ് 9-ാം തീയതി തളിപ്പറമ്പിൽ വച്ച് ചേരുന്നതാണ്. അതിരൂപതാ, മേഖലാ ഭാരവാഹികൾ, യൂണിറ്റ് പ്രസിഡന്റുമാർ, മേഖല-യൂണിറ്റ് ആനിമേറ്റർമാർ എന്നിവർ ഈ യോഗത്തിൽ പങ്കെടുക്കാൻ ശ്രദ്ധിക്കുക.

**IV. മരിയൻ സിംഗിൾസ് മീറ്റ് :** തലശ്ശേരി സന്ദേശഭവനിൽ വച്ച് 2023 മാർച്ച് 20, 21 തീയതികളിൽ ഏകസ്ഥരുടെ സംഗമം നടത്തി. ക്ലാസ്, ആരാധന, ഷെയറിംഗ്, സമ്മാനദാനം എന്നിവ ഇതോടനുബന്ധിച്ച് സംഘടിപ്പിച്ചു.

## V. ഭിന്നശേഷിക്കാർക്കുവേണ്ടിയുള്ള കുടുംബസംഗമം

ആദം മിനിസ്ട്രിയുടെയും, ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെയും നേതൃത്വത്തിൽ ഭിന്നശേഷിക്കാരുടെ കുടുംബങ്ങളുടെ സ്നേഹസംഗമം ആലക്കോട് ഫൊറോന ദൈവാലയത്തിൽ 2023 ഏപ്രിൽ 30 ന് നടത്തുന്നതാണ്. പങ്കെടുക്കുവാനുള്ളവരുടെ പേരുകൾ ഓഫീസിൽ രജിസ്റ്റർ ചെയ്യുക.

## VI. അമല പ്രോലൈഫ്

**1. ജീവാഗ്നി റിട്രീറ്റ് :** ഗർഭസ്ഥശിശുക്കളുടെ മാതാപിതാക്കൾക്കുവേണ്ടിയുള്ള ധ്യാനമായ ജീവാഗ്നി റിട്രീറ്റിന്റെ 4 ദിവസത്തെ 5-ാം ബാച്ച് ധ്യാനം മാർച്ച് 5 മുതൽ 8 വരെയുള്ള തീയതികളിൽ ഓൺലൈനായി നടന്നു. മോൺ സെബാസ്റ്റ്യൻ പാലാക്കുഴി ഉദ്ഘാടനം ചെയ്ത ധ്യാനത്തിൽ റവ. ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ, മി. സെലസ്റ്റിൻ ജോൺ, സി. പൗളിൻ സി.എച്ച്.എഫ്, ഡോ. സി റീന എസ്.എച്ച്, സി. ജെസ്റ്റീന എം.എസ്.എം.ഐ. എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. ധ്യാനത്തിൽ ഏകദേശം 150 ഓളം പേർ പങ്കെടുത്തു.

**ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ**
ഡയറക്ടർ

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ 2022 –2023 അധ്യയന വർഷത്തിൽ നടത്തിയ Master Mind 2 K22 **പൊതുവിജ്ഞാന പരീക്ഷ, സന്മാർഗശാസ്ത്രം, മതബോധനം, അക്കാദമിക്, സ്കോളർഷിപ്പ് പരീക്ഷകളിൽ ഒന്ന്, രണ്ട്, മൂന്ന്, നാല് സ്ഥാനം നേടിയ വിദ്യാർത്ഥികളുടെ ലിസ്റ്റ് താഴെ കൊടുക്കുന്നു.** പന്ത്രണ്ടായിരത്തോളം കുട്ടികൾ പങ്കെടുത്തു. വിദ്യാർത്ഥികൾക്ക് പ്രോത്സാഹനവും പരിശീലനവും നൽകിയ അധ്യാപകരെ പ്രത്യേകം നന്ദിയോടെ ഓർക്കുന്നു.

## Master Mind 2 K22 പൊതുവിജ്ഞാന പരീക്ഷ വിജയികൾ

**പ്ലസ് ടു**

| | | |
|---|---|---|
| I$^{st}$ | – അലീന ഇ.ബി | സെന്റ് ജോസഫ്സ് HSS, വായാട്ടുപറമ്പ |
| II$^{nd}$ | – ദേവനന്ദ ആർ | സെന്റ് മേരീസ് HSS, എടൂർ |
| III$^{rd}$ | – ദേവപ്രിയ പി.ടി | സാന്തോം HSS, കൊളക്കാട് |
| IV$^{th}$ | – അലൻ തോമസ് | സെന്റ് ജൂഡ്സ് HSS, വെള്ളരിക്കുണ്ട് |

**പ്ലസ് വൺ**

| | | |
|---|---|---|
| I$^{st}$ | – സൂര്യ നന്ദന | സെന്റ് മേരീസ് HSS, എടൂർ |
| II$^{nd}$ | – ഡെയിൻ ജോസഫ് ജെയ്സൺ | സെന്റ് മേരീസ് HSS, എടൂർ |
| III$^{rd}$ | – സപര്യ സജി | സെന്റ് മേരീസ് HSS, എടൂർ |
| IV$^{th}$ | – ചെൽസി ഗ്രേയ്സ് ജോണി | സെന്റ് ജോസഫ്സ് HSS, കുന്നോത്ത് |

**പത്താം ക്ലാസ്**

| | | |
|---|---|---|
| I$^{st}$ | – അനാമിക എൻ സന്ദീപൻ | സെന്റ് തോമസ് HS, മണിക്കടവ് |
| II$^{nd}$ | – ആൻ മരിയ വിജേഷ് | സെന്റ് തോമസ് HS, മണിക്കടവ് |
| III$^{rd}$ | – ഫാത്തിമ കെ. | സെന്റ് ജോർജ് HS, ചെമ്പന്തൊട്ടി |
| IV$^{th}$ | – അനുഷ്ക കൃഷ്ണൻ കെ.കെ | സെന്റ് ജോർജ് HS, ചെമ്പന്തൊട്ടി |

**ഒൻപതാം ക്ലാസ്**

| | | |
|---|---|---|
| Ist | - എൽജിൻ തോമസ് | സെന്റ് തോമസ് HS, മണിക്കടവ് |
| IInd | - അയോണ തെരേസ് | സെന്റ് തോമസ് HS, മണിക്കടവ് |
| IIIrd | - ഫിയോണ റോസ് റോബിൻ | സെന്റ് തോമസ് HS, മണിക്കടവ് |
| IVth | - ജസ്റ്റിൻ ജോർജ് | സെന്റ് ജൂഡ്സ് HS, വെള്ളരിക്കുണ്ട് |

**എട്ടാം ക്ലാസ്**

| | | |
|---|---|---|
| Ist | - റോസൻ മരിയ കൊച്ചേരി | സെന്റ് തോമസ് HS, മണിക്കടവ് |
| IInd | - ആദി ശ്രീ പി.കെ | സെന്റ് തോമസ് HS, മണിക്കടവ് |
| IIIrd | - ജെർവിൻ പ്രസാദ് | സെന്റ് തോമസ് HS, മണിക്കടവ് |
| IVth | - ഫെലിക്സ് റോബിൻ | സെന്റ് തോമസ് HS, മണിക്കടവ് |

**ഏഴാം ക്ലാസ്**

| | | |
|---|---|---|
| Ist | - യദുകൃഷ്ണൻ ആർ | വയത്തൂർ UPS, ഉളിക്കൽ |
| IInd | - അന്ന മേരി ബിനു | മഞ്ഞളാംപുറം UP, സ്കൂൾ |
| IIIrd | - അൽന റോസ് തോമസ് | സെന്റ് സെബാസ്റ്റ്യൻസ് UPS, കാപ്പാട് |
| IVth | - ഡിയോൺ റിജോ | സെന്റ് ജോൺസ് HS, പാലാവയൽ |

**ആറാം ക്ലാസ്**

| | | |
|---|---|---|
| Ist | - മാത്യൂസ് ജോൺ | സെന്റ് സെബാസ്റ്റ്യൻസ് UPS, വീർപാട് |
| IInd | - ജോ ആന്റോ ശ്രീജിത്ത് | വയത്തൂർ UPS, ഉളിക്കൽ |
| IIIrd | - ആരുഷ് ടി.എം | സെന്റ് മേരീസ് എച്ച്.എസ് എടൂർ |
| IVth | - നേഹ മരിയ വിപിൻ | നിർമ്മല UPS, ചെമ്പേരി |

**അഞ്ചാം ക്ലാസ്**

| | | |
|---|---|---|
| Ist | - അദ്വൈത് പി.എസ് | വയത്തൂർ UPS, ഉളിക്കൽ |
| IInd | - ആൻ മരിയ ബെന്നി | ഫാത്തിമ UPS, കുടിയാന്മല |
| IIIrd | - നിയ മേരി ജെയിംസ് | സെന്റ് സെബാസ്റ്റ്യൻസ് UPS, വീർപാട് |
| IVth | - അഭിനവ് രതീഷ് | സെന്റ് തോമസ് HS, തോമാപുരം |

**നാലാം ക്ലാസ്**

| | | |
|---|---|---|
| Ist | - അന്ന സണ്ണി | സെന്റ് ജോസഫ്സ് LPS, രണ്ടാംകടവ് |
| IInd | - ശ്രീനന്ദ് എസ് നായർ | നിർമ്മലഗിരി LPS, വെള്ളരിക്കുണ്ട് |
| IIIrd | - ആൻ ജൂലിയറ്റ് | സെന്റ് സെബാസ്റ്റ്യൻസ് LPS, ചരൾ |
| IVth | - അക്ഷയ് ഷൈജു | സെന്റ് സെബാസ്റ്റ്യൻസ് LPS, ചരൾ |

**മൂന്നാം ക്ലാസ്**

| | | |
|---|---|---|
| Ist | - ഷ്രീയ പ്രവീൺ | സെന്റ് സെബാസ്റ്റ്യൻസ് LPS, ചരൾ |
| IInd | - നിഹ മെറിൻ സോണി | സെന്റ് ജോൺസ് LPS, പാലാവയൽ |
| IIIrd | - ദേവശ്രീ ഹരിഹരൻ | സെന്റ് തോമസ് LPS, തോമാപുരം |
| IVth | - അൽന ട്രീസ ജിനേഷ് | സെന്റ് സെബാസ്റ്റ്യൻസ് LPS, ചരൾ |

**സ്കോളർഷിപ്പ് പരീക്ഷ വിജയികൾ - 2022 2023**

**മതബോധനം**

**ഒന്നാം ക്ലാസ്**

| | | |
|---|---|---|
| I[st] | - ബ്ലെസ്സിൻ ബേബി | സെന്റ് തോമസ് LPS, തോമാപുരം |
| II[nd] | - ടെസ്സ മരിയ ജോസ് | നിർമ്മലഗിരി ALPS, വെള്ളരിക്കുണ്ട് |
| II[nd] | - ഡാൻവിയ മരിയ | സെന്റ് ജോൺസ് UPS, തൊണ്ടിയിൽ |
| II[nd] | - ആൽവിൻ കുര്യൻ സന്തോഷ് | വയത്തൂർ യുപി UPS |
| III[rd] | - ഹന്ന മരിയ ജിന്റോ | സെന്റ് തോമസ് UPS, കരിക്കോട്ടക്കരി |

**രണ്ടാം ക്ലാസ്**

| | | |
|---|---|---|
| I[st] | - ജുവാന ജേക്കബ് | സെന്റ് മേരീസ് UPS, പൈസക്കരി |
| II[nd] | - ക്രിസ്റ്റൽ എം.ജെ | നിർമ്മലഗിരി ALPS, വെള്ളരിക്കുണ്ട് |
| III[rd] | - റെയാൻ പയസ് | നിർമ്മലഗിരി ALPS, വെള്ളരിക്കുണ്ട് |
| III[rd] | - മൈക്കിൾ ജോർജ് | സെന്റ് ജോസഫ്സ് UPS, വായാട്ടുപറമ്പ |
| III[rd] | - ജോഹന്ന ജിസ് തെരേസ് | വയത്തൂർ UPS |
| III[rd] | - അഡോൺ ജേക്കബ് | സെന്റ് തോമസ് ALPS, തോമാപുരം |

**മൂന്നാം ക്ലാസ്**

| | | |
|---|---|---|
| I[st] | - ഹെൻറി ജോ തോമസ് | സെന്റ് ജോസഫ്സ് UPS, ജോസ്ഗിരി |
| I[st] | - ക്രിസ്മരിയ സിബി | വയത്തൂർ UPS |
| II[nd] | - സെറ ട്രീസ സന്തോഷ് | സെന്റ് തോമസ് LPS, തോമാപുരം |
| III[rd] | - നിഹ മെറിൻ സോണി | സെന്റ് ജോൺസ് LPS, പാലാവയൽ |
| III[rd] | - ക്രിസ്റ്റീന ആൻ ജിതിൻ | ഗാന്ധി മെമ്മോറിയൽ UPS, നെല്ലിക്കുറ്റി |

**നാലാം ക്ലാസ്**

| | | |
|---|---|---|
| I[st] | - എയ്ഞ്ചൽ മരിയ | നിർമ്മലഗിരി ALPS, വെള്ളരിക്കുണ്ട് |
| II[nd] | - ക്രിസ്റ്റോ ജിമ്മി | മഞ്ഞളാംപുറം യുപി സ്കൂൾ |
| III[rd] | - ബിയ തെരേസ അനീഷ് | സെന്റ് തോമസ് LPS, തോമാപുരം |

**അഞ്ചാം ക്ലാസ്**

| | | |
|---|---|---|
| I[st] | - ആൽഫ്രഡ് തോമസ് | സെന്റ് ജോസഫ്സ് UPS, കരുള്ളടുക്കം |
| II[nd] | - അലീന മേരി ജോഷി | ചെറുപുഷ്പ UPS, ചന്ദനക്കാംപാറ |
| III[rd] | - എയ്ഞ്ചലറ്റ് ലൗസൺ | സെന്റ് മേരീസ് UPS, പൈസക്കരി |

**ആറാം ക്ലാസ്**

| | | |
|---|---|---|
| I[st] | - റിയ ഷൈജു | സെന്റ് ജോസഫ്സ് UPS, കരുള്ളടുക്കം |
| II[nd] | - നേഹ മരിയ വിപിൻ | നിർമ്മല UPS, ചെമ്പേരി |
| III[rd] | - മിഷേൽ മരിയ | നിർമ്മല UPS, ചെമ്പേരി |

**ഏഴാം ക്ലാസ്**

| | | |
|---|---|---|
| I[st] | - ആൻമിയ മത്തായി | സെന്റ് ജോൺസ് UPS, തൊണ്ടിയിൽ |
| II[nd] | - എയ്ഞ്ചൽ ജസ്റ്റിൻ | സെന്റ് ജോസഫ്സ് UPS, കരൂള്ളടുക്കം |

IIIrd - സിയോണ ബോബി — സെന്റ് ജോസഫ്സ് UPS, കുന്നോത്ത്

**എട്ടാം ക്ലാസ്**

Ist - ഇമ മരിയ റോസ് — സെന്റ് തോമസ് HS, മണിക്കടവ്
IInd - ഡാനി സെബാസ്റ്റ്യൻ — സെന്റ് ജോർജ് HS, ചെമ്പന്തൊട്ടി
IIIrd - അമല ബ്രിജിത്ത് ജോയ് — സെന്റ് തോമസ് HS, തോമാപുരം
IIIrd - അമൃത ഷാജി — സെന്റ് തോമസ് HS, തോമാപുരം

**ഒൻപതാം ക്ലാസ്**

Ist - ട്രീസ ടെഡ്സ് — സേക്രട്ട് ഹാർട്ട് HS, അങ്ങാടിക്കടവ്
IInd - ആൻ തെരേസ് — സെന്റ് ജോസഫ്സ് HS, കുന്നോത്ത്
IIIrd - ടോമിൻ സക്കറിയ — സെന്റ് ജോർജ് HS, ചെമ്പന്തൊട്ടി

**പത്താം ക്ലാസ്**

Ist - സ്നേഹ ഫിലിപ്പ് — ദേവമാത HS, പൈസക്കരി
IInd - ആൽഫ പി.എം. — സെന്റ് ജോർജ് HS, ചെമ്പന്തൊട്ടി
IIIrd - ആൽഫ ജോസഫ് — സെന്റ് ജോർജ് HS, ചെമ്പന്തൊട്ടി

**സന്മാർഗശാസ്ത്രം**

**ഒന്നാം ക്ലാസ്**

Ist - ശ്രീമയി ഹരിഹരൻ — സെന്റ് തോമസ് LPS, തോമാപുരം
IInd - വൈഗ ലനീഷ് — ക്യൂൻ മേരി LPS, വിളക്കന്നൂർ
IInd - അഡോൺ ബിബിൻ — സെന്റ് ജോസഫ്സ് UPS, പുലിക്കുരുമ്പ
IInd - ആഗ്നേയ ധനേഷ് — മഞ്ഞളാംപുറം UPS
IInd - ഡിയോൺ ജോസ് ഷിജു — നിർമ്മലഗിരി LPS, വെള്ളരിക്കുണ്ട്
IIIrd - അഥിൻ കെ — നിർമ്മല UPS, ചെമ്പേരി

**രണ്ടാം ക്ലാസ്**

Ist - ദാർഷിക് വി.വി — നിർമ്മലഗിരി LPS, വെള്ളരിക്കുണ്ട്
IInd - ശിവ രഞ്ജിനി വി.എസ് — മഞ്ഞളാംപുറം UPS
IInd - ആദിദേവ് എം.കെ — നിർമ്മലഗിരി LPS, വെള്ളരിക്കുണ്ട്
IInd - ശ്രേയ ഷൈജു — സെന്റ് തോമസ് LPS, തോമാപുരം
IIIrd - തേജസ്വിനി എ ആർ — സെന്റ് ജോൺസ് UPS, തൊണ്ടിയിൽ

**മൂന്നാം ക്ലാസ്**

Ist - ലിയമോൾ ജോബൻ — സെന്റ് ജോസഫ്സ് UPS, അറബി
IInd - ആഗ്നസ് മരിയ ജോഷി — ക്യൂൻ മേരി LPS, വിളക്കന്നൂർ
IIIrd - നഫ്രീദിയ ടി.എൻ — വയത്തൂർ UPS

**അഞ്ചാം ക്ലാസ്**

Ist - അൽഫോൻസ ജോസഫ് — സെന്റ് ജോസഫ്സ് UPS, കരൂള്ളടുക്കം
IInd - അക്സ ബിൻസു — മഞ്ഞളാംപുറം UPS

| | | |
|---|---|---|
| IIIrd | - ഡിറ്റി റിജോ | സെന്റ് ജോൺസ് HS, പാലാവയൽ |

**ആറാം ക്ലാസ്**

| | | |
|---|---|---|
| Ist | - ദീപ്തി ടോമി | സെന്റ് സെബാസ്റ്റ്യൻസ് UPS, വീർപാട് |
| IInd | - അലോണ ആന്റണി | സെന്റ് തോമസ് HS, തോമാപുരം |
| IIIrd | - നേഹ മരിയ വിപിൻ | നിർമ്മല UPS, ചെമ്പേരി |

**എട്ടാം ക്ലാസ്**

| | | |
|---|---|---|
| Ist | - രേവിത രജ്ഞീവൻ | സെന്റ് ജോസഫ്സ് HS, പേരാവൂർ |
| IInd | - മരിയ ഷിജു | സെന്റ് ജോൺസ് HS, പാലാവയൽ |
| IIIrd | - മരിയ ടോം | സെന്റ് മേരീസ് HS, എടൂർ |

**ഒൻപതാം ക്ലാസ്**

| | | |
|---|---|---|
| Ist | - നെൽഹ മരിയ ബിജു | സെന്റ് തോമസ് HS, മണിക്കടവ് |
| IInd | - ദിൽന മാർഗരറ്റ് ജോസ് | സെന്റ് തോമസ് HS, മണിക്കടവ് |
| IIIrd | - ദേവനന്ദ കെ.എസ് | സെന്റ് മേരീസ് HS, എടൂർ |

**പ്ലസ് വൺ**

| | | |
|---|---|---|
| Ist | - വിസ്മയ തെരേസ ബെന്നി | സെന്റ് ജോൺസ് HSS, പാലാവയൽ |
| IInd | - ആർദ്ര സെബാസ്റ്റ്യൻ | സാന്തോം HSS, കൊളക്കാട് |
| IIIrd | - സപര്യ സജി | സെന്റ് മേരീസ് HS, എടൂർ |

**അക്കാദമിക്**

**ഒന്നാം ക്ലാസ്**

| | | |
|---|---|---|
| Ist | - ദേവർഷ് കെ | സെന്റ് ജോൺസ് UPS, തൊണ്ടിയിൽ |
| Ist | - ജോഹൻ ജിജോ | നിർമ്മലഗിരി ALPS, വെള്ളരിക്കുണ്ട് |
| Ist | - ശ്രീമയി ഹരിഹരൻ | സെന്റ് തോമസ് LPS, തോമാപുരം |
| IInd | - ആദിരാജൻ | സെന്റ് ജോൺസ് UPS, തൊണ്ടിയിൽ |
| IIIrd | - വിയാൻ പി | മഞ്ഞളാംപുറം UPS, |
| IIIrd | - ഡിയോൺ ജോസ് ഷിജു | നിർമ്മലഗിരി LPS, വെള്ളരിക്കുണ്ട്. |

**രണ്ടാം ക്ലാസ്**

| | | |
|---|---|---|
| Ist | - കെയിറ്റ് മെർലിൻ | സെന്റ് മേരീസ് UPS, പൈസക്കരി |
| IInd | - ഗുരു മഹിമ എൻ.എം | ഗാന്ധി മെമ്മോറിയൽ UPS, നെല്ലിക്കുറ്റി |
| IInd | - ജോയന്ന മേരി ബിനേഷ് | സെന്റ് മേരീസ് UPS, പൈസക്കരി |
| IInd | - ദാർഷിക് വിവി | നിർമ്മലഗിരി LPS, വെള്ളരിക്കുണ്ട്. |
| IIIrd | - നൈതിക് ദേവ് എം | സെന്റ് ജോസഫ്സ് UPS, കുന്നോത്ത് |
| IIIrd | - ജോയൽ സനീഷ് | സെന്റ് തോമസ് LPS, തോമാപുരം |

**മൂന്നാം ക്ലാസ്**

| | | |
|---|---|---|
| Ist | - നിഹ മെറിൻ സോണി | സെന്റ് ജോൺസ് LPS, പാലാവയൽ |
| IInd | - ധ്യാൻ ദേവ് വിനോദ് | വയത്തൂർ UPS, ഉളിക്കൽ |

IInd - ആഗ്നസ് മരിയ ജോഷി ക്യൂൻ മേരി LPS, വിളക്കന്നൂർ
IIIrd - നിവേദ്യ എൻ നിർമ്മലഗിരി LPS, വെള്ളരിക്കുണ്ട്
IIIrd - ദേവശ്രീ ഹരിഹരൻ സെന്റ് തോമസ് LPS, തോമാപുരം

**നാലാം ക്ലാസ്**

Ist - അലിഷ മേരി മെർവിൻസ് സെന്റ് സെബാസ്റ്റ്യൻസ് LPS, ചരൾ
IInd - ആൻ ജൂലിയറ്റ് സെന്റ് സെബാസ്റ്റ്യൻസ് LPS, ചരൾ
IIIrd - ആൻ മരിയ റിന്റോ സെന്റ് സെബാസ്റ്റ്യൻസ് LPS, ചരൾ
IIIrd - ദേവനന്ദു ദിപു സെന്റ് സെബാസ്റ്റ്യൻസ് LPS, ചരൾ

**അഞ്ചാം ക്ലാസ്**

Ist - അഭിനവ് രതീഷ് സെന്റ് തോമസ് HS, തോമാപുരം
IInd - ആവൂഷ് ജോൺ ഫാത്തിമ UPS, കുടിയാന്മല
IIIrd - മെൽവിൻ ബിജു ഫാത്തിമ UPS, കുടിയാന്മല

**ആറാം ക്ലാസ്**

Ist - ആരുഷ് ടി.എം സെന്റ് മേരീസ് HS, എടൂർ
IInd - നിവേദ്യ ബിജു സെന്റ് ജോർജ് UPS, കച്ചേരിക്കടവ്
IInd - അലോക് അബ്രഹാം മഞ്ഞളാംപുറം UPS
IIIrd - നേഹ മരിയ വിപിൻ നിർമ്മല UPS, ചെമ്പേരി
IIIrd - സെറ ഫ്രാൻസിസ് ഗാന്ധി മെമ്മോറിയൽ UPS, നെല്ലിക്കുറ്റി

**ഏഴാം ക്ലാസ്**

Ist - ഐശ്വര്യ മധു കാരിസ് UPS, മാട്ടറ
IInd - അമൽ സന്തോഷ് സേക്രട്ട് ഹാർട്ട് UPS, അങ്ങാടിക്കടവ്
IIIrd - അലക്സ് സിറിയക് സാബു കാരിസ് UPS, മാട്ടറ

**എട്ടാം ക്ലാസ്**

Ist - ശ്രീലക്ഷ്മി ആർ.വി സെന്റ് മേരീസ് HS, ചെറുപുഴ
IInd - ജെർവിൻ പ്രസാദ് സെന്റ് തോമസ് HS, മണിക്കടവ്
IIIrd - ഡെൽബ ബിജിറ്റ് ജെയേഷ് ചെറുപുഷ്പ HS, ചന്ദനക്കാംപാറ
IIIrd - അനന്യ എം ബി.വി.ജെ.എം. HS, പെരുമ്പടവ്
IIIrd - ദിയ എലിസബത്ത് സെന്റ് തോമസ് HS, തോമാപുരം

**ഒൻപതാം ക്ലാസ്**

Ist - ടോമിൻ സക്കറിയ സെന്റ് ജോർജ് HS, ചെമ്പന്തൊട്ടി
IInd - തോമസ് ജോസഫ് സെന്റ് മേരീസ് HS, ചെറുപുഴ
IIIrd - ചെസ്ന ലിസ്ബത്ത് ജോണി സെന്റ് ജോസഫ്സ് HS, കുന്നോത്ത്

**ഫാ. മാത്യു ശാസ്താംപടവിൽ**
*കോർപ്പറേറ്റ് മാനേജർ*

# നിർമ്മലഗിരി കോളേജ്
## കൂത്തുപറമ്പ്

### അനുശോചനം രേഖപ്പെടുത്തി

പതിനാറു വർഷക്കാലം കോളജിന്റെ മാനേജർ ആയിരിക്കുകയും വിവിധ വികസന പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുകയും ചെയ്ത മോൺ. മാത്യു എം. ചാലിൽ അച്ചന്റെ നിര്യാണത്തിൽ നിർമലഗിരി കോളേജ് ടീച്ചിംഗ് ആൻഡ് നോൺ ടീച്ചിംഗ് സ്റ്റാഫ് അനുശോചനം രേഖപ്പെടുത്തി.

### 30 കിലോവാട്ട് സോളാർ പ്ലാന്റ് കമ്മീഷൻ ചെയ്തു

നിർമലഗിരി കോളജിന്റെ ഊർജ്ജ പ്രതിസന്ധിക്കു പരിഹാരമായി 30 kWa സോളാർ പ്ലാന്റ് കമ്മീഷൻ ചെയ്തു. കെ.എസ്.ഇ.ബി.യുമായി സഹകരിച്ചു നടപ്പിലാക്കുന്ന പദ്ധതി യാഥാർഥ്യമായതോടെ കോളജിന്റെ ദൈനം ദിനാവശ്യങ്ങൾക്കായുള്ള വൈദ്യുതിയുടെ ഉത്പാദനം പൂർണമായും സോളാർ സംവിധാനം വഴിയാണ് നടക്കുന്നത്. അധികമായി ഉത്പാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി. ഗ്രിഡിലേക്കു നൽകുന്നത് വഴി അധികവരുമാനവും കോളജ് ലക്ഷ്യമിടുന്നുണ്ട്.

### (SSR) സബ്മിറ്റ് ചെയ്തു

നിർമലഗിരി കോളജ് അതിന്റെ നാലാം നാക് അക്രഡിറ്റേഷനിലേക്കു കടക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ അഞ്ച് വർഷങ്ങളിലെ പ്രവർത്തന റിപ്പോർട്ട് (SSR) സബ്മിറ്റ് ചെയ്തു. IQAC കോർഡിനേറ്റർ ഡോ. സാബു സെബാസ്റ്റ്യന്റെ നേതൃത്വത്തിൽ നടന്ന ചിട്ടയായ പ്രവർത്തങ്ങൾ SSRന്റെ സമയബന്ധിതമായ സമർപ്പണത്തിനു സഹായകമായി. നാക് പിയർ ടീമിന്റെ സന്ദർശനത്തോടെ കോളജിനു പുതിയ അക്രഡിറ്റേഷൻ ഗ്രേഡ് ലഭിക്കുന്നതായിരിക്കും. കോളജിനു A ഗ്രേഡ് ആണ് നിലവിലുള്ളത്.

### വനിതാദിനാഘോഷം സംഘടിപ്പിച്ചു

മാർച്ച് 8 നു നിർമ്മലഗിരി കോളേജ് വുമൺ സെല്ലിന്റെ ആഭിമുഖ്യത്തിൽ വനിതാദിനാഘോഷം സംഘടിപ്പിച്ചു. സുവോളജി വിഭാഗം മുൻ അധ്യക്ഷ പ്രൊഫ. ജാൻസി ജോർജ് (റിട്ട.) മുഖ്യാതിഥിയായി. പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ.വി. അധ്യക്ഷത വഹിച്ചു. അക്കാദമികമായും കലാപരമായും സംഘടനാ തലത്തിലും കായികമേഖലയിലും മികവു പുലർത്തിയ അധ്യാപകർക്കും വിദ്യാർത്ഥിനികൾക്കും ഉപഹാരം നൽകി ആദരിച്ചു. കെമിസ്ട്രി വിഭാഗം അസി. പ്രൊഫ. ഡോ. സുമി ജോസഫ് മറുപടി പ്രസംഗം നടത്തി. വുമൺ സെൽ പ്രസിഡന്റ് ഡോ. റെൻസി കുര്യൻ സ്വാഗതവും അസി. പ്രൊഫ. രേഷ്മ ടോം നന്ദിയും പറഞ്ഞു.

### ക്യാൻസർ ബോധവത്കരണ സെമിനാർ

നിർമലഗിരി കോളേജിലെ സുവോളജി വകുപ്പിന്റെ നേതൃത്വത്തിൽ മാർച്ച് 9 നു ക്യാൻസർ ബോധവത്കരണ സെമിനാർ സംഘടിപ്പിച്ചു. കേരളത്തിലെ പ്രശസ്ത ക്യാൻസർ ചികത്സകൻ ഡോ. വി. പി. ഗംഗാധരൻ ആണ് ക്ലാസ്സ് നയിച്ചത്. ക്യാൻസറിനെ പേടിക്കേണ്ടതില്ല എന്നും ക്യാൻസറിനെ കുറിച്ചുള്ള ശരിയായ അറിവ് ആണ് ഏറ്റവും പ്രധാനമെന്നും അദ്ദേഹം പറഞ്ഞു വച്ചു. ലഹരി വസ്തുകളുടെയും, പുകയിലയുടെയും ഉപയോഗം ക്യാൻസറിന്റെ ഒരു പ്രധാന കാരണമാണെന്നും, നിരന്തരം ജാഗ്രത പുലർത്തുന്നതിലൂടെ വളരെ നേരത്തേ രോഗം കണ്ടെത്താൻ സാധിച്ചാൽ ഏതൊരു സാധാരണ രോഗത്തെപോലെ തന്നെ ക്യാൻസറിനെയും നേരിടാമെന്നും അദ്ദേഹം ഓർമിപ്പിച്ചു. ശരിയായ ഭക്ഷണക്രമത്തിലൂടെയും ജീവിതചര്യയിലൂടെയും വ്യായമത്തിലൂടെയും ക്യാൻസറിനെ ചെറുത്തു നിർത്താമെന്നും അദ്ദേഹം ആവർത്തിക്കുകയുണ്ടായി. കോളേജ് പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ.വി. ചടങ്ങിന് അധ്യക്ഷത വഹിച്ചു. ഡോ. സാബു സെബാസ്റ്റ്യൻ, സുവോളജി വകുപ്പധ്യക്ഷ ഡോ. ജിംലി സി ജേക്കബ്, വൈഷ്ണ KC, സംഗീത AP, ശ്യാമ ചന്ദ്രൻ എന്നിവർ പ്രസംഗിച്ചു.

### കോളേജ് ഡേ ആഘോഷിച്ചു

ഇരിക്കൂർ നിയോജക മണ്ഡലം എംഎൽഎയും നിർമ്മലഗിരി പൂർവ്വ വിദ്യാർത്ഥിയുമായ അഡ്വക്കേറ്റ് സജീവ് ജോസഫ് എംഎൽഎ പരിപാടി ഉദ്ഘാടനം ചെയ്തു. യൂണിയൻ ചെയർമാൻ സഞ്ജയ് ഷാജി അധ്യക്ഷത വഹിച്ചു. കോളേജ് പ്രിൻസിപ്പൽ ഔസേപ്പച്ചൻ കെ.വി ആനുവൽ റിപ്പോർട്ട് അവതരിപ്പിച്ചു. ബർസാർ റവ. ഫാ. ഷാജി തെക്കേമുറിയിൽ, വൈസ് ചെയർപേഴ്സൺ റോസ് ജോ എന്നിവർ ആശംസകൾ അറിയിച്ചു. ജനറൽ സെക്രട്ടറി ജോസഫൈൻ സെബാസ്റ്റ്യൻ യൂണിയൻ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. യൂണിയൻ അഡ്വൈസർ ഡോ. ദീപാ മോൾ മാത്യു സ്വാഗതവും സ്റ്റുഡന്റ് എഡിറ്റർ മുഹമ്മദ് അദ്നാൻ നന്ദിയും പറഞ്ഞു.

### അസോസിയേഷൻ ഉദ്ഘാടനം

മലയാളം അസോസിയേഷന്റെയും സർട്ടിഫിക്കറ്റ് കോഴ്സായ സമകാലിക ജേർണലിസം കോഴ്സിന്റെയും ഉദ്ഘാടനം കേരള സാഹിത്യ

അക്കാദമി അവാർഡ് ജേതാവ് ശ്രീ. വിനോയ് തോമസും കോളേജ് ബർസാർ റവ. ഫാ. ഷാജി തെക്കേമുറിയും നിർവഹിച്ചു. കോളേജ് പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ. വി അധ്യക്ഷത വഹിച്ചു. കോളേജ് യൂണിയൻ ചെയർമാൻ സഞ്ജയ് ഷാജി ആശംസ അറിയിച്ച് സംസാരിച്ചു. വകുപ്പ് അധ്യക്ഷ ഡോ. ദീപാ മോൾ മാത്യു സ്വാഗതവും അസോസിയേഷൻ പ്രതിനിധി അംന നന്ദിയും പറഞ്ഞു മറ്റ് ഡിപ്പാർട്ടമെന്റ് അസോസിയേഷനുകളുടെ ഉദ്ഘാടനം വിവിധ ദിവസങ്ങളിലായി നടത്തപ്പെട്ടു. പ്രസ്തുത സമ്മേളനങ്ങളിൽ അക്കാദമിക് രംഗങ്ങളിലെ പ്രമുഖർ ക്ളാസുകൾ കൈകാര്യം ചെയ്തു.

## യാത്രയയപ്പ് സമ്മേളനം

നിർമലഗിരി കോളജിൽ നീണ്ട കാലത്തെ സ്തുത്യർഹമായ സേവന ത്തിനുശേഷം വിരമിക്കുന്ന പ്രിൻസിപ്പൽ ഡോ. ഒസേപ്പച്ചൻ കെ.വി., ബോട്ടണി വിഭാഗം മുൻ അധ്യക്ഷൻ ഡോ. ഡെന്നി ഫിലിപ്പ്, സൂപ്രണ്ട് ശ്രീ. കെ. ജെ. ജോസഫ് എന്നിവർക്കുള്ള മാനേജ്മെന്റിന്റെ യാത്രയയപ്പു 23 നു വിവിധ പരിപാടികളോടെ നടന്നു. പ്രസ്തുത മീറ്റിംഗിൽ തലശ്ശേരി അതിരൂപതാ ധ്യക്ഷനും കോളജ് രക്ഷാധികാരിയുമായ മാർ ജോസഫ് പാംപ്ലാനി മുഖ്യാതിഥി ആയിരുന്നു. കോളജ് മാനേജർ മോൺ. ആൻറണി മുതുകുന്നേൽ അധ്യക്ഷത വഹിച്ച പരിപാടിയിൽ കൗൺസിൽ സെക്രട്ടറി ഡോ. ടി.കെ. സെബാസ്റ്റ്യൻ സ്വാഗതം ആശംസിച്ചു. മുൻ മാനേജർ അബ്രാഹം പോണാട്ട്, കോളജ് ബർസാർ റവ. ഫാ. മാത്യു തെക്കേമുറിയിൽ, ഇംഗ്ളീഷ് വിഭാഗം അധ്യക്ഷ സി. സോണിയ ഫിലോമിന വി.എ. ബോട്ടണി വിഭാഗം അധ്യക്ഷൻ ഡോ. ആർ. ഡി. അൻപിൻ രാജ, അനധ്യാപക പ്രതിനിധി ശ്രീമതി. മോളി ജോസഫ്, റിട്ട. അധ്യാപക പ്രതിനിധി പ്രൊഫ. അഗസ്റ്റിൻ ജോസഫ്, റിട്ട. അനധ്യാപക പ്രതിനിധി ശ്രീ. കെ, എം. സെബാസ്റ്റ്യൻ എന്നിവർ ആശംസ നേർന്ന് സംസാരിച്ചു. ഉപഹാര സമർപ്പണത്തിനുശേഷം ഔദ്യോഗിക പദവികളിൽ നിന്ന് വിരമിക്കുന്ന പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ.വി, ബോട്ടണി വിഭാഗം മുൻ അധ്യക്ഷൻ ഡോ. ഡെന്നി ഫിലിപ്പ് ഓഫീസ് സൂപ്രണ്ട് ശ്രീ. ജോസഫ് കെ.ജെ. എന്നിവർ മറുപടി പ്രസംഗം നടത്തി ഡോ. സി. സെലിൻ മാത്യു നന്ദിയും പറഞ്ഞു.

24 ന് വിദ്യാർത്ഥികളും ജനപ്രതിനിധികളും പങ്കെടുക്കുന്ന യാത്രയയപ്പ് സമ്മേളനം നടന്നു. അഡ്വ. സണ്ണി ജോസഫ് എം.എൽ.എ. മുഖ്യാതിഥി ആയി പങ്കെടുത്തു. കോളേജ് മാനേജർ മോൺ. ആന്റണി മുതുക്കുന്നേൽ അധ്യക്ഷത വഹിച്ചു. നിർമലഗിരി കോളേജ് മുൻ രക്ഷാധികാരി മാർ ജോർജ് വലിയമറ്റം അനുഗ്രഹ പ്രഭാഷണം നടത്തി. ബർസാർ റവ. ഫാ. ഷാജി തെക്കേമുറിയിൽ, പി.ടി.എ. വൈസ് പ്രസിഡന്റ് ഡോ. ദേവദാസ്, അലുംമ്നി അസോസിയേഷൻ പ്രസിഡന്റ് ശ്രീ മമ്പറം ദിവാകരൻ, കോളേജ് യൂണിയൻ ചെയർമാൻ സഞ്ജയ് ഷാജി എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു. ചടങ്ങിന് കോളേജ് വൈസ് പ്രിൻസിപ്പൽ റവ. ഡോ. ജോബി ജേക്കബ് സ്വാഗതവും പ്രോഗ്രാം കമ്മിറ്റി മെമ്പർ അസി. പ്രൊഫ. ജോൺസൺ ജോർജ് നന്ദിയും പറഞ്ഞു.

# സാൻജോസ് മെട്രോപോളിറ്റൻ അക്കാഡമി ഫോർ റിസേർച്ച് ആന്റ് ട്രെയിനിംഗ്

Ph: 8281750777, 8281730777; E-mail: sanjoseacademytly@gmail.com

ചെമ്പേരി, വെള്ളരിക്കുണ്ട്

**മെഡിക്കൽ – എൻജിനീയറിങ് എൻട്രൻസ് ക്രാഷ് കോഴ്സ്**

ചെമ്പേരി വിമൽജ്യോതി എൻജിനീയറിങ് കോളേജും സാൻജോസ് അക്കാഡമിയും ചേർന്ന നടത്തുന്ന മെഡിക്കൽ എൻജിനീയറിങ് ക്രാഷ് കോഴ്സ് ഏപ്രിൽ ഒന്നിന് ആരംഭിക്കുന്നു.

**മൂന്ന് സെന്ററുകളിൽ ക്രാഷ് കോഴ്സ് ലഭ്യമാണ്**

1. ചെമ്പേരി വിമൽജ്യോതി എൻജിനീയറിങ് കോളേജ്
2. ആലക്കോട് മേരി മാതാ കോളേജ്
3. വെള്ളരിക്കുണ്ട് സെന്റ് ജൂഡ് കോളേജ്

ഒരു സെന്ററിൽ 50 സീറ്റുകൾ മാത്രമാണുള്ളത്.

ആദ്യം ബുക്ക് ചെയ്യുന്ന 50 പേർക്കാണ് അവസരം ലഭിക്കുക.


28 ന് നിർമലഗിരി കോളേജ് ടീച്ചിംഗ് സ്റ്റാഫ് അസോസിയേഷന്റെ നേതൃത്വത്തിൽ യാത്രയയപ്പ് സമ്മേളനം നടത്തി. മുൻ രക്ഷാധികാരി മാർ ജോർജ് ഞറളക്കാട്ട് മുഖ്യ അതിഥിയായി. ഡോ. ടി.കെ. സെബാസ്റ്റ്യൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ കോളേജ് മാനേജർ മോൺ. ആന്റണി മുതുകുന്നേൽ, ബർസാർ റവ. ഫാ. ഷാജി തെക്കേമുറിയിൽ എന്നിവർ ആശംസകളേകി സംസാരിച്ചു. ഔദ്യോഗിക പദവികളിൽ നിന്ന് വിരമിക്കുന്ന പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ.വി, ബോട്ടണി വിഭാഗം മുൻ അധ്യക്ഷൻ ഡോ. ഡെന്നി ഫിലിപ്പ് ഓഫീസ് സൂപ്രണ്ട് ശ്രീ. ജോസഫ് കെ.ജെ എന്നിവർ മറുപടി പ്രസംഗം നടത്തി. ചടങ്ങിന് സ്റ്റാഫ് അസോസിയേഷൻ പ്രതിനിധി ഷിനിൽ കുര്യാക്കോസ് സ്വാഗതവും പ്രോഗ്രാം കമ്മിറ്റി മെമ്പർ ഡോ. ദീപാ മോൾ മാത്യു നന്ദിയും പറഞ്ഞു.

**പി ആർ ഒ**

നിർമലഗിരി കോളേജ്

**ക്രാഷ് കോഴ്സിന്റെ പ്രത്യേകതകൾ**

1. മുപ്പത് ദിവസം നീണ്ടുനിൽക്കുന്ന തീവ്ര പരിശീലനം
2. ഓരോ വിഷയത്തിനും ഗുണമേന്മയുള്ള പുസ്തകങ്ങൾ
3. കേരളത്തിലെ പ്രഗത്ഭരായ ട്രെയിനേഴ്സിന്റെ പരിശീലനം
4. എല്ലാ ദിവസവും മോഡൽ പരീക്ഷകൾ
5. കരിയർ ഗൈഡൻസ് ക്ലാസുകൾ
6. പരീക്ഷ ഒരുക്ക കൗൺസിലിംഗ് സെഷൻസ്
7. കോളേജ് ക്യാമ്പസിനുള്ളിൽ തന്നെ ഹോസ്റ്റൽ സൗകര്യം

കോഴ്സ് ഫീസ് 15,000 രൂപ, അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.

Sanjose Academy യിലെ German, IELTS ന്റെ പുതിയ ബാച്ചുകൾ എല്ലാ സെന്ററിലും ഏപ്രിൽ ഒന്നിന് ആരംഭിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക Mob: 8281 750 777 Mob: 8281 730 777

താഴെ കൊടുത്തിരിക്കുന്ന ലിങ്ക് വഴി സീറ്റ് ബുക്ക് ചെയ്യുക.

www.sanjoseacademy.in

**സാൻജോസ് അക്കാഡമി ബസ് സർവ്വീസ്**

ചെറുപുഴയിൽ നിന്നും ഏപ്രിൽ ഒന്ന് മുതൽ വിമൽജ്യോതി കോളേജിലേക്ക് സാൻജോസ് അക്കാഡമിയുടെ ബസ് സർവ്വീസ് ഉണ്ടായിരിക്കുന്നതാണ്.

**ഫാ. സോണി വടശ്ശേരിൽ**
*ഡയറക്ടർ*

# വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ്
## ചെമ്പേരി

**സ്കോളർഷിപ്പുകൾക്ക് ഇപ്പോൾ അപേക്ഷ സമർപ്പിക്കാവുന്നതാണ്**

https://vjec.ac.in./scholaship/ എന്ന ലിങ്ക് വഴിയും QR കോഡ് സ്കാൻ ചെയ്തും പ്ലസ് വൺ മാർക്കിന്റെ അടിസ്ഥാനത്തിൽ പ്ലസ് ടു വിദ്യാർത്ഥികൾക്ക് ഇപ്പോൾത്തന്നെ സ്കോളർഷിപ്പ് ആപ്ലിക്കേഷൻ സമർപ്പിക്കാവുന്നതാണ്.

SCAN TO APPLY

**MAR JOSEPH PAMPLANY EDUCATIONAL SCHOLARSHIP**

| SCHOLORSHIP | Total Marks Scored Plus One Physics, Mathematics, Chemistry Exams |
|---|---|
| Platinum Rs.2,65,400 Tution Fee 8650/- മാത്രം | 95% & Above Marks |
| Diamond Rs.1,50.000/- Tution Fee പകുതി മാത്രം 37500/- | 90% & Above Marks |
| Golden Rs. 60,000/- Yearly 15000/- | 85% Above Marks |
| Silver Rs. 40,000/- Yearly 10000/- | 80% Above Marks |

KEAM പരീക്ഷ പാസ്സാകുന്ന കുട്ടികൾക്ക് മാത്രമാണ് സ്കോളർഷിപ്പ് ലഭ്യമാവുക. എല്ലാ ബ്രാഞ്ചുകളിലും സ്കോളർഷിപ്പുകൾ ലഭ്യമാണ്. എന്നാൽ, കമ്പ്യൂട്ടർ സയൻസ് & എഞ്ചിനീയറിംഗ്, കമ്പ്യൂട്ടർ സയൻസ് & ഡിസൈൻ, സൈബർ സെക്യൂരിറ്റി സയൻസ് & ഡിസൈൻ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് & ഡാറ്റാ സയൻസ്, കമ്പ്യൂട്ടർ സയൻസ് & സൈബർ സെക്യൂരിറ്റി കമ്പ്യൂട്ടർ സയൻസ് & ബിസിനസ്സ് സിസ്റ്റം എന്നീ ബ്രാഞ്ചുകളിൽ മാത്രം 95% മാർക്കിൽ കൂടുതലുള്ള 10 കുട്ടികൾകകാണ് സ്കോളർഷിപ്പ് ലഭിക്കുന്നത്. പ്ലസ് ടു റിസൾട്ട് വന്നു കഴിഞ്ഞാൽ സ്കോളർഷിപ്പിന് പ്ലസ് ടു മാർക്ക് ആയിരിക്കും ബാധകം.

KEAM RANK SCHOLARSHIP 2023

KEAM Rank 1-5000 : Scholarship : Entire College Fee

Rank 5001-8000 : Scholarship: 2,65,400/- (66,350x4 year)

Tution Fee = Government Fee only
Rank 8001 - 10000 : Scholarship : 1,20,000/- (30000x4 year)
Rank 10001-20000 : Scholarship : 20,000/- (5000x4 year)

### വിമൽ ജ്യോതിക്ക് ദേശീയ അംഗീകാരം

കേന്ദ്ര സർക്കാരിന്റെ 'ഉന്നത് ഭാരത് അടിയാൻ' പദ്ധതിയുടെ ഭാഗമായി പാലക്കാട് ഐ.ഐ.ടി.യിൽ വച്ചു നടത്തപ്പെട്ട പ്രോജക്ട് എക്സ്പോയിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട മൂന്ന് കോളേജുകളിൽ ഒന്ന് ചെമ്പേരി വിമൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജാണ്.

'ലോ കോസ്റ്റ് ഓട്ടമേറ്റഡ് എഗ്ഗ് ഹാർച്ചറി യൂണിറ്റ്' എന്ന വിമൽ ജ്യോതിയുടെ പ്രോജക്ട്, ഐ.ഐ.ടി. ഡൽഹി സംഘടിപ്പിച്ച ഉന്നതി മഹോത്സവ് എക്സ്പോയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു.

മൂന്നാം വർഷ കമ്പ്യൂട്ടർ സയൻസ് വിദ്യാർത്ഥിയായ അലൻ ജ്യോതിസ് പ്രൊജക്ടിന്റെ ഭാഗമായ വിദ്യാർത്ഥികളെ പ്രതിനിധീകരിച്ചു. വിമൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജ് ഫിനാൻസ് മാനേജർ റവ. ഫാ. ലാസർ വരമ്പകത്ത്, കമ്പ്യൂട്ടർ സയൻസ് അദ്ധ്യാപിക പ്രൊഫ. വിദ്യാ എസ്. എസ്. എന്നിവർ അലൻ ജ്യോതിസിനോടൊപ്പം ഡൽഹി ഐ.ഐ.ടി.യിൽ 2023 മാർച്ച് 17, 18 തീയതികളിൽ നടത്തപ്പെട്ട പ്രോജക്ട് എക്സ്പോയിൽ പങ്കെടുത്തു. പ്രസ്തുത പരിപാടിയുമായി ബന്ധപ്പെട്ട എല്ലാ സാമ്പത്തിക ചിലവുകളും പാലക്കാട് ഐ.ഐ.ടി.യാണ് വഹിച്ചത്.

കേന്ദ്ര വിദ്യാഭ്യാസ സഹമന്ത്രി ഡോ: സുഭാഷ് ശങ്കർ എക്സ്പോ ഉദ്ഘാടനം ചെയ്തു. തുടർന്ന് നടന്ന പ്രോജക്ട് പ്രസന്റേഷനിലും, ചർച്ചയിലും വിമൽ ജ്യോതിയുടെ സാമൂഹ്യ പ്രതിബന്ധതയോടു കൂടിയ പ്രവർത്തനങ്ങളെ സംഘാടകർ പ്രത്യേകം അഭിനന്ദിച്ചു.

### PLACEMENT NEWS - MARCH 2023

- പ്രമുഖ EDTECH കമ്പനിയായ ACCENTA EDUCATION വിമൽ ജ്യോതിയിൽ Campus Recrutment 23/02/2023ൽ നടത്തുകയും, 30 കുട്ടികളെ തിരഞ്ഞെടുക്കുകയും ചെയ്തു. പ്രതിവർഷം 2 ലക്ഷത്തോളം രൂപ ശമ്പളം വാഗ്ദാനം ചെയ്യുന്നു.
- Instrumentation Core കമ്പനിയായ YOKOGANA അവസാനവർഷ വിദ്യാർത്ഥികൾക്കായി ക്യാംപസ് റിക്രൂട്ട്മെന്റ് നടത്തി. 3 കുട്ടികളെ ഫൈനൽ റൗണ്ടിലേക്ക് Shortlist ചെയ്തിട്ടുണ്ട്. ഏപ്രിൽ പകുതിയോടെ Selection process പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.
- സുത്താൻ ബത്തേരി ആസ്ഥാനമായി പ്രവർത്തിക്കുന്ന NETHRAM LIC ക്യാംപസ് റിക്രൂട്ട്മെന്റിനായി വിമൽ ജ്യോതിയിലേയ്ക്ക് വരികയുണ്ടായി. 2 അവസാന വർഷ കമ്പ്യൂട്ടർ സയൻസ് വിദ്യാർത്ഥികളെ തിരഞ്ഞെടുത്തു. പ്രതിമാസം 30,000/- രൂപയോളം ശമ്പളം വാഗ്ദാനം ചെയ്യുന്നു.

- ഈജിപ്ഷ്യൻ കമ്പനിയായ ACABEZ സംഘടിപ്പിച്ച ക്യാംപസ് റിക്രൂട്ട്മെന്റിൽ വിമൽജ്യോതിയിൽ നിന്നും 70-ഓളം കുട്ടികൾ പങ്കെടുക്കുകയുണ്ടായി. 7 കുട്ടികൾക്ക് ജോലി ലഭിച്ചു. പ്രതിവർഷം 5 ലക്ഷത്തോളം രൂപ ശമ്പളം വാഗ്ദാനം ചെയ്യുന്നു.
- സിവിൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്കായി Structural Enge. മേഖലയിൽ പ്രവർത്തിക്കുന്ന പ്രമുഖ കമ്പനിയായ AARBEE STRUCTURES ക്യാംപസ് റിക്രൂട്ട്മെന്റ് നടത്തി. സെലക്ഷൻ ലിസ്റ്റ് ലഭ്യമായിട്ടില്ല.
- ഫെഡറൽ ബാങ്ക് നടത്തിയ ക്യാംപസ് റിക്രൂട്ട്മെന്റിലൂടെ 30 കുട്ടികൾ അവസാന റൗണ്ടിലേക്ക് തിരഞ്ഞെടുപ്പെട്ടു. റിക്രൂട്ട്മെന്റ് നടപടികൾ ഏപ്രിൽ അവസാനത്തോടെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

NBA, NAAC അക്രഡിറ്റേഷൻ ഉള്ള കേരളത്തിലെ ചുരുക്കം കോളേജുകളിൽ ഒന്നാണ് വിമൽജ്യോതി. കേവിഡിന്റെ പ്രത്യേക സാഹചര്യം ഉണ്ടായിട്ടും യോഗ്യരായ എല്ലാ കുട്ടികൾക്കും പ്രമുഖ കമ്പനികളിൽ പ്ലേസ്മെന്റ് നേടിക്കൊടുക്കാൻ ഈ വർഷവും കോളേജിനു സാധിച്ചിട്ടുണ്ട്. സ്കോളർഷിപ്പ്, അഡ്മിഷൻ, എൻട്രൻസ് കോച്ചിംഗ്, കരിയർ ഗൈഡൻസ് എന്നിവയുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്ക് 9846423448, 9400062919, 0490 2212240 എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

Web:www.vjec.zc.in Email: admission@vjec.ac.in

**എം.ബി.എ. വാർത്തകൾ**

കണ്ണൂർ ജില്ലയിലെ ഏക നാക് അക്രഡിറ്റഡ് മാനേജ്മെന്റ് സ്ഥാപനമായ വിമൽജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആന്റ് റിസേർച്ചിൽ 2023–25 വർഷത്തേക്കുള്ള എം.ബി.എ. പ്രവേശനത്തിനുള്ള നടപടികൾ ആരംഭിച്ചു. ബിരുദപഠനം പൂർത്തിയാക്കിയവർക്കും അവസാനവർഷ ബിരുദ വിദ്യാർത്ഥികൾക്കും അപേക്ഷിക്കാം. ഡിഗ്രിക്ക് കുറഞ്ഞത് 70% മാർക്ക് എങ്കിലും വാങ്ങിയ വിദ്യാർത്ഥികൾക്ക് വിവിധങ്ങളായ സ്കോളർഷിപ്പുകളും ലഭ്യമാണ്. 80% മാർക്ക് വാങ്ങിയ മികച്ച വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് ഫീസിൽ വിമൽജ്യോതിയിൽ നിന്നും എം.ബി.എ. പഠനം പൂർത്തിയാക്കാവുന്നതാണ്.

ആദ്യം അഡ്മിഷൻ എടുക്കുന്ന 20 പേർക്ക് ഗവൺമെന്റ് ഫീസിൽ (10500 രൂപ per semmester). അടുത്ത 20 പേർക്ക് ലാപ്ടോപ് സൗജന്യമായി ലഭിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്കും അഡ്മിഷനും താഴെ കാണുന്ന നമ്പറുകളിൽ ബന്ധപ്പെടുക. **9497517396, 9656786719, +8111918367**

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**

*മാനേജർ*

# ACCOMPANYING DEAF AND AWAKENING MISSION (ADAM)

**ഫെബ്രുവരി മാസ പ്രോഗ്രാം**

ഓൺലൈൻ മിനിസ്ട്രി 4, 18, 25 തീയതികളിൽ ഓൺലൈൻ മീഡിയയിൽ വിശുദ്ധ ബലി അർപ്പിച്ചു.

**NCED - India International Conference Delhi**

8, 9, 10 രീതികളിൽ ഡൽഹിയിൽ വച്ച് നടന്ന നാഷണൽ കൺവെൻഷൻ ഓഫ് എഡ്യൂക്കേറ്റേഴ്സ് ഓഫ് ഡഫ് ഇന്ത്യയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട ബധിര വിദ്യാഭ്യാസ സംബന്ധമായ അന്തർദേശീയ സെമിനാറിൽ പങ്കുചേർന്നു. ബധിര വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ വളർച്ചയ്ക്ക് ഉപകരിക്കുന്ന വിവിധ പാഠ്യരീതികൾ, വിദ്യാർത്ഥികൾ, അധ്യാപകർ എന്നിവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ സെമിനാറിൽ ചർച്ചചെയ്യപ്പെട്ടു.

**ബാംഗ്ലൂർ മിഷൻ**

12-ാം തീയതി സെന്റ് പാർട്രിക്ക് പള്ളിയിൽ വച്ച് ബാംഗ്ലൂർ ആദം മിനിസ്ട്രി അംഗങ്ങളായ ജോൺ - സീന ദമ്പതികളുടെ വിവാഹ രജത ജൂബിലി വിശുദ്ധ കുർബാനയോടും സ്നേഹവിരുന്നോടും കൂടി ആഘോഷിച്ചു. അംഗങ്ങൾ സമ്മാനങ്ങൾ നൽകി.

**വാർഷിക ആഘോഷം**

ആലക്കോട് ബധിര ബൈബിൾ കൂട്ടായ്മ 19 വാർഷികം ആലക്കോട് സെന്റ് മേരിസ് ഫൊറോന ദേവാലയത്തിൽ വച്ച് 19-ാം തീയതി ഞായ റാഴ്ച ആഘോഷിച്ചു. കരുവഞ്ചാൽ സെൻറ് ജോസഫ് ഹോസ്പിറ്റൽ മാനേജർ ഫാ. തോമസ് മണവത്ത് വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി. തുടർന്ന് നടന്ന മീറ്റിങ്ങിൽ ഹോസ്പിറ്റലിന്റെ സേവനങ്ങൾ ആദം മിനിസ്ട്രി അംഗങ്ങൾക്ക് കൂടുതൽ പ്രാപ്തമാക്കത്തക്കവിധം ഭാവി പരിപാടികൾ ക്രമീകരിക്കുന്ന താണെന്ന് അച്ചൻ വാഗ്ദാനം നൽകി. ഫൊറോന വികാരി ബഹു.

മാണി ആട്ടേലച്ചൻ ആശംസകൾ നേരുന്നു. ശ്രീ. ആൻറണി റിപ്പോർട്ട് അവതരിപ്പിച്ചു. ശ്രീ. അബ്രഹാം, ശ്രീ. ആന്റണി ശ്രീ. പോൾ തുടങ്ങിയവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. ബൈബിൾ ദ്രുശ്വാവതരണം വിവിധ മത്സരങ്ങളുടെ സമ്മാനവിതരണം സ്നേഹവിരുന്ന് എന്നിവയോടെ സമ്മേളനം അവസാനിച്ചു.

**ജ്യോതി ഭവൻ സ്കൂൾ, ചായ്യോത്ത്**

22-ാം ദേശീയ ബധിര സ്കൂൾ കായിക മേളയിൽ ഡിസ്കസ് ത്രോയിൽ വെങ്കല മെഡൽ കരസ്ഥമാക്കിയ രാജേഷ് കുമാറിന്റെ അനുമോദന ചടങ്ങിൽ പങ്കുചേർന്ന് ആദംമിസ്ട്രിയുടെ ആശംസകൾ അറിയിക്കുകയും ആംഗ്യഭാഷയിൽ പരിപാടികൾക്ക് പരിഭാഷ നൽകുകയും ചെയ്തു.

**ഏകദിന സെമിനാർ**

23-ാം തീയതി ഇരിട്ടി ചാവറ നിവാസ് സ്കൂളിലെ കുട്ടികൾക്കായി ഏകദിന സെമിനാർ സംഘടിപ്പിച്ചു. കുട്ടികളുടെ സ്വഭാവ രൂപീകരണത്തിനു പകരിക്കുന്ന ക്ലാസുകൾ, കുമ്പസാരം, വിശുദ്ധ കുർബാന എന്നിവ സെമിനാറിനോടനുബന്ധിച്ച് നടത്തി.

**ഡോൺ ബോസ്കോ സ്പീച്ച് ആന്റ് ഹിയറിങ്, സ്കൂൾ**

മധ്യപ്രദേശ് ബസ്സ് നടന്ന ദേശീയ ബധിരമൂക കായികമേളയിൽ വിജയികളായ ഡോൺ ബോസ്കോ സ്കൂളിലെ കുട്ടികളെ അനുമോദിക്കുവാൻ തളിപ്പറമ്പ് ടൗൺ സ്ക്വയറിൽ നടത്തപ്പെട്ട റാലിയിലും മീറ്റിംഗിലും പങ്കെടുത്തു വിജയികളായവർക്ക് ആദം മിനിസ്ട്രിയുടെ അനുമോദനങ്ങൾ അർപ്പിക്കുകയും പരിപാടികൾക്ക് ആംഗ്യഭാഷ പരിഭാഷ നൽകുകയും ചെയ്തു.

**വിവാഹ ആശിർവാദങ്ങൾ:** ആദം മിനിസ്ട്രി അംഗങ്ങളായ താമരശ്ശേരി രൂപതാംഗം കാര്യമാറ്റത്തിൽ ജിമ്മി - ലിബിയ ദമ്പതികളുടെയും, രയറോം ഇടവക തറക്കുന്നേൽ അരുൺ - സ്നേഹ ദമ്പതികളുടെയും വിവാഹ ആശിർവാദങ്ങളിൽ ആംഗ്യഭാഷ പരിഭാഷ നൽകി.

**മാർച്ച് മാസം പ്രോഗ്രാം**

ഓൺലൈൻ മിഷൻ 4, 18, 25 തീയതികളിൽ വി. കുർബാനയും 3, 10, 17, 24, 31 തീയതികളിൽ കുരിശിന്റെ വഴിയും നടത്തി.

**ആലക്കോട് ബധിര കൂട്ടായ്മ**

അഞ്ചാം തീയതി ഞായറാഴ്ച ശേഷം സെന്റ് മേരിസ് ഇംഗ്ലീഷ് മീഡിയം സ്കൂളിൽ ചേർന്ന യോഗത്തിൽ പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു.

**ബാംഗ്ലൂർ മിഷൻ**

12-ാം തീയതി സെന്റ് പാട്രിക്ക് ചർച്ചിൽ വിശുദ്ധബലിയും, കുരിശിന്റെ വഴിയും, നോമ്പ് ചിന്തകളും പങ്കുവച്ചു.

**ഭിന്നശേഷി പ്രാർത്ഥനാ ദിനം**

22-ാം തീയതി ബുധനാഴ്ച ബാംഗ്ലൂർ അതിരൂപത ഭിന്നശേഷി കമ്മീഷന്റെ ആഭിമുഖ്യത്തിൽ നടത്തിയ ഭിന്നശേഷിക്കാരുടെ കുടുംബ കൂട്ടായ്മയിൽ പങ്കുചേരുന്നു. വി. കുർബാനക്ക് ആർച്ച് ബിഷപ്പ് പീറ്റർ മച്ചാഡോ നേതൃത്വം നൽകി. 9:30ന് ആരാധനയോടെ ആരംഭിച്ച ഏകദിന കൂട്ടായ്മ ധ്യാന പ്രസംഗം, കുമ്പസാരം, വിശുദ്ധ കുർബാന എന്നിവയോടെ വൈകുന്നേരം 5 മണിക്ക് സമാപിച്ചു.

**മലയാറ്റൂർ തീർത്ഥാടനം**

കാത്തലിക് ഡഫ് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ ആഭിമുഖ്യത്തിൽ 26 ന് രാവിലെ 8 മണിക്ക് മലയാറ്റൂർ തീർത്ഥാടനം ആരംഭിച്ചു. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി 250 ഓളം ആളുകൾ പങ്കു ചേരുന്നു. ആലക്കോട് കൂട്ടായ്മയുടെ നേതൃത്വത്തിൽ 49 പേർ മലയാറ്റൂർ, വല്ലാർപാടം, ഇടപ്പള്ളി, കൊരട്ടി എന്നീ സ്ഥലങ്ങൾ ഇതിനോട് അനുബന്ധിച്ച് സന്ദർശിച്ചു.

**ഏപ്രിൽ മാസ പ്രോഗ്രാം**

ഓൺലൈൻ മിഷൻ 1, 15, 22, 29 തീയതികളിൽ വിശുദ്ധ കുർബാന.

**അതിരൂപത ബധിര കൂട്ടായ്മ കുടുംബ സംഗമം**

ഏപ്രിൽ 30 ഞായറാഴ്ച ആലക്കോട് ബധിര കൂട്ടായ്മയിലെ അംഗങ്ങളുടെ കുടുംബ സംഗമം തലശ്ശേരി അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്നതാണ്. അതിരൂപതയിലെ എല്ലാ ബധിര സഹോദരങ്ങളും കുടുംബാംഗങ്ങളെയും ഈ സംഗമത്തിലേക്ക് സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ഫാ. ജോർജ് കളരിമുറിയിൽ**
*ഡയറക്ടർ*

# ഇൻഫാം

കർഷകജനത ആവേശത്തിലാണ് കാരണം തങ്ങളെക്കുറിച്ച് ചിന്തിക്കുന്ന, തങ്ങളുടെ വിഷമം സ്വന്തമായി ഏറ്റെടുത്ത് പരിഹാരം കാണുന്ന ഒരു പിതാവ് ഉണ്ട് എന്ന ആത്മവിശ്വാസം അത് കർഷകരെ വലിയ തോതിൽ ആവേശഭരിതരാക്കുന്നു. തങ്ങളുടെ ഭവനം വിട്ട് ഒരു കാരണവശാലും ഇറങ്ങേണ്ടി വരില്ല എന്ന ഒരു വിശ്വാസം അവർക്ക് ലഭിച്ചിരിക്കുന്നു. അഭിവന്ദ്യ പിതാവെ കർഷക മക്കളുടെ ഒന്ന് ചേർന്നുള്ള അഭിന്ദനങ്ങളും നന്ദിയും അറിയിക്കുന്നു. ഞങ്ങളുടെ എല്ലാ പിന്തുണയും ആയി ഞങ്ങൾ ഒപ്പമുണ്ട്.

സ്നേഹമുള്ളവരെ, ഈ അവസരം ഉപയോഗപ്പെടുത്തി കൊണ്ട് നമ്മുടെ എല്ലാ ഇടവകകളിലും ഇൻഫാം സംഘടന രൂപീകരിക്കാനും കർഷകർ ഒന്നിച്ച് നിന്നാൽ കാർഷിക വിളകൾക്ക് വില നേടിയെടുക്കാൻ സാധിക്കും എന്ന അവബോധം സൃഷ്ടിക്കാനും നമുക്ക് സാധിക്കണം. ഇനിയും നമുക്ക് കർഷകരിലേയ്ക്ക് ഇറങ്ങി ചെല്ലാൻ സാധിക്കുന്നില്ല എങ്കിൽ ഇനി ഒരു അവസരം നമ്മെ കാത്തിരിക്കുന്നില്ല എന്ന തിരിച്ചറിവോടെ ഇറങ്ങി പ്രവർത്തിക്കാം.

കർഷകർക്ക് കത്തോലിക്കാ കോൺഗ്രസിന്റ നേതൃത്വത്തിൽ നല്കിയ വലിയ പിന്തുണയ്ക്ക് ബഹു. കവിയിൽ ഫിലിപ്പച്ചനും അതിരൂപതാ ദിയാക്കോണിയാ നേതൃത്വത്തിനും പ്രത്യേകിച്ച് പെരിയ ബഹു. വികാരി ജനറാളച്ചൻമാക്കും പ്രത്യേകം അഭിനന്ദനങ്ങൾ!

**ശ്രീ. സ്കറിയ നെല്ലംകുഴിയിൽ**
*പ്രസിഡന്റ്*

**ഫാ. തോമസ് ചെരുവിൽ**
*ഡയറക്ടർ*

# കത്തോലിക്കാ കോൺഗ്രസ് (എ. കെ. സി. സി.)

**കത്തോലിക്ക കോൺഗ്രസ് കർഷക വിഷയങ്ങൾ ഏറ്റെടുക്കുന്നു**

കത്തോലിക്ക കോൺഗ്രസ് കർഷകരുടെ പ്രശ്നങ്ങൾ ഉന്നയിച്ചു കൊണ്ടും, കർഷകരുടെ സംരക്ഷണത്തിനു വേണ്ടിയും കർഷക സമരങ്ങളുമായി മുന്നോട്ടു പോകുവാൻ തീരുമാനിച്ചു. കർഷക സമരങ്ങളുടെ വിജയത്തിനായി 25/02/2023 ന് ആലക്കോട് സെന്റ് മേരീസ് ഫൊറോന ഹാളിൽ സംഘാടക സമിതി യോഗം ചേർന്നു. യോഗത്തിന്റെ ഉദ്ഘാടനം അഭിവന്ദ്യ ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി പിതാവ് നിർവ്വഹിച്ചു. വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി അധ്യക്ഷത വഹിച്ച യോഗത്തിൽ കത്തോലിക്ക കോൺഗ്രസ് തലശ്ശേരി അതിരൂപത ഡയറക്ടർ ഫാദർ ഫിലിപ്പ് കവിയിൽ സമരത്തെക്കുറിച്ച് വിശദീകരിച്ചു. ആലക്കോട്, വായാട്ടുപറമ്പ്, മേരിഗിരി ഫൊറോനാ വികാരിമാരും, വിവിധ ഇടവകകളിൽ നിന്നും നിരവധി വൈദികരും, കത്തോലിക്ക കോൺഗ്രസിന്റെയും മറ്റ് സംഘടനകളുടെയും പ്രതിനിധികളും യോഗത്തിൽ പങ്കെടുത്തു.

അഭിവന്ദ്യ ആർച്ച് ബിഷപ്പ് മുഖ്യരക്ഷാധികാരി ആയി 101 അംഗ സംഘാടക സമിതി രൂപീകരിച്ചു. കത്തോലിക്ക കോൺഗ്രസ് അതിരൂപത പ്രസിഡണ്ട് അഡ്വക്കറ്റ് ടോണി ജോസഫ് പുഞ്ചക്കുന്നേൽ ചെയർമാനും, ടോമി കണയങ്കൽ ജനറൽ കൺവീനറുമായി തെരഞ്ഞെടുക്കപ്പെട്ടു. ഫൈനാൻസ് കമ്മിറ്റി ചെയർമാൻ ആയി ബഹു. ഫാദർ ജോർജ് തൈക്കുന്നുംപുറത്തെയും വിവിധ കമ്മിറ്റി ഭാരവാഹികളെയും തിരഞ്ഞെടുത്തു.

ഫാദർ ഫിലിപ്പ് കവിയിൽ, ഫാദർ മാണി ആട്ടേൽ, ഫാദർ തോമസ് തെങ്ങുംപള്ളിൽ, ഫാദർ ജോയ് മഠത്തിമ്യാലിൽ എന്നിവർ രക്ഷാധികാരികളായും തെരഞ്ഞെടുക്കപ്പെട്ടു.

**വിവിധ യൂണിറ്റുകളിൽ 'കർഷക ജ്വാലകൾ'**

മാർച്ച് 8 മുതൽ15 വരെ അതിരൂപതയിലെ 19 ഫൊറോന കേന്ദ്രങ്ങളിലും വിവിധ തീയതികളിൽ കർഷക മാർച്ചോടുകൂടിയ 'കർഷക ജ്വാല' നടന്നു. മാർച്ച് 16,17 തീയതികളിൽ കർഷക ജ്വാലയുടെ പ്രചരണാർത്ഥം മേരിഗിരി, ആലക്കോട്, വായാട്ടുപറമ്പ് ഫൊറോനകളിൽ വാഹന പ്രചരണ ജാഥ നടന്നു.

പതിനേഴാം തീയതി ഉച്ചകഴിഞ്ഞ് 5 മണിക്ക് കെ സി വൈ എം, മേരിഗിരി, ആലക്കോട്, വായാട്ടുപറമ്പ് ഫൊറോന കമ്മിറ്റികളുടെ സംയുക്ത ആഭിമുഖ്യത്തിൽ ബൈക്ക് റാലി നടത്തി. ബൈക്ക് റാലിയുടെ ഉദ്ഘാടനം കെസിവൈഎം അതിരൂപത ഡയറക്ടർ ബഹു. ഫാ. ജിൻസ് വാളിപ്ലാക്കൽ തേർത്തല്ലിയിൽ വെച്ച് ഉദ്ഘാടനം ചെയ്തു. സമാപനം കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത കമ്മിറ്റി പ്രസിഡണ്ട് അഡ്വക്കറ്റ് ടോണി ജോസഫ് പുഞ്ചക്കുന്നേൽ കരുവഞ്ചാലിൽ ഉദ്ഘാടനം ചെയ്തു.

**കർഷക റാലിയും കർഷക ജ്വാല - സമ്മേളനവും**

ആലക്കോട് അരങ്ങത്തു നിന്ന് ആരംഭിച്ച പതിനായിരങ്ങൾ പങ്കെടുത്ത റാലി ഇൻഫാം ദേശീയ ചെയർമാൻ മോൺ. ജോസഫ് ഒറ്റപ്ലാക്കൽ അതിരൂപത പ്രസിഡണ്ട് അഡ്വക്കറ്റ് ടോണി ജോസഫ് പുഞ്ചക്കുന്നേലിനു പതാക കൈമാറി ഫ്ളാഗ് ഓഫ് ചെയ്തു. ആലക്കോട് ടൗണിലേക്ക് നടന്ന ബഹുജന റാലിയിൽ ബാൻഡ് മേളവും മുദ്രാവാക്യങ്ങളും കർഷകരുടെ ദുരിതങ്ങൾ വിളിച്ചോതുന്ന ഫ്ലോട്ടുകളും ഉണ്ടായിരുന്നു. അതിരൂപത ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി പിതാവ്, വികാരി ജനറാൾ മോൺ. ആന്റണി മുതുകുന്നേൽ, ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ, കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ ജനറൽ സെക്രട്ടറി രാജീവ് കൊച്ചുപറമ്പിൽ, കത്തോലിക്ക കോൺഗ്രസ് അതിരൂപത പ്രസിഡണ്ട് അഡ്വക്കറ്റ് ടോണി ജോസഫ് പുഞ്ചക്കുന്നേൽ വിവിധ സംഘടനകളുടെ ഡയറക്ടർമാർ അതിരൂപത പ്രസിഡണ്ടുമാർ തുടങ്ങിയവർ ജാഥയ്ക്ക് നേതൃത്വം നൽകി.

സമാപന സമ്മേളനത്തിന്റെ ഉദ്ഘാടനം മാർ ജോസഫ് പാംപ്ലാനി പിതാവ് നിർവ്വഹിച്ചു. കർഷകരുടെ ആവശ്യങ്ങൾ നിറവേറുന്നിടം വരെ മരണംവരെ പോരാടാൻ താൻ തയ്യാർ ആണെന്ന് പിതാവ് കർഷകർക്ക് ഉറപ്പു നൽകി. പിതാവിന്റെ വാക്കുകൾ കർഷകർ ആവേശത്തോടെ സ്വീകരിച്ചു. അതിരൂപത പ്രസിഡണ്ട് അഡ്വക്കറ്റ് ടോണി ജോസഫ് പുഞ്ചക്കുന്നേൽ അധ്യക്ഷത വഹിച്ചു. അതിരൂപത ഡയറക്ടർ ഫാദർ ഫിലിപ്പ്

കവിയിൽ ആമുഖപ്രഭാഷണവും, ഗ്ലോബൽ ജനറൽ സെക്രട്ടറി രാജീവ് കൊച്ചുപറമ്പിൽ മുഖ്യപ്രഭാഷണവും, അതിരൂപത ജനറൽ സെക്രട്ടറി ബെന്നി പുതിയാമ്പുറം സ്വാഗതവും, സംഘാടകസമിതി ജനറൽ കൺവീനർ ടോമി കണയങ്കൽ നന്ദിയും പറഞ്ഞു.

വന്യമൃഗങ്ങളുടെ ആക്രമണത്തിൽ കൊലചെയ്യപ്പെട്ട ആറളം ഫാമിലെ രഘു അടക്കമുള്ളവർക്ക് വേണ്ടി യോഗത്തിൽ അഡ്വക്കറ്റ് ബിനോയ് തോമസ് അനുശോചന പ്രമേയം അവതരിപ്പിച്ചു.

കർഷക ജ്വാല വൻ വിജയമാക്കുന്നതിലും തുടർന്ന് പൊതുസമൂഹ ത്തിനിടയിൽ സജീവമായ ചർച്ച തുടങ്ങി വെക്കുവാനും അഭിവന്ദ്യ ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി പിതാവിന് കഴിഞ്ഞു. വിവിധ ചാനലുകളുടെയും പത്രക്കാരുടെയും സാന്നിധ്യം എടുത്തു പറയേണ്ടതാണ്. കർഷക റാലിയുടെയും സമ്മേളനത്തിന്റെയും സംഘാടനത്തിനു വേണ്ടി സഹകരിച്ച എല്ലാവരോടും പ്രത്യേകിച്ച് മാധ്യമ പ്രവർത്തകരോടും അതിരൂപത കമ്മിറ്റിക്കു വേണ്ടി നന്ദി അർപ്പിക്കുന്നു.

**അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേൽ**
പ്രസിഡണ്ട്

**ഫാ. ഫിലിപ്പ് കവിയിൽ**
ഡയറക്ടർ

# കെ. സി. ബി. സി. മദ്യവിരുദ്ധസമിതി

## മുക്തിശ്രീ, എ. ഡി. എസ്. യു, പ്രതീക്ഷാ മദ്യപാനരോഗ ചികിത്സാകേന്ദ്രം

**തൃശൂർ ചേതനയിൽ പഠന ശിബിരം ഫെബ്രു 27**

തൃശൂർ ചേതനയിൽ വെച്ച് സംഗീത വിദ്യാർത്ഥികൾക്കായ് ഒരുക്കിയ പഠനശിബിരത്തിൽ ഫാ. ഡയറക്ടർ 'എന്തുകൊണ്ട് മദ്യം, മയക്കുമരുന്ന് ആസക്തി' എന്ന വിഷയത്തിൽ ക്ലാസ്സെടുത്തു. ഫാ. പോൾ പൂവത്തിങ്കൽ നേതൃത്വം നല്കി.

**ഗവ. യു. പി. സ്കൂൾ, വലിയ അരീക്കമല - ബോധവത്ക്കരണം**

ഫെബ്രുവരി 29ന് വലിയ അരീക്കമല ഗവ. യു.പി. സ്കൂളിൽ വിദ്യാർത്ഥികൾക്കായ് ഡയറക്ടറച്ചൻ ലഹരി ബോധവത്ക്കരണ സെമിനാർ നടത്തി.

**മാർച്ച് 3 ആദ്യവെള്ളി ശുശ്രൂഷ മദ്യാസക്തർക്കായ്**

ആദ്യവെള്ളി ശുശ്രൂഷയോടനുബന്ധിച്ച് ദീപഗിരിയിൽ മദ്യാസക്തർക്കായ് പ്രത്യേക പ്രാർത്ഥന നടന്നു. ഡയറക്ടറച്ചൻ നേതൃത്വം നല്കി.

**അതിരൂപതാ സമിതി സമ്മേളനം മാർച്ച് 6**

കെ.സി.ബി.സി മദ്യവിരുദ്ധരുടെ സമിതിയുടെയും മുക്തിശ്രീയുടെയും അതിരൂപതാ ഭാരവാഹികളുടെ യോഗം നടന്നു. ഫെബ്രുവരി 20ന് ആരംഭിച്ച 'ജനം ഉണരണം ജനനന്മക്കായ്' എന്ന പ്രചരണ പരിപാടിയെക്കുറിച്ച് അവലോകനം നടത്തി. ഭാവി പദ്ധതികൾ ആലോചനയായ് നടന്നു. ഡയറക്ടറച്ചൻ ഉദ്ഘാടനം ചെയ്തു. ആന്റണി മേൽവെട്ടം അധ്യക്ഷത വഹിച്ചു. ഷിനോ പാറയ്ക്കൽ, സാബു ജേക്കബ് ചിറ്റേത്ത്, ദേവസ്യ തൈപ്പറമ്പിൽ, സോളി രാമച്ചനാട്ട് എന്നിവർ പ്രസംഗിച്ചു.

**എ.ഡി.എസ്.യു. അതിരൂപതാ ഭാരവാഹികളുടെ മീറ്റിംഗ് മാർച്ച് 9**

എ.ഡി.എസ്.യു അതിരൂപതാ ഭാരവാഹികളുടെ മീറ്റിംഗ് മാർച്ച്

9 ന് നടന്നു. മെയ് മാസത്തെ ത്രിദിന ക്യാമ്പിന്റെ ഇതുവരെയുള്ള ക്രമീകരണങ്ങൾ വിലയിരുത്തി.

**ആലക്കോട് ടൗൺ കൺവെൻഷൻ**

കെ.സി.ബി.സി മദ്യവിരുദ്ധ സമിതിയുടെയും മുക്തിശ്രീയുടേയും ആഭിമുഖ്യത്തിൽ ആലക്കോട് ടൗണിൽ മാർച്ച് 9ന് 'ജനം ഉണരണം ജനനന്മക്കായ്' എന്ന പ്രചരണ കൺവെൻഷൻ നടന്നു. ഫാ. ചാക്കോ കുടിപ്പറമ്പിൽ ഉദ്ഘാടനം ചെയ്ത കൺവെൻഷൻ ജോസ് ചാരച്ചേരിൽ അദ്ധ്യക്ഷത വഹിച്ചു. മായ കണ്ണോളിൽ, ജോർജ് പിണക്കാട്ട്, ജസ്റ്റിൻ റയറോം എന്നിവർ പ്രസംഗിച്ചു.

**വനിതാദിനാചരണം ദീപഗിരിയിൽ**

മുക്തി ശ്രീ അംഗങ്ങൾ വനിതാദിനം ആചരിച്ചു. ഡെയ്സി പെരുമ്പള്ളിൽ അദ്ധ്യക്ഷത വഹിച്ചു.

**പാലായിൽ ദ്വിദിന സെമിനാർ**

മാർച്ച് 14,15 തീയതികളിൽ പാലാ ഭദ്രൻ ഓഡിറ്റോറിയത്തിൽ യുവാക്കൾക്കായ് ഭദ്രൻ ഫിലിംസ് ഒരുക്കിയ സെമിനാറിൽ ഡയറക്ടറച്ചൻ ക്ലാസ്സെടുത്തു. സിനിമാ സംവിധായകൻ ഭദ്രൻ ഉദ്ഘാടനം ചെയ്തു.

**കർഷക ജ്വാലയ്ക്ക് പിന്തുണ - ചെമ്പേരിയിൽ സായാഹ്ന കൺവെൻഷൻ**

എ.കെ.സി.സി. യുടെ നേതൃത്വത്തിൽ നടക്കുന്ന കർഷകജ്വാലയ്ക്ക് പിന്തുണയറിയിച്ചുകൊണ്ട് കെ.സി.ബി.സി മദ്യവിരുദ്ധ സമിതിയും മുക്തിശ്രീ ചെമ്പേരി ടൗണിൽ സായാഹ്ന കൺവെൻഷൻ സംഘടിപ്പിച്ചു. ഡയറക്ടറച്ചൻ ഉദ്ഘാടനവും ജോസ് ചിറ്റേട്ട് അധ്യക്ഷതയും വഹിച്ചു.

**നമ്മൾ പ്രകാശിക്കേണ്ടവർ**

'നമ്മൾ പ്രകാശിക്കേണ്ടവർ' എന്ന ആപ്തവാക്യവുമായി പേരാവൂർ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ ദൈവാലയത്തിന് മുമ്പിൽ നൂറുകണക്കിന് വിശ്വാസികൾ ഒത്തുകൂടി അധമ കല മാനവികതയുടെ അന്തകൻ എന്ന വിഷയത്തോടെ സന്യാസികൾക്കു നേരെയുള്ള കടന്നാക്രമണത്തെയും ആവിഷ്ക്കാരസ്വാതന്ത്ര്യത്തിന്റെ അനൗചിത്യ നടപടികൾക്കെതിരെയും പ്രതികരിച്ചു. ഡയറക്ടറച്ചൻ ഉദ്ഘാടനം ചെയ്തു. ആർച്ചുപ്രീസ്റ്റ് റവ. ഡോ. തോമസ് കൊച്ചുകരോട്ട് അധ്യക്ഷത വഹിച്ചു.

**ഫാ. മാത്യു കാരിക്കൽ**
അഡ്മിനിസ്ട്രേറ്റർ, പ്രതീക്ഷ

**ഫാ. ചാക്കോ കുടിപ്പറമ്പിൽ**
മദ്യവിരുദ്ധ പ്രസ്ഥാനങ്ങളുടെ ഡയറക്ടർ

# എയ്ഞ്ചൽ ട്രസ്റ്റ്

## ഏയ്ഞ്ചൽ ഡയാലിസിസ് സെന്റർ

അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി സ്മാരകമായി തലശ്ശേരി അതിരൂപത രൂപം നൽകിയ ഏയ്ഞ്ചൽ ട്രസ്റ്റിന്റെ കണ്ണൂർ ജില്ലയിലെ രണ്ടാമത്തെ സംരംഭമായി പ്രവർത്തനമാരംഭിച്ച ഡയാലിസിസ് സെന്ററിന്റെ സേവനങ്ങൾ മലയോര ജനതയ്ക്കായി സമർപ്പിച്ചു. ഇരിട്ടി - കടത്തുംകടവിൽ പ്രവർത്തന മാരംഭിച്ച ഡയാലിസിസ് സെന്ററിൽ വിദഗ്ധ ഡോക്ടർമാരുടെയും ടീം അംഗങ്ങളുടെയും സേവനങ്ങളാണ് ഒരുക്കിയിരിക്കുന്നത്. നിർധനരായ വൃക്കരോഗികൾ തങ്ങളുടെ ഫൊറോനകൾ മുഖേനയോ, ഇടവകാ വികാരിയച്ചന്മാർ മുഖേനയോ ഏയ്ഞ്ചൽ ഡയാലിസിസ് സെന്ററിന്റെ സേവനങ്ങൾ പരമാവധി ഉപകാരപ്രദമാക്കുവാൻ ശ്രമിക്കുമല്ലോ.

**ഈ പുണ്യപ്രവൃത്തിക്കായി സംഭാവന നൽകിയവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു**

(2023 ഫെബ്രുവരി 23-ന് ശേഷം 2023 മാർച്ച് 23 വരെയുള്ള കണക്ക്)

1. St. Francis Assissi Church, Melechovva - 40,000/-

## ഏയ്ഞ്ചൽ - പണമിടപാടുകൾ

ഏയ്ഞ്ചൽ ഡയാലിസിസ് സെന്ററിന്റെ സാമ്പത്തിക ഇടപാടുകൾ കൂടുതൽ സുഗമമാക്കുന്നതിനായി എല്ലാ ഫൊറോനകളിലും ബാങ്ക് അക്കൗണ്ടുകളുടെ പാസ്ബുക്കുകളും, പണമിടപാടുകൾ നടത്തുന്നതിനായി റെസീപ്റ്റ് ബുക്കുകളും ചെക്ക് ബുക്കുകളും ലഭ്യമാക്കിയിട്ടുണ്ട്. പരമാവധി 2000/- (രണ്ടായിരം) രൂപ വരെ പണമായിട്ട് വാങ്ങുന്നതായിരിക്കും കൂടുതൽ ഉചിതം. സുതാര്യത ഉറപ്പുവരുത്തുന്നതിനായി സംഭാവനയായി ലഭിക്കുന്ന തുക പരമാവധി ബാങ്ക് വഴി

ഇടപാടുകൾ നടത്തുവാൻ ശ്രമിക്കേണ്ടതാണ്. 80G ഉള്ളതിനാൽ ഓഡിറ്ററുടെ നിർദ്ദേശപ്രകാരം ലഭിച്ച സംഭാവനകളുടെ കണക്കുകൾ ഇൻകംടാക്സിൽ സമർപ്പിക്കുമ്പോൾ തുക നൽകുന്ന വ്യക്തിയുടെ പാൻ നമ്പർ കൂടി ചേർക്കേണ്ടതാണ്. അതിനാൽ പണമായോ ചെക്ക് ആയോ സംഭാവനകൾ തരുന്നവരുടെ ആധാർ കാർഡിന്റെയും പാൻകാർഡിന്റെയും ഒരോ കോപ്പി വീതം വാങ്ങിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

ഏറ്റവും അർഹതപ്പെട്ട രോഗികൾക്ക് മാത്രം കൂപ്പൺ നൽകുവാൻ എല്ലാ ഫൊറോനകളിൽ നിന്നും പ്രത്യേകം ശ്രദ്ധിക്കേണ്ടതും, ട്രസ്റ്റുമായി ബന്ധപ്പെട്ട എല്ലാ ചിലവുകളും വൗച്ചർ എഴുതി കണക്കുകൾ കൃത്യമായി സൂക്ഷിക്കേണ്ടതുമാണ്.

## പ്രത്യേക അറിയിപ്പ്

2023 മാർച്ച് 31-ഓടു കൂടി ഈ സാമ്പത്തിക വർഷം പൂർത്തിയാകുന്നതിനാലും, 2022-23 വർഷത്തെ സാമ്പത്തിക ഇടപാടുകളുടെ ഓഡിറ്റ് നടത്തേണ്ടതിനാലും, എല്ലാ ഫൊറോനകളിൽ നിന്നുമുള്ള ഏയ്ഞ്ചൽ ട്രസ്റ്റിന്റെ വരവ് - ചെലവ് കണക്കുകളും, സാമ്പത്തിക സഹായങ്ങൾ ലഭിച്ചതിന്റെയും, നൽകിയതിന്റെയും വിവരങ്ങളും, ബാങ്ക് സ്റ്റേറ്റ്മെന്റുകളും +917034532294 എന്ന വാട്സ്ആപ്പ് നമ്പറിലോ, tsssacc@gmail.com എന്ന മെയിൽ ഐഡിയിലോ അയയ്ക്കുവാൻ പ്രത്യേകം ഓർമ്മിപ്പിക്കുന്നു. അതോടൊപ്പം മാർച്ച് മാസം വരെ കഴിഞ്ഞ ബിൽബുക്കുകളും റെസീപ്റ്റ് ബുക്കിന്റെ ഡ്യൂപ്ലിക്കേറ്റ് കോപ്പിയും തിരിച്ചേൽപ്പിക്കേണ്ടതാണ്.

കൂടാതെ, ഏതെങ്കിലും ഫൊറോനകളിൽ ഏയ്ഞ്ചൽ ട്രസ്റ്റിന്റെ ചെക്ക് ബുക്കുകൾ, കൂപ്പൺ, റെസീപ്റ്റ് എന്നിവ തീർന്നിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം തലശ്ശേരി കേന്ദ്ര ഓഫീസിൽ അറിയിക്കുകയാണെങ്കിൽ അവ എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള ക്രമീകരണം നടത്തുന്നതായിരിക്കും. പ്രിയ ബഹുമാനപ്പെട്ട ഫൊറോന വികാരിയച്ചന്മാരുടെയും ഏയ്ഞ്ചൽ ട്രസ്റ്റിന്റെ ഉത്തരവാദിത്വമുള്ള അച്ചന്മാരുടെയും സഹകരണം സ്നേഹപൂർവ്വം അപേക്ഷിക്കുന്നു.

E-mail : angeltrust50@gmail.com
കൂടുതൽ വിവരങ്ങൾക്ക് : +918281955563

**ഫാ. ജിൻസ് വാളിപ്ലാക്കൽ**
*കോർഡിനേറ്റർ, ഏയ്ഞ്ചൽ ട്രസ്റ്റ്*

**ഫാ. ബെന്നി നിരപ്പേൽ**
*മാനേജിംഗ് ട്രസ്റ്റി, ഏയ്ഞ്ചൽ ട്രസ്റ്റ്*

# സാമൂഹ്യസേവനവേദി

**തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി (ടി.എസ്.എസ്.എസ്.)**

### TSSS കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി എന്ന TSSS പുതിയൊരു കർമ്മപഥത്തിലേക്കുകൂടി ചുവട് വയ്ക്കുകയാണ്. 2023 ഏപ്രിൽ മാസംമുതൽ കാസർഗോഡ് ജില്ലയിലെ പടന്നക്കാട് റീജിയണൽ ബിഷപ്പ് ഹൗസ് കെട്ടിടത്തിൽ TSSS-ന്റെ നേതൃത്വത്തിൽ കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ പ്രവർത്തനമാരംഭിക്കുന്നു. ഈ മേഖലയിൽ ഇന്ത്യയിലെതന്നെ ഏറ്റവും മികച്ച കമ്പനികളുടെ സഹകരണത്തോടെ ആവശ്യമായ സജ്ജീകരണങ്ങളെല്ലാം ഇവിടെ പൂർത്തീകരിക്കുവാനും, ട്രയൽ റൺ നടത്തുവാനും ഇതിനകംതന്നെ സാധിച്ചു. അറിയിപ്പുകൾ, വിജ്ഞാനങ്ങൾ, വാർത്തകൾ എന്നിവ കൂടാതെ ആരോഗ്യം, വിദ്യാഭ്യാസം, കാർഷികം, കലാ-സാംസ്കാരികം തുടങ്ങിയ വിവിധ മേഖലകളിലെ വ്യത്യസ്തതയാർന്ന പരിപാടികളും പ്രസ്തുത റേഡിയോ സ്റ്റേഷനിലൂടെ ശ്രോതാക്കളിലേക്കെത്തിക്കുവാൻ സാധിക്കുന്നു. ഈ റേഡിയോ സ്റ്റേഷന്റെ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പൂർത്തീകരിക്കുവാൻ ഒപ്പമായിരുന്ന പ്രിയ ബഹു. ജിതിൻ വയലുങ്കൽ അച്ചനെ സ്നേഹപൂർവ്വം ഓർക്കുകയും അഭിനന്ദനങ്ങൾ അറിയിക്കുകയും ചെയ്യുന്നു.

### SAJEEVAM Anti-Drug Campaign

സമൂഹത്തിനെയും യുവതലമുറകളെയും നാശത്തിലേക്ക് നയിച്ചുകൊണ്ടിരിക്കുന്ന ലഹരിയെ ജീവിതത്തിൽനിന്നും തുടച്ചുനീക്കുന്നതിനായി തലശ്ശേരി അതിരൂപതയുടെ പ്രസ്ഥാനങ്ങൾ നടത്തികൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ യുവതലമുറയ്ക്ക് ഏറെ പ്രചോദനകരവും മാതൃകാപരവുമാണെന്ന് പേരാവൂർ നിയോജക മണ്ഡലം എം.എൽ.എ. അഡ്വ. സണ്ണി ജോസഫ്. ആധുനിക സമൂഹത്തെ കാർന്നു തിന്നുകൊണ്ടിരിക്കുന്ന ലഹരിയെന്ന വിപത്തിനെതിരെ കാരിത്താസ് ഇന്ത്യ, കേരള സോഷ്യൽ സർവ്വീസ് ഫോറം, കെ.സി.ബി.സി. മദ്യവിരുദ്ധസമിതി എന്നിവയുടെ സഹകരണത്തോടെ

തലശ്ശേരി അതിരൂപതയുടെ സാമൂഹ്യസേവന വിഭാഗമായ തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി (TSSS) അതിരൂപതാതലത്തിൽ ഒരുക്കിയ **SAJEEVAM Anti-Drug Campaign**-ന്റെ ഔദ്യോഗിക ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. അയ്യംകുന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ ചടങ്ങിന്റെ അദ്ധ്യക്ഷത വഹിക്കുകയും, ചരൾ സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് വികാരി യും, TSSS റീജിയണൽ ഡയറക്ടറുമായ ഫാ. ജെയിസ് കുരിശുംമൂട്ടിൽ സ്വാഗതം ആശംസിക്കുകയും ചെയ്തു. തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ ചടങ്ങിൽ വിശിഷ്ടാതി ഥിയായിരുന്നു. വാർഡ് മെമ്പർ ശ്രീമതി സിന്ധു ബെന്നി കടുപ്പിൽ, ഇടവക കോർഡിനേറ്ററും, ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ചരൾ യൂണിറ്റ് പ്രസിഡണ്ടുമായ ശ്രീ. ജോസ് കാരക്കാട്ട്, TSSS എടൂർ മേഖലാ പ്രസിഡണ്ട് ശ്രീ. റെജി പോൾ, സൺഡേ സ്കൂൾ അധ്യാപകൻ ശ്രീ. ടോബിൻ കെ. സെബാസ്റ്റ്യൻ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

### ലഹരിക്കെതിരെ കൈകോർക്കാം...

അനുദിനം വർദ്ധിച്ചുവരുന്ന മയക്കുമരുന്നുകളുടെയും മറ്റു ലഹരി പദാർത്ഥങ്ങളുടെയും കരാളഹസ്തങ്ങളിൽ അകപ്പെട്ടുകൊണ്ടിരിക്കുന്ന സ്കൂൾ/കോളേജ് വിദ്യാർത്ഥികളേയും യുവതലമുറയേയും ലഹരിവിമുക്ത സമൂഹത്തിലേക്ക് കൈപിടിച്ചു നടത്തുന്നതിനായി തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി അയ്യൻകുന്ന് ഗ്രാമപഞ്ചായത്തുമായി സഹകരിച്ച് സംഘടിപ്പിച്ച ലഹരിവിരുദ്ധപോരാട്ടത്തിൽ അണിചേർന്ന് മലയോരജനത. തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയും അയ്യൻകുന്ന് ഗ്രാമപഞ്ചാ യത്തും കെ.സി.വൈ.എം. തലശ്ശേരി അതിരൂപതയും സംയുക്തമായി **SAJEEVAM Anti-Drug Campaign**-ന്റെ ഭാഗമായി നടത്തിയ ***"ലഹരിക്കെതിരെ കൈകോർക്കാം"*** പരിപാടിയിലാണ് മലയോരജനതയൊന്നാകെ യുവതലമുറ യുടെ ആരോഗ്യത്തിനും ലഹരിവിരുദ്ധ സമൂഹത്തിനുമായി ഒന്നുചേർന്നത്. ക്യാമ്പയിന്റെ ഭാഗമായി അയ്യൻകുന്ന് ഗ്രാമപഞ്ചായത്തിലെ വിവിധയിടങ്ങ ളിലായി തെരുവ് നാടകങ്ങളും, ലഹരിവിരുദ്ധ ചിത്രരചനാ മത്സരങ്ങളും, പോസ്റ്റർ എക്സിബിഷനുകളും സംഘടിപ്പിച്ചു.

2023 മാർച്ച് 11 ശനിയാഴ്ച ഉച്ചയ്ക്ക് 12.30-ന് അങ്ങാടിക്കടവിൽ സംഘടി പ്പിച്ച ക്യാമ്പയിന്റെ ഉദ്ഘാടനകർമ്മം അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ നിർവ്വഹിച്ചു. തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ മുഖ്യാതിഥിയായിരുന്ന ചടങ്ങിൽ അങ്ങാടിക്കടവ് ഇടവക വികാരി ഫാ. തോമസ് ആമക്കാട്ട് അദ്ധ്യക്ഷത വഹിച്ചു. കെ.സി.വൈ.എം. തലശ്ശേരി അതിരൂപതാ ഡയറക്ടർ ഫാ. ജിൻസ് വാളിപ്ലാക്കൽ, എക്സൈസ് ഇൻസ്പെക്ടർ ശ്രീ. രജിത്ത് സി., TSSS യൂണിറ്റ് പ്രസിഡണ്ട് ശ്രീ. ജോളി

കൊച്ചുവേലിക്കകത്ത്, വാർഡ് മെമ്പർ ശ്രീ. ജോസ് എ-വൺ, എക്സൈസ് ഓഫീസർ ശ്രീ. സജേഷ്. പി.കെ., TSSS യൂണിറ്റ് സെക്രട്ടറി ശ്രീമതി ലിസമ്മ സജി എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

ഉച്ചയ്ക്ക് 1.30-ന് കരിക്കോട്ടക്കരിയിൽ സംഘടിപ്പിച്ച ക്യാമ്പയിന്റെ ഉദ്ഘാടനകർമ്മം അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ നിർവ്വഹിച്ചു. തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ മുഖ്യാതിഥി യായിരുന്ന ചടങ്ങിൽ കരിക്കോട്ടക്കരി ഇടവക വികാരി ഫാ. ആന്റണി പുന്നൂർ അദ്ധ്യക്ഷത വഹിച്ചു. അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട് ശ്രീമതി ലിസി തോമസ്, കെ.സി.വൈ.എം. തലശ്ശേരി അതിരൂപതാ ഡയറക്ടർ ഫാ. ജിൻസ് വാളിപ്ലാക്കൽ, TSSS യൂണിറ്റ് പ്രസിഡണ്ട് ശ്രീ. ജോസ് കളപ്പറമ്പിൽ, TSSS യൂണിറ്റ് സെക്രട്ടറി ശ്രീ. ജോയി അറയ്ക്കൽ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

വൈകുന്നേരം 3 മണിക്ക് മുണ്ട്യാംപറമ്പിൽ സംഘടിപ്പിച്ച ക്യാമ്പയിന്റെ ഉദ്ഘാടനകർമ്മം വാർഡ് മെമ്പറും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സണുമായ ശ്രീമതി മിനി വിശ്വനാഥൻ നിർവ്വഹിച്ച ചടങ്ങിൽ തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ അദ്ധ്യക്ഷത വഹിച്ചു. കെ.സി.വൈ.എം. തലശ്ശേരി അതിരൂപതാ പ്രസിഡണ്ട് ചിഞ്ചു വട്ടപ്പാറ, മുണ്ട്യാംപറമ്പ് എ.ഡി.എസ്. ചെയർപേഴ്സൺ ശ്രീമതി റോസമ്മ രാജൻ, TSSS എടൂർ മേഖലാ പ്രസിഡണ്ട് ശ്രീ. റെജി പോൾ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

**മാർച്ച് 08 അന്താരാഷ്ട്ര വനിതാദിനാചരണം**

തലശ്ശേരി അതിരൂപതയിലെ വിവിധയിടങ്ങളിലായി TSSS-ന്റെ നേതൃത്വ ത്തിൽ മാർച്ച് 08 അന്താരാഷ്ട്ര വനിതാദിനത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചു. ബോധവൽക്കരണ ക്ലാസുകൾ, സെമിനാറുകൾ, വനിതാ മെമ്പർമാരെ ആദരിക്കൽ, കാൻസർ രോഗികൾക്ക് വിഗ്ഗ് നിർമ്മാണത്തിനായി കേശദാനം - സ്നേഹദാനം പരിപാടികൾ എന്നിവ സംഘടിപ്പിച്ചു.

തങ്ങളുടെ സൗന്ദര്യത്തിൽ ഒരു പ്രധാനപങ്ക് വഹിക്കുകയും, ഇത്രയും നാൾ പൊന്നുപോലെ സംരക്ഷിച്ചു വന്നിരുന്നതുമായ മുടി കാൻസർ രോഗികൾക്ക് വിഗ്ഗ് നിർമ്മാണത്തിനായി ദാനം ചെയ്തതിലൂടെ കരുണ യുടേയും സ്നേഹത്തിന്റേയും സന്ദേശം മറ്റുള്ളവർക്കുകൂടി മാതൃക യാവുന്നവിധം സമൂഹത്തിന് പകർന്നുനൽകിയ എല്ലാവർക്കും തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ അഭിനന്ദനങ്ങൾ...

**ട്രാക്ടർ പരിശീലനം:** ട്രാക്ടറിന്റെ ഉപയോഗം മലയോര കർഷകർക്ക് പരിചയപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ട്രാക്ടറിന്റെ പ്രവർത്തന പരിശീ ലനം തലശ്ശേരിയിൽ സംഘടിപ്പിച്ചു. ട്രാക്ടറിന്റെ ഡ്രൈവിംഗ്, മണ്ണ്

കിളയ്ക്കൽ, പാടം ഉഴുത് മറിക്കൽ, കുഴി നിർമ്മാണം തുടങ്ങി കർഷകന്റെ അദ്ധ്വാനഭാരം കുറയ്ക്കുന്നതിന് വളരെയേറെ ഉപകാരപ്രദമാകുന്ന പരിശീലനങ്ങളാണ് ഈ മേഖലയിലെ വിദഗ്ധരുടെ സഹകരണത്തോടെ ഇവിടെ ഒരുക്കിയത്. TSSS സ്റ്റാഫ് അംഗങ്ങളും, വിവിധ മേഖലകളിൽ നിന്നും ട്രാക്ടർ പ്രവർത്തിപ്പിക്കു ന്നതിന് താൽപര്യവും അനുയോജ്യരുമായ തെരഞ്ഞെടുത്ത വ്യക്തികളും ട്രെയിനിംഗിൽ പങ്കെടുത്തു.

### തെങ്ങുകയറ്റ പരിശീലനം

TSSS-ന്റെ നേതൃത്വത്തിൽ കണ്ണൂർ ജില്ലയിലെ തെരഞ്ഞെടുത്ത അംഗങ്ങൾക്ക് തെങ്ങുകയറ്റ പരിശീലനം സംഘടിപ്പിച്ചു. തെങ്ങിൽ കയറാൻ ആളുകളെ കിട്ടാതെ ബുദ്ധിമുട്ടുന്ന കേരകർഷകർക്ക് യന്ത്രമുപയോഗിച്ച് വളരെ എളുപ്പത്തിൽ തെങ്ങ് കയറാൻ ആവശ്യമായ ട്രെയിനിംഗ് ആണ് തലശ്ശേരിയിൽ വച്ച് സംഘടിപ്പിച്ചത്. ട്രെയിനിംഗിന്റെ ഉദ്ഘാടനം TSSS ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ നിർവ്വഹിച്ചു.

**അഭിനന്ദനങ്ങൾ :** TSSS ഏറ്റെടുത്ത് നടത്തുന്ന സച്ചിദാനന്ദ ട്രസ്റ്റിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന മൈത്രിഭവൻ ഓൾഡ് ഏജ് ഹോമിന്റെ നവീകരണങ്ങൾക്കും തുടർപ്രവർത്തനങ്ങളിലേക്കുമായി വിവിധ മേഖലകളിൽ നിന്നും സഹായങ്ങൾ ലഭിച്ചു. ഈ തുക ഉപയോഗിച്ച് മൈത്രി ഭവന്റെ നവീകരണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. സഹായങ്ങൾ നൽകിയ എല്ലാ സുമനസ്സുകളെയും പ്രത്യേകം ഓർക്കുകയും നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുകയും ചെയ്യുന്നു.

പേരാവൂർ മേഖലയിലെ എല്ലാ യൂണിറ്റ് അംഗങ്ങളും 50/- രൂപ വീതം നൽകികൊണ്ട് ഈ പ്രവർത്തനത്തിൽ പങ്കാളികളായി എന്നത് ഏറെ അഭിനന്ദനീയവും മാതൃകാപരവുമാണ്. എല്ലാ യൂണിറ്റ് അംഗങ്ങളുംകൂടി 45000/- രൂപ സ്വരൂപിച്ച് മൈത്രി ഭവന് കൈമാറി. ഈയൊരു ഉദ്യമത്തിന് നേതൃത്വം നൽകിയും സഹകരിച്ചും ഒപ്പമായിരുന്ന പ്രിയ ബഹു. TSSS റീജിയണൽ ഡയറക്ടർ ജോജോ പൊടിമറ്റം അച്ചനും, TSSS സ്റ്റാഫ് അംഗം ശ്രീമതി ഉഷ ദിനേശനും, പേരാവൂർ മേഖലാ ഭാരവാഹികൾക്കും, എല്ലാ യൂണിറ്റ് മെമ്പർമാർക്കും പ്രത്യേകം അഭിനന്ദനങ്ങൾ.

നെല്ലിക്കാംപൊയിൽ മേഖലയിൽ നിന്നും തുക സമാഹരിക്കുന്നതിന് നേതൃത്വവും സഹകരണവും നൽകിയ പ്രിയ ബഹു. TSSS റീജിയണൽ ഡയറക്ടർ ജെയിസ് കുരിശുംമൂട്ടിൽ അച്ചനും, TSSS സ്റ്റാഫ് അംഗം ശ്രീമതി മേഴ്സി ജേക്കബിനും, മേഖലാ ഭാരവാഹികൾക്കും, മെമ്പർമാർക്കും TSSS-ന്റെ അഭിനന്ദനങ്ങൾ. കൂടാതെ, ഈ പ്രവർത്തനത്തിൽ എല്ലാ യൂണിറ്റ് അംഗങ്ങളും പങ്കാളികളായികൊണ്ട് 50/- രൂപ വീതം സമാഹരിച്ചു നൽകിയ മുണ്ടാനൂർ യൂണിറ്റിനും, യൂണിറ്റ് പ്രസിഡണ്ട്, സെക്രട്ടറി, ഭാരവാഹികൾ, അംഗങ്ങൾ എന്നിവർക്കും പ്രത്യേകം അഭിനന്ദനങ്ങൾ.

വെള്ളരിക്കുണ്ട് മേഖലയിൽനിന്നും തുക സമാഹരിക്കുന്നതിന് നേതൃത്വവും സഹകരണവും നൽകിയ പ്രിയ ബഹു. TSSS റീജിയണൽ ഡയറക്ടർ വക്കച്ചൻ പഴേപറമ്പിൽ അച്ചനും, TSSS സ്റ്റാഫ് അംഗം ശ്രീമതി ബീന ബേബിക്കും, മേഖലാ ഭാരവാഹികൾക്കും, മെമ്പർമാർക്കും TSSS-ന്റെ പ്രത്യേകം അഭിനന്ദനങ്ങൾ. ഈ പ്രവർത്തനത്തിൽ എല്ലാ TSSS യൂണിറ്റ് അംഗങ്ങളും പങ്കാളികളായികൊണ്ട് തുക സമാഹരിച്ചു നൽകിയ കാർത്തിക പുരം യൂണിറ്റിനും, ഇടവക വികാരിയച്ചനും, യൂണിറ്റ് പ്രസിഡണ്ട്, സെക്രട്ടറി, ഭാരവാഹികൾ, അംഗങ്ങൾ എന്നിവർക്കും പ്രത്യേകം അഭിനന്ദനങ്ങൾ.

## കെ.എൽ.എം. ഡിസയർ പ്രൊജക്ട്

തലശ്ശേരി അതിരൂപതയിൽ കേരള ലേബർ മൂവ്മെന്റിന്റെ പ്രവർത്തന ങ്ങൾ നടത്തിവരുന്ന തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി KLM-ന്റെ സഹകരണത്തോടെ തെരഞ്ഞെടുത്ത വിവിധ മേഖലകളിൽ സാമ്പത്തിക സഹായം നൽകുന്നു. നിർധന കുടുംബങ്ങളിലെ ഭിന്നശേഷിയുള്ള തെര ഞ്ഞെടുത്ത വനിതകൾക്കാണ് പശുപരിപാലനത്തിലൂടെ സ്വയം പര്യാപ്തത ഉറപ്പുവരുത്തുന്നതിനായി ഈ തുക നൽകുന്നത്.

**SPC സെമിനാർ:** ഗാർഹിക പീഡന നിരോധനനിയമം ഫലപ്രദമായി നടപ്പിലാക്കുന്നതു മായി ബന്ധപ്പെട്ട് സംസ്ഥാനത്തെ 14 ജില്ലകളിലെയും വനിതാ സംരക്ഷണ ഓഫീസർമാർക്കും സേവനദാതാക്കൾക്കുമായി തിരുവനന്തപുരത്ത് വച്ച് സംഘടിപ്പിച്ച സെമിനാറിൽ TSSS പ്രൊവൈഡിംഗ് സെന്ററിൽ നിന്നും സി. ആഷ ജോർജ്, ലീഗൽ കൗൺസിലർ അഡ്വ. ബിന്ദു എന്നിവർ പങ്കെടുത്തു.

## ബ്രഷ് ബയോപ്സി - അർബുദ പരിശോധനാക്യാമ്പ്

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ മലബാർ കാൻസർ സെന്ററിന്റെ സഹകരണത്തോടെ വായിലെ കാൻസറിന് പ്രത്യേകമായി ക്യാമ്പുകൾ സംഘടിപ്പിച്ചു. വായിലെ അർബുദ സാധ്യത കണ്ടെത്താനായി ബ്രഷ് ബയോപ്സി പരിശോധനയ്ക്കുള്ള സൗകര്യമാണ് 2023 മാർച്ച് മാസത്തിലെ തെരഞ്ഞെടുത്ത ദിവസങ്ങളിൽ പ്രത്യേകമായി ഒരുക്കിയത്. 2023 മാർച്ച് 03 വെള്ളിയാഴ്ച കരിക്കോട്ടക്കരി, മാർച്ച് 09 വ്യാഴാഴ്ച ചെമ്പേരി, മാർച്ച് 16 വ്യാഴാഴ്ച ബദിയടുക്ക, മാർച്ച് 23 വ്യാഴാഴ്ച മാലോം, മാർച്ച് 28 ചൊവ്വാഴ്ച മേരിഗിരി, മാർച്ച് 30 വ്യാഴാഴ്ച ചെറുപുഴ എന്നിവിടങ്ങളിലാണ് ക്യാമ്പുകൾ സംഘടിപ്പിച്ചത്.

## കാൻസർ പരിശോധനാക്യാമ്പ്

കാൻസർ രോഗത്തെ നേരത്തേ കണ്ടെത്തി നിയന്ത്രണ വിധേയമാക്കാ നും, നമ്മുടെ കുടുംബത്തേയും നാടിനേയും കാൻസർ വിമുക്തമാക്കി മാറ്റാനും TSSS-ന്റെ നേതൃത്വത്തിൽ മലബാർ കാൻസർ സെന്ററിന്റെ സഹകരണത്തോടെ കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി സൗജന്യ

# ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി

**നിക്ഷേപ സംഗമം**

കണ്ണൂർ ജില്ലയിലെ വിവിധ നിക്ഷേപ സാധ്യതകളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനും നവീന ആശയങ്ങൾ സംരംഭങ്ങളാക്കി മാറ്റുന്നതി നുള്ള സാധ്യതകൾ വിലയിരുത്തുന്നതിനുമായി സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിന്റെയും കണ്ണൂർ ജില്ലാ വ്യവസായ കേന്ദ്രത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ മട്ടന്നൂരിൽവച്ച് നടത്തിയ നിക്ഷേപ സംഗമത്തിൽ ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി പ്രതിനിധികൾ പങ്കെടുത്തു. എക്സിക്യൂട്ടീവ് ഡയറക്ടർ

---

കാൻസർ പരിശോധനാ ക്യാമ്പുകൾ നടത്തി വരുന്നു. മലബാർ കാൻസർ സെന്ററിലെ ഓങ്കോളജി വിഭാഗത്തിലെ വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ വായിലെ കാൻസർ, സ്തനാർബുദം, ഗർഭാശയ കാൻസർ തുടങ്ങിയവയുടെ പരിശോധനകളാണ് ക്യാമ്പുകളിൽ സംഘടിപ്പിച്ചുവരുന്നത്. കൃത്യമായ പരിശോധനയിലൂടെയും ഉചിതമായ ചികിത്സാരീതികളിലൂടെയും നിരവധിപേരെ രോഗമുക്തരാക്കാനും സഹായിക്കാനും ഇതുവഴി സാധിച്ചിട്ടുണ്ട്. 2023 ഏപ്രിൽ 03 തിങ്കളാഴ്ച നെല്ലിക്കാംപൊയിൽ TSSS മേഖലാ ഓഫീസിൽ വച്ച് പരിശോധന സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് നെല്ലിക്കാംപൊയിൽ മേഖലയിലെ TSSS സ്റ്റാഫ് അംഗങ്ങളെ ബന്ധപ്പെടാവുന്നതാണ്.

**ഫാ. ബെന്നി നിരപ്പേൽ**
*ഡയറക്ടർ*

ഫാ. ലൂക്കോസ് മാടശ്ശേരി, ബിസിനസ് കൺസൾട്ടന്റ് ശ്രീ. പി. ഷാജി, സ്റ്റാഫ് അംഗം സ്റ്റെഫിൻ എന്നിവർ പങ്കെടുത്തു. ബഹു. മട്ടന്നൂർ നിയോജക മണ്ഡലം എം.എൽ.എ. ശ്രീമതി കെ.കെ. ശൈലജ ടീച്ചർ അധ്യക്ഷത വഹിച്ച ചടങ്ങിൽ ബഹു. കേരള നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു.

**ഫൊറോന സന്ദർശനം**

തലശ്ശേരി അതിരൂപതയുടെ കർഷക കൂട്ടായ്മയായി പ്രവർത്തന മാരംഭിച്ച ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ലൂക്കോസ് മാടശ്ശേരി കുന്നോത്ത്, നെല്ലിക്കാംപൊയിൽ, പേരാവൂർ, ചെറുപുഴ, മേരിഗിരി, തോമാപുരം, കാഞ്ഞങ്ങാട് എന്നീ ഫൊറോനകൾ സന്ദർശിക്കുകയും, ഇടവകകളിൽ ബയോ മൗണ്ടൻ ഗ്രൂപ്പുകൾ ആരംഭിക്കുന്നതിനുവേണ്ട പ്രവർത്തന ങ്ങൾ നടത്തുകയും ചെയ്തു.

**കമ്പനി സന്ദർശനം**

ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ വിവിധ ഉൽപന്നങ്ങൾ തയ്യാറാക്കുന്നതിനുള്ള ആധുനിക ടെക്നോളജിയോടു കൂടിയ മെഷിനറികളെക്കുറിച്ച് പഠിക്കുവാനും, അവയുടെ പ്രവർത്തന രീതികൾ നേരിട്ടുകണ്ട് മനസ്സിലാക്കുവാനും ബയോ മൗണ്ടൻ മാനജിംഗ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ രാജ്കോട്ട്, മഹാരാഷ്ട്ര എന്നിവിടങ്ങളിലെ പ്രമുഖ മെഷിനറി കമ്പനികൾ സന്ദർശിക്കുകയും ആശയ വിനിമയം നടത്തുകയും ചെയ്തു.

**ദ്വിദിന ട്രെയിനിംഗ്**

തൃശ്ശൂർ വെള്ളാനിക്കര കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി (KAU) Agri Business Incubator-ന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ദ്വിദിന ട്രെയിനിംഗിൽ ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ പ്രതിനിധികൾ പങ്കെടുത്തു. നെല്ലിന്റെ വിവിധ മൂല്യവർദ്ധിത ഉൽപന്ന ങ്ങളുടെ നിർമ്മാണവും വിപണനവുമായി ബന്ധപ്പെട്ട് ബയോ മൗണ്ടൻ കമ്പനി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ലൂക്കോസ് മാടശ്ശേരി, ചരൾ ഇടവകാംഗങ്ങളായ ശ്രീ. ജോസഫ് ഉമ്മിക്കുഴിയിൽ, ആഗസ്തി എന്നിവരും ദ്വിദിന പരിശീലനം കരസ്ഥമാക്കി.

**ഏകദിന ട്രെയിനിംഗ്**

തിരുവനന്തപുരം CSIR-NIIST-യിൽ വച്ച് നടത്തിയ ചെറുധാന്യങ്ങളുടെ കൃഷിരീതികളും തൊഴിൽ സാധ്യതയും എന്ന വിഷയത്തിൽ സംഘടിപ്പിച്ച സെമിനാറിലും എക്സിബിഷനിലും ബയോ മൗണ്ടൻ കമ്പനി പ്രതിനിധി കളായി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ലൂക്കോസ് മാടശ്ശേരി, സ്റ്റാഫ് അംഗം ശ്രീ. തോമസ് ജോൺ എന്നിവർ പങ്കെടുത്തു.

**കൃഷിയിടങ്ങളിൽ ട്രാക്ടറിന്റെ ആവശ്യകത;**
**പരിശീലനം പൂർത്തിയാക്കി ബയോ മൗണ്ടൻ ടീം അംഗങ്ങൾ**

തലശ്ശേരി അതിരൂപതയുടെ കാർഷിക സംരംഭമായി തുടക്കം കുറിച്ച ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ നൂതനമായ ആശയങ്ങളും പ്രവർത്തനങ്ങളും കർഷകരിലേക്ക് നേരിട്ട് എത്തിക്കുക എന്ന ലക്ഷ്യത്തോടെ TSSS-ന്റെ സഹകരണത്തോടെ സ്വന്തമാക്കിയ ട്രാക്ടറിന്റെ പരിശീലനം തലശ്ശേരിയിൽ സംഘടിപ്പിച്ചു. ട്രാക്ടറിന്റെ ഡ്രൈവിംഗ്, മണ്ണ് കിളയ്ക്കൽ, പാടം ഉഴുത് മറിക്കൽ, കുഴി നിർമ്മാണം തുടങ്ങി കർഷകന്റെ അദ്ധ്വാനഭാരം കുറയ്ക്കുന്നതിന് വളരെയേറെ ഉപകാരപ്രദമാകുന്ന പരിശീലനങ്ങളാണ് ഈ മേഖലയിലെ വിദഗ്ധരുടെ സഹകരണത്തോടെ ഇവിടെ ഒരുക്കിയത്. TSSS-ന്റെയും, ബയോ മൗണ്ടൻ കമ്പനിയുടെയും സ്റ്റാഫ് അംഗങ്ങളും, വിവിധ മേഖലകളിൽ നിന്നും ട്രാക്ടർ പ്രവർത്തിപ്പിക്കുന്നതിന് താൽപര്യവും അനുയോജ്യരുമായ തെരഞ്ഞെടുത്ത വ്യക്തികളും ട്രെയിനിംഗിൽ പങ്കെടുത്തുകൊണ്ട് മലയോരമേഖലയിലെ കർഷകരോടൊപ്പം കാർഷിക മേഖലയുടെ ഉയർച്ചയ്ക്കുവേണ്ടി പ്രവർത്തിക്കുന്നതിനുള്ള പരിശീലനം പൂർത്തിയാക്കി.

**ബയോ മൗണ്ടൻ ടീ പൗഡർ വിതരണം**

തലശ്ശേരി അതിരൂപതയിൽ ബയോ മൗണ്ടൻ കമ്പനിയുടെ ആദ്യ ഉൽപന്നമായ ബയോ മൗണ്ടൻ ടീ പൗഡർ കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ വിതരണം നടത്തിവരുന്നു. 250 ഗ്രാം തൂക്കം വരുന്ന ബോട്ടിലുകളിലും പാക്കറ്റുകളിലും ചായപ്പൊടി വിതരണം ചെയ്തുവരുന്നു. TSSS & ബയോ മൗണ്ടൻ അംഗങ്ങൾക്ക് കുറഞ്ഞ നിരക്കിലാണ് ഇവ ലഭ്യമാക്കുക. അംഗങ്ങളെല്ലാവരും ബയോ മൗണ്ടൻ ചായപ്പൊടികൾ വാങ്ങി ഉപയോഗിച്ചുകൊണ്ട് ഈ കർഷക കൂട്ടായ്മയെ ഉയർച്ചയിലേക്ക് നയിക്കുന്നതിന് പ്രിയ ബഹുമാനപ്പെട്ട എല്ലാ അച്ചന്മാരുടെയും അംഗങ്ങളുടെയും സഹകരണം സ്നേഹപൂർവ്വം അപേക്ഷിക്കുന്നു.

**ഫാ. ലൂക്കോസ് മാടശ്ശേരി**
*എക്സിക്യൂട്ടീവ് ഡയറക്ടർ*

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
*ചെയർമാൻ*

**ഫാ. ജോജോ പൊടിമറ്റം**
*കോർഡിനേറ്റർ*

**ഫാ. ബെന്നി നിരപ്പേൽ**
*മാനേജിംഗ് ഡയറക്ടർ*

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

# മാർ ജോസഫ് പാംപ്ലാനി

**ഫെബ്രുവരി 2023**

21 അതിരൂപതാ കേന്ദ്രത്തിൽവച്ച് വിവിധ വൈദികരുമായി കൂടിക്കാഴ്ച നടത്തി. ഉച്ചയ്ക്കുശേഷം ഉരുപ്പുംകുറ്റി ഇടവകയിൽ നിര്യാതനായ കൊച്ചുപറമ്പിൽ മാത്യുവിന്റെ മൃതസംസ്കാര കർമ്മം നടത്തി. വൈകുന്നേരത്തോടെ തലശ്ശേരിയിൽവച്ച് ഡിപ്പാർട്ട്മെന്റ് ഡയറക്ടർമാരുമായി കൂടിക്കാഴ്ച നടത്തി.

22 അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരത്തോടെ ചുണ്ടപ്പറമ്പിൽ ബഹു. മാത്യു കാവുങ്കൽ ബ്രദറിനെ സന്ദർശിച്ചു.

23 ചാലക്കുടിയിൽവച്ച് നടത്തപ്പെട്ട പോട്ട ബൈബിൾ കൺവെൻഷനിൽ വചനസന്ദേശം നൽകി.

24 രാവിലെ അതിരൂപതാ കേന്ദ്രത്തിൽവച്ച് സാൻജോസ് മെട്രോപ്പോളിറ്റൻ സ്കൂൾ മാനേജ്മെന്റ് മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. വൈകുന്നേരത്തോടെ തോമാപുരം ഫൊറോനയിലെ നവീകരണം ധ്യാനം നടക്കുന്ന പാലാവയൽ, കമ്പല്ലൂർ, ബെഡൂർ, കടുമേനി, കുന്നുംകൈ, കണ്ണിവയൽ ഇടവകകൾ സന്ദർശിച്ചു.

25 കോർപ്പറേറ്റ് എഡ്യുക്കേഷനൽ ഏജൻസിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട റിട്ടയർമെന്റ് മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. തുടർന്ന് മൈനർ സെമിനാരിയിൽവച്ച് നടത്തപ്പെട്ട വൊക്കേഷൻ ബ്യൂറോ മീറ്റിംഗിൽ സംബന്ധിച്ചു. ഉച്ചയ്ക്കുശേഷം പെരുമ്പടവ് സ്കൂളിൽ പുതുതായി നിർമ്മിച്ച ഓഡിറ്റോറിയത്തിന്റെ വെഞ്ചരിപ്പു കർമ്മം നിർവ്വഹിച്ചു. നാലു മണിയോടെ ആലക്കോട് വച്ച് നടത്തപ്പെട്ട കർഷക കൂട്ടായ്മാ കോർഡിനേഷൻ മീറ്റിംഗിൽ സംബന്ധിച്ചു. തുടർന്ന് നവീകരണം ധ്യാനം നടക്കുന്ന ചാവറഗിരി, തയ്യേനി, കാവുംതല, ആയന്നൂർ ഇടവകകൾ സന്ദർശിച്ചു.

26 രാവിലെ പാടാംകവല ഇടവകയിൽ ദിവ്യബലിയർപ്പിക്കുകയും തുടർന്നു നടന്ന മീറ്റിംഗിന് അധ്യക്ഷത വഹിക്കുകയും ചെയ്തു. വൈകുന്നേര

ത്തോടെ നവീകരണം ധ്യാനം നടക്കുന്ന കുളിനീർ, ചട്ടമല, വരക്കാട്, തോമാപുരം ഇടവകകൾ സന്ദർശിച്ചു.

27 രാവിലെ അതിരൂപതാ കേന്ദ്രത്തിൽവച്ച് നടന്ന കൂരിയാ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. വൈകുന്നേരം ചിക്കാഗോ രൂപതയിലെ വൈദികർക്കായി നടന്ന ഓൺലൈൻ മീറ്റിംഗിൽ ക്ലാസ്സ് നയിച്ചു.

28 തളിപ്പറമ്പിൽ വച്ച് നടന്ന വൈദിക സമ്മേളനത്തിന് അധ്യക്ഷത വഹിച്ചു. തുടർന്ന് ബയോമൗണ്ടൻ പ്രൊഡ്യൂസർ കമ്പനിയുടെ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

**മാർച്ച് 2023**

01 അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു.

02 രാവിലെ അതിരൂപതാ കേന്ദ്രത്തിൽവച്ച് ഓഡിറ്റർമാരുമായി കൂടിക്കാഴ്ച നടത്തി. ഉച്ചയോടെ കരുവഞ്ചാൽ സെന്റ് ജോസഫ്സ് ഹോസ്പിറ്റലിനു ലഭിച്ച ആംബുലൻസിന്റെ ഫ്ളാഗ് ഓഫ് ചടങ്ങ് നിർവ്വഹിച്ചു. ഉച്ചയ്ക്കുശേഷം പാത്തൻപാറയിൽ ഭൂമി വിണ്ടുകീറിയ സ്ഥലങ്ങൾ സന്ദർശിച്ചു. വൈകുന്നേരം പയ്യാവൂർ ബൈബിൾ കൺവെൻഷനിൽ വചനസന്ദേശം നൽകി. തുടർന്ന് വിളക്കന്നൂരിൽ ബഹു. സെബാസ്റ്റ്യൻ പുളിക്കൽ അച്ചന്റെ സഹോദരി ത്രേസ്യാമ്മ കാഞ്ഞിരക്കാട്ടിനുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

03 അതിരൂപതാ പാസ്റ്ററൽ സെന്ററിൽവച്ച് നടന്ന ദിയാകോണിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽവച്ച് നടന്ന കൂരിയാ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

04 മുളപ്ര ഇടവകാംഗമായ ബഹുമാനപ്പെട്ട ജോസഫ് പൗവ്വത്തച്ചന്റെ മാതാവ് മേരി ജോസഫ് പൗവ്വത്തിന്റെ മൃതസംസ്കാര ശുശ്രൂഷയുടെ ഭവനത്തിലെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. വൈകുന്നേരത്തോടെ മണക്കടവ് ഇടവകയിലുള്ള കിടപ്പുരോഗികളുടെ ഭവന സന്ദർശനം നടത്തി.

05 രാവിലെ കരുവഞ്ചാലിലെത്തി നിര്യാതനായ മോൺ. മാത്യു എം. ചാലിൽ അച്ചനുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. തുടർന്ന് മണക്കടവ് ഇടവകാ സന്ദർശനം നടത്തി.

06 ചെറുപുഴ സി.ജെ. ബിൽഡ്വെയറിന്റെ നവീകരിച്ച ഷോറൂം വെഞ്ചരിച്ചു. ചെമ്പേരിയിൽവച്ച് ബഹു. മോൺ. മാത്യു എം. ചാലിൽ അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കുചേർന്നു.

07 അതിരൂപതാ കേന്ദ്രത്തിൽവച്ച് വിവിധ വൈദികരുമായി കൂടിക്കാഴ്ച നടത്തി.

08 അതിരൂപതാ കേന്ദ്രത്തിൽവച്ച് വിവിധ സന്ദർശകരെ സ്വീകരിച്ചു.

09 കോഴിക്കോട് വച്ച് നടത്തപ്പെട്ട നോർത്ത് മലബാർ എഡ്യുക്കേഷനൽ പോളിസിയുമായി ബന്ധപ്പെട്ട സമ്മേളനത്തിൽ പങ്കെടുത്തു. നവീകരണ ധ്യാനം നടക്കുന്ന അരവഞ്ചാൽ, ഉമ്മർപോയിൽ, പാടിയോട്ടുചാൽ, ചെറുപുഴ ഇടവകകൾ സന്ദർശിച്ചു.

10 എറണാകുളം പി.ഓ.സി യിൽവച്ച് നടത്തപ്പെട്ട മീഡിയാ കമ്മീഷൻ മീറ്റിംഗിൽ മുഖ്യപ്രഭാഷണം നടത്തി. ഒൻപതു മണിയോടെ കൂടിയ പെർമനെന്റ് സിനഡിൽ പങ്കെടുത്തു.

11 പരിയാരം സ്നേഹഗിരി പ്രൊവിൻഷ്യൽ ഹൗസിൽ ദിവ്യബലിയർപ്പിച്ചു. നവീകരണ ധ്യാനം നടക്കുന്ന താബോർ, തിരുമേനി, മുളപ്ര, കോലുവള്ളി ഇടവകകൾ സന്ദർശിച്ചു. തുടർന്ന് വരക്കാട് ഇടവകയിലെ കിടപ്പുരോഗികളുടെ ഭവനങ്ങൾ സന്ദർശിച്ചു.

12 വരക്കാട് ഇടവകാ സന്ദർശനം നടത്തി. നവീകരണ ധ്യാനം നടക്കുന്ന രാജഗിരി, കോഴിച്ചാൽ, ചൂരപ്പടവ്, പുളിങ്ങോം ഇടവകകൾ സന്ദർശിച്ചു.

13 രാവിലെ കരുവഞ്ചാൽ പ്രീസ്റ്റ് ഹോമിൽ മോൺ. മാത്യു ചാലിൽ അച്ചന്റെ അനുസ്മരണാർത്ഥം ദിവ്യബലിയർപ്പിച്ചു. തുടർന്ന് അങ്ങാടിക്കടവ് ഡോൺബോസ്കോ കോളേജിന്റെ വാർഷികം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. വൈകുന്നേരത്തോടെ ശാലോം ടെലിവിഷന്റെ യൂക്യാറ്റ് പ്രോഗ്രാമിൽ പങ്കെടുത്തു.

14 അതിരൂപതാ കേന്ദ്രത്തിൽവച്ച് വിവിധ വൈദികരുമായി കൂടിക്കാഴ്ച നടത്തി. തുടർന്ന് ശാലോം ടെലിവിഷന്റെ യൂക്യാറ്റ് പ്രോഗ്രാമിൽ പങ്കെടുത്തു.

15 രാവിലെ തൊക്കിലങ്ങാടിയിൽവച്ച് നിര്യാതയായ സി. മരീനാ പുളിന്താനത്ത് എസ്.എച്ചിനുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. തുടർന്ന് കുന്നോത്ത് മേജർ സെമിനാരിയിൽ പുതുതായി നിർമ്മിക്കുന്ന ഓഡിറ്റോറിയത്തിന്റെ തറക്കല്ലിടൽ കർമ്മം നിർവ്വഹിച്ചു. പതിനൊന്നു മണിയോടെ അതിരൂപതാ കേന്ദ്രത്തിലെത്തി അതിരൂപതയിൽ സേവനം ചെയ്യുന്ന സന്ന്യസ്ത വൈദികരെ അഭിസംബോധന ചെയ്തു സംസാരിച്ചു. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽ ചേർന്ന കൂരിയാ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

16 ശാലോം ടെലിവിഷന്റെ വലിയ ആഴ്ചയിലെ ധ്യാനപ്രോഗ്രാമിൽ പങ്കെടുത്തു. രാത്രി 9 മണിയോടെ ഓൺലൈനായി കൂടിയ ദീപികയുടെ അപെക്സ് ബോഡി മീറ്റിംഗിൽ പങ്കെടുത്തു.

17 ബത്തേരിയിൽവച്ച് നടത്തപ്പെട്ട വയനാട് ബൈബിൾ കൺവെൻഷനിൽ വചനസന്ദേശം നൽകി. തുടർന്ന് മാനന്തവാടി രൂപതാകേന്ദ്രത്തിൽ സന്ദർശനം നടത്തി. രാത്രിയോടെ കൂടിയ പെർമനെന്റ് സിനഡിൽ പങ്കെടുത്തു.

18 അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. തലശ്ശേരി സേക്രട്ട് ഹാർട്ട് സ്കൂളിന്റെ വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു. തുടർന്ന് ആലക്കോട് വച്ച് എ.കെ.സി.സിയുടെ നേതൃത്വത്തിൽ നടന്ന കർഷക റാലി ഉദ്ഘാടനം ചെയ്തു സംസാരിച്ചു. രാത്രിയോടെ പൊൻമല ഇടവകയിൽ നിര്യാതനായ പാലാക്കുഴിവേലിൽ ജോസഫിനുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

19 രാവിലെ തലശ്ശേരി ജഗന്നാഥ ക്ഷേത്രത്തിൽ ഗുരുകുലം ശതാബ്ദി ആഘോഷം ഉദ്ഘാടനം ചെയ്തു. ഉച്ചയ്ക്കുശേഷം പയ്യാവൂർ ഇടവകയിൽ നിര്യാതനായ കിളിയൻകുന്നേൽ തോമസിന്റെ മൃതസംസ്കാര ശുശ്രൂഷയുടെ ഭവനത്തിലെ കർമ്മങ്ങളിൽ നടത്തി. വൈകുന്നേരം തലശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി.

20 അതിരൂപതാ കേന്ദ്രത്തിൽവച്ച് നടന്ന സാങ്താ മാതാ നഴ്സിംഗ് സ്കൂളിന്റെ മാനേജ്മെന്റ് മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. വൈകുന്നേരം കണ്ണൂരിൽവച്ച് സന്ന്യാസത്തെ അവഹേളിക്കുന്ന കലാസൃഷ്ടികൾക്കെതിരെ നടത്തിയ പ്രതിഷേധ റാലിയിൽ പങ്കെടുത്തു സംസാരിച്ചു. തലശ്ശേരിയിൽവച്ച് വി. യൗസേപ്പിതാവിന്റെ തിരുനാളിനോടനുബന്ധിച്ച് നടത്തിയ ആഘോഷ പരിപാടിയിൽ പങ്കെടുത്തു.

APRIL 2023

# ENGAGEMENTS

## ARCHBISHOP JOSEPH PAMPLANY

| | | | |
|---|---|---|---|
| 01 | | - | Punjab: Mission Stations |
| 02 | | - | Chempanthotty: Forane Retreat |
| 03 | 10.00 am | - | Cathedral: Chrism Mass |
| | 05.00 pm | - | Kallumuthirakkunnu |
| 04 | 09.30 am | - | Cathedral: Diaconate |
| | 04.00 pm | - | Virajpett: Nursing College |
| 05 | 09-12 pm | - | Visitors Day |
| 06-09 | | - | Holy Week service at Cathedral |
| 10 | 04.00 pm | - | Ulickal: Marriage |
| 11 | 06.00 am | - | Champakulam, Alappuzha |
| | 10.30 am | - | Kakkanad: Mount St. Thomas |
| 12 | 09.30 am | - | Kiliyanthara: Vestition - SABS |
| | 02.30 pm | - | Peratta: Church Consecration |
| 13 | 09.30 am | - | Nellickampoil: Vestition - CMC |
| | 03.30 pm | - | Chemperi: Marriage |
| 14 | 06.30 am | - | Chemperi |
| | 04.00 pm | - | Thabore: Parish Jubilee |
| 15 | | - | Engaged |
| 16 | 07-03 pm | - | Pastoral Visit: Thurumbi |
| | 04.00 pm | - | Kanakakkunnu |
| 17 | 09.00 am | - | Ordination: Peratta |
| 18 | 09-12 pm | - | Visitors Day |
| 19 | 09.00 am | - | Thalassery: Minor Seminary |

| | | | |
|---|---|---|---|
| 20 | 09.00 am | - | Kallappally: Church Consecration |
| | 03.00 pm | - | Vellarikkundu: Forane Meeting |
| 21 | 10.00 am | - | Consultors Meeting |
| 22 | 10.00 am | - | Ambalathara: Ashram Blessing |
| | 02.00 pm | - | Vellarikkund: Youth Meet |
| | 03.30 pm | - | Marygiri |
| 23 | | - | Kochi: C News |
| 24 | 09.00 am | - | Ordination: Nellikkutty |
| 25 | 07.00 am | - | Balesugiri: Baptism |
| | 10.00 am | - | Ammamkulam: Parish Hall Blessing |
| | 04.00 pm | - | Chempanthotty: Museum Inauguration |
| 26 | | - | Cathedral: Minor Orders |
| 27 | 09.30 am | - | Peravoor: Vestition - SH |
| | 04.00 pm | - | Major Seminarians Gathering |
| 28 | | - | Visitors Day (Priests) |
| 29 | 07.00 am | - | Chully: Baptism |
| | 10.00 am | - | Malome: OSB Ashram Blessing |
| | 04.00 pm | - | Manippara: Jubilee |
| 30 | | - | Pastoral Visit: Vennakkallu |

**Secretary to the Archbishop**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് ഞറളക്കാട്ട്

### ഫെബ്രുവരി 2023

22 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടന്ന സീറോമലബാർ മതബോധന കമ്മീഷൻ മീറ്റിംഗിൽ പങ്കെടുത്തു.

28 രാവിലെ തളിപ്പറമ്പ് സെൻറ് മേരീസ് ഫൊറോനാ ദേവാലയത്തിൽ വച്ച് ചേർന്ന പ്രസ്ബിറ്ററിയം ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

### മാർച്ച് 2023

05 മോൺ. മാത്യു. എം. ചാലിൽ അച്ചനുവേണ്ടി കരുവഞ്ചാൽ പ്രീസ്റ്റ് ഹോമിലെത്തി പ്രാർത്ഥിച്ചു.

06 ചെമ്പേരി ഇടവകയിൽ മോൺ. മാത്യു. എം. ചാലിൽ അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയുടെ ഭാഗമായി അർപ്പിച്ച വി. കുർബ്ബാനയ്ക്കു മുഖ്യകാർമ്മികത്വം വഹിച്ചു.

08 രാവിലെ എസ്.എ.ബി.എസ് സന്യാസ സമൂഹത്തിന്റെ ചേറ്റംകുന്ന് ജോസ്ഗിരി ഭവനിൽ വി. കുർബ്ബാന അർപ്പിച്ചു.

11 രാവിലെ കുന്നോത്ത് എഫ്.സി.സി കോൺവെന്റിൽ വി. കുർബാന അർപ്പിച്ചു. തുടർന്ന് സാവിയോ ഭവൻ സന്ദർശിച്ചു. കുന്നോത്ത് ഫൊറോനയിലെ മതാധ്യാപകർക്കായുള്ള വിശ്വാസോത്സവ പരിശീലന ക്ലാസ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

12 രാവിലെ കുന്നോത്ത് ഗുഡ്ഷെപ്പേർഡ് മേജർ സെമിനാരിയിൽ വി. കുർബ്ബാന അർപ്പിച്ചു. ഉച്ചയ്ക്ക് ആര്യപ്പറമ്പ് ഇടവകയിൽ മരണമടഞ്ഞ ബേബി മറ്റത്തിനാനിക്കലിന്റെ മൃതസംസ്കാര ശുശ്രൂഷയുടെ ഭവനത്തിലെ കർമ്മങ്ങൾ നടത്തി. വൈകിട്ട് എടൂർ ഇടവകയുടെ നെടുമുണ്ടയിലുള്ള കുരിശുപള്ളിയുടെ ശിലാസ്ഥാപനത്തോടനുബന്ധിച്ച് വി. കുർബ്ബാന അർപ്പിക്കുകയും ശിലാസ്ഥാപനം നടത്തുകയും ചെയ്തു.

15 രാവിലെ 8.30 ന് കുന്നോത്ത് ഗുഡ്ഷെപ്പേർഡ് മേജർ സെമിനാരിയുടെ പുതിയ ഓഡിറ്റോറിയത്തിന്റെ ശിലാസ്ഥാപനത്തോടനുബന്ധിച്ച് അടിസ്ഥാനശിലയുടെ ആശീർവാദം നിർവഹിച്ചു. മരണമടഞ്ഞ എസ്. എച്ച് സന്യാസസമൂഹം അംഗമായ സി. മരീന പുളിന്താനത്തിനുവേണ്ടി തൊക്കിലങ്ങാടി എസ്.എച്ച് കോൺവെന്റ് സന്ദർശിച്ചു പ്രാർത്ഥിച്ചു. വൈകിട്ട് നെല്ലിപ്പാറയിൽ മരണമടഞ്ഞ എൻ.എസ് സന്യാസ സമൂഹാഗംമായ സിസ്റ്റർ സാർലിറ്റിന്റെ പിതാവ് ദേവസ്യയ്ക്കുവേണ്ടി ഭവനം സന്ദർശിച്ച് പ്രാർത്ഥിച്ചു.

18 രാവിലെ 7 മണിക്ക് വായാട്ടുപറമ്പ് ഇടവകയിൽ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാളിനോടനുബന്ധിച്ച് വി. കുർബ്ബാന അർപ്പിച്ചു. വായാട്ടുപറമ്പ് ഇടവകയുടെ നേതൃത്വത്തിൽ നിർമ്മിച്ച മൂന്നു ഭവനങ്ങളുടെ ആശീർവാദകർമ്മം നിർവ്വഹിച്ചു. വൈകിട്ട് 5.45 ന് വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാളിനോടനുബന്ധിച്ച് തലശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ വിശുദ്ധ കുർബ്ബാന അർപ്പിച്ചു.

19 ആര്യപ്പറമ്പ് ഇടവകയുടെ സുവർണ്ണ ജൂബിലി സമാപനത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിക്കുകയും തുടർന്നുള്ള മീറ്റിംഗിൽ പങ്കെടുക്കുകയും ചെയ്തു.

20 തലശ്ശേരിയിൽ വി. യൗസേപ്പിതാവിന്റെ തിരുനാളിനോടനുബന്ധിച്ച് നടത്തിയ ആഘോഷങ്ങളിൽ പങ്കെടുത്തു.

APRIL 2023

# ENGAGEMENTS

## ARCHBISHOP EMERITUS GEORGE NJARALAKATT

| | | | |
|---|---|---|---|
| 01 | 8:30 am | - | Kanichar |
| 02 | 4:30 pm | - | Karthikapuram: Palm Sunday |
| 05 | 11:30 am | - | Kallumutirakunnu: Convention Conclusion |
| 06 | 8:30 am | - | Irrity: Maundy Thursday |
| 07 | 8:00 am | - | Ponmala: Good Friday |
| 08 | 4:30 pm | - | Anapanthi |
| 09 | 7:30 am | - | Madathil: Easter |
| 10 | 10:30 | - | Vimalassery |
| 11 | 4:00 pm | - | Karikkotakari |
| 13 | 11:30 am | - | Kudiyanmala: Bethrotal |
| 15 | 10:30 am | - | Angadikkadavu: Marriage Bangalore |
| 16 | 10:00 am | - | Mathikere, Bangalore: First Holy Communion |
| 20 | 8:30 am | - | Paramba: First Holy Communion |
| 21 | 4:30 pm | - | Mavumchal |
| 22 | 9:00 am | - | Karayathumchal: Ordination |
| | 5:00 pm | - | Peringala |
| 23 | 9:00 am | - | Thabore: First Holy Communion |
| | 4:00 pm | - | Pachani: Marriage |
| 29 | 8:30 am | - | Badhiyadukka: First Holy Communion |
| 30 | 9:30 | - | Kappimala: First Holy Communion |

**Secretary to the Archbishop Emeritus**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് വലിയമറ്റം

**മാർച്ച് 2023**

01 തലശ്ശേരി നസ്രത്ത് കോൺവെന്റിൽ വിശുദ്ധ കുർബ്ബാന അർപ്പിച്ച് സന്ദേശം നൽകി.

03 വിളക്കന്നൂർ ഇടവകാംഗമായ ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ പുളിക്കൽ അച്ചന്റെ സഹോദരി ശ്രീമതി ത്രേസ്യാമ്മ ജോസഫ് കാഞ്ഞിരക്കാടിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പള്ളിയിലെ തിരുകർമ്മങ്ങൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

04 മുളപ്ര ഇടവകാംഗമായ ബഹുമാനപ്പെട്ട ജോസഫ് പൗവ്വത്തച്ചന്റെ മാതാവ് മേരി ജോസഫ് പൗവ്വത്തിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പള്ളിയിലെ തിരുകർമങ്ങൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

05 ഇരിട്ടിയിൽ ഇമ്മാനുവൽ സിൽക്സിന്റെ ഉദ്ഘാടനവും വെഞ്ചിരിപ്പ് കർമവും നടത്തി. വൈകുന്നേരം കരുവഞ്ചാലിൽ എത്തി ബഹുമാന പ്പെട്ട മാത്യു ചാലിൽ അച്ചന്റെ നിത്യശാന്തിക്ക് വേണ്ടി പ്രാർത്ഥിച്ചു.

06 ചെമ്പേരിയിൽ ബഹുമാനപ്പെട്ട മാത്യു ചാലിൽ അച്ചന്റെ മൃതസംസ് കാര ശുശ്രൂഷയിൽ സംബന്ധിച്ചു.

08 തലശ്ശേരി സന്ദേശഭവനിൽ വച്ചുനടന്ന മാസധ്യാനത്തിൽ സംബന്ധിച്ചു.

11 തിരുവമ്പാടി ഇടവകയിൽ നിര്യാതനായ ശ്രീ. മത്തായികുഞ്ഞ് കൊട്ടാര ത്തിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

12 ആര്യപ്പറമ്പ് ഇടവകയിൽ സൺഡേസ്കൂൾ ഹെഡ്മാസ്റ്ററായ ശ്രീ. ബേബി മറ്റത്തിനാനിയുടെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമി കത്വം വഹിച്ചു.

15 ചെറുപുഴയിൽ മദർ തെരേസ എജ്യൂക്കേഷനൽ ഗ്രൂപ്പിന്റെ ഉദ്ഘാടന ത്തിൽ സംബന്ധിച്ച് കെട്ടിടത്തിന്റെ വെഞ്ചിരിപ്പ്കർമം നടത്തി.

വൈകുന്നേരം 4 മണിക്ക് പേരാവൂർ എസ്. എച്ച്. പ്രൊവിൻഷ്യൽ ഹൗസിൽ സി. മെറീന എസ്.എച്ചിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യ കാർമ്മികത്വം വഹിച്ചു.

17 തലശ്ശേരി കത്തീഡ്രൽ ഇടവകയുടെ തിരുനാൾ ആഘോഷത്തിൽ വിശുദ്ധ കുർബ്ബാന അർപ്പിച്ച് സന്ദേശം നൽകി.

18 നെല്ലിപ്പാറ ഇടവകയിൽ നസ്രത്ത് സന്യാസിനി സമൂഹാംഗമായ സി. ഷെർലറ്റിന്റെ പിതാവ് ശ്രീ. ദേവസ്യ കടക്കനാലിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

19 കരുണാപുരം ഇടവകാംഗമായ ബഹുമാനപ്പെട്ട ജോർജ് തെക്കുംചേരി അച്ചന്റെ സഹോദരി ശ്രീമതി അന്നമ്മ തോമസ് കളപ്പുരക്കലിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.